# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

2020 ഫെബ്രുവരി 12, ബുധന്‍

നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങള്‍

**[ആകെ ചോദ്യങ്ങള്‍-334]**

| മറുപടി നല്‍കുന്ന മന്ത്രിമാര്‍ | ചോദ്യ നമ്പര്‍ |
|---|---|
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : 2259 മുതല്‍ 2375 വരെ |
| വ്യവസായവും സ്പോര്‍ട്സും യുവജനകാര്യവും വകുപ്പ് മന്ത്രി | : 2376 മുതല്‍ 2444 വരെ |
| വൈദ്യുതി വകുപ്പുമന്ത്രി | : 2445 മുതല്‍ 2491 വരെ |
| സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി | : 2492 മുതല്‍ 2592 വരെ |

### പുതിയ ഗ്രാന്റ് ഇന്‍ എയ്ഡ് സ്ഥാപനങ്ങള്‍

2259. ശ്രീ.അന്‍വര്‍ സാദത്ത് **:** താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) സാമ്പത്തിക അച്ചടക്കം ഉറപ്പുവരുത്തുന്നതിനും ധനദൃഢീകരണം സാധ്യമാക്കുന്നതിനും പുതിയ ഗ്രാന്റ് ഇന്‍ എയ്ഡ് സ്ഥാപനങ്ങള്‍ അനുവദിക്കുന്നതില്‍ നിയന്ത്രണം ഏര്‍പ്പെടുത്തി 2018-ല്‍ ഉത്തരവ് പുറപ്പെടുവിച്ചിരുന്നോ;

(ബി) പ്രസ്തുത ഉത്തരവിന് ശേഷം പുതിയ ഗ്രാന്റ് ഇന്‍ എയ്ഡ് സ്ഥാപനങ്ങള്‍ ആരംഭിക്കുന്നതിന് അനുമതി നല്‍കിയിട്ടുണ്ടോ; ഉണ്ടെങ്കില്‍ ഏതൊക്കെ സ്ഥാപനങ്ങളെന്നും അതിനുള്ള പ്രത്യേക കാരണമെന്തെന്നും വ്യക്തമാക്കുമോ?

### ബില്‍ ഡിസ്കൗണ്ടിംഗ് സിസ്റ്റം

2260. ശ്രീ.സി.എഫ്.തോമസ്

,, പി.ജെ.ജോസഫ് **:** താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ കരാറുകാരുടെ ബില്ലുകള്‍ക്ക് ബില്‍ ഡിസ്കൗണ്ടിംഗ് സിസ്റ്റം ഏര്‍പ്പെടുത്തിയിട്ടുണ്ടോ; ഏതു കാലയളവ് മുതലുള്ള ബില്ലുകള്‍ക്കാണ് ബി.ഡി.എസ്. ഏര്‍പ്പെടുത്തിയിരിക്കുന്നത്; വിശദാംശങ്ങള്‍ അറിയിക്കാമോ;

(ബി) ബി.ഡി.എസ്.എന്നുമുതലാണ് നടപ്പാക്കാന്‍ ഉദ്ദേശിച്ചിരിക്കുന്നത്; കേരളത്തിലെ എല്ലാ പഞ്ചായത്ത്/ മുനിസിപ്പാലിറ്റികള്‍ക്കും ആയത് ബാധകമാക്കിയിട്ടുണ്ടോ; ഇതു സംബന്ധിച്ച് അതത് സെക്രട്ടറിമാര്‍ക്ക്

നിർദ്ദേശം നൽകിയിട്ടുണ്ടോ എന്നറിയിക്കാമോ;

(സി) ബി.ഡി.എസ് നടപ്പാക്കുന്നതിലൂടെ കരാറുകാർക്ക് ഉണ്ടാകുന്ന നേട്ടം അറിയിക്കാമോ; ബിൽ ഡിസ്കൗണ്ട് ചെയ്യുന്നതിന് എത്ര ശതമാനം പലിശയാണ് നിശ്ചയിച്ചിരിക്കുന്നത്;

(ഡി) ഈ പലിശയുടെ ബാധ്യത ആർക്കാണ്; കരാറുകാർക്ക് പലിശയുടെ അധിക ബാധ്യത ഉണ്ടാക്കാതെ നടപടി സ്വീകരിക്കുമോ; പലിശ സർക്കാർ തന്നെ വഹിക്കാൻ നടപടി സ്വീകരിക്കുമോ;

(ഇ) എത്ര ലക്ഷം രൂപവരെയുള്ള ബില്ലുകളാണ് ബി.ഡി.എസ്.-ൽ ഉൾപ്പെടുത്തിയിരിക്കുന്നത്; അറിയിക്കാമോ?

## സംസ്ഥാനം നേരിടുന്ന സാമ്പത്തിക പ്രതിസന്ധി

2261. ശ്രീ.റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനം നേരിടുന്ന കടുത്ത സാമ്പത്തിക പ്രതിസന്ധി കണക്കിലെടുത്ത് വികസന പദ്ധതികളിൽ ഇതിനകം തുടക്കമിട്ടിട്ടില്ലാത്തവ തൽക്കാലം നീട്ടിവച്ച് പ്രതിസന്ധി മറികടക്കുന്ന കാര്യം സർക്കാർ പരിഗണിക്കുന്നുണ്ടോ; എങ്കിൽ പ്രഖ്യാപിച്ചതും, ഇതിനകം തുടക്കമിട്ടിട്ടില്ലാത്തതുമായ ഏതൊക്കെ വികസന പദ്ധതികളാണ് നീട്ടി വെയ്ക്കുവാൻ ആലോചിക്കുന്നതെന്ന് വിശദമാക്കാമോ?

## വളാഞ്ചേരി ഫയർ സ്റ്റേഷന്റെ നിർമ്മാണം

2262. പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വളാഞ്ചേരി ഫയർ സ്റ്റേഷന്റെ നിർമ്മാണം സംബന്ധിച്ച പ്രൊപ്പോസലിന് ധനവകുപ്പ് അംഗീകാരം നൽകിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ബി) വളാഞ്ചേരി ഫയർസ്റ്റേഷന് 2017-2018, 2018-19, 2019-20 വർഷങ്ങളിൽ ബഡ്ജറ്റ് പ്രൊവിഷൻ ഉണ്ടായിരുന്നുവോ; എങ്കിൽ എത്ര തുകയെന്ന് വ്യക്തമാക്കുമോ;

(സി) തുക നീക്കി വെച്ചിട്ടുണ്ടെങ്കിൽ പ്രവൃത്തി ആരംഭിക്കുന്നതിനുള്ള അനുമതി ധനവകുപ്പ് നൽകാത്തത് എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) ധനവകുപ്പ് ബഡ്ജറ്റ് വിഭാഗം ഫയൽ പരിശോധിച്ചിട്ടുണ്ടോ; ഫയലിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഇ) ഫയർസ്റ്റേഷന്റെ നിർമ്മാണം ആരംഭിക്കുവാൻ ആവശ്യമായ അനുമതി ധനവകുപ്പ് നൽകുമോ; വ്യക്തമാക്കുമോ?

## ആറ്റുതീരം/തോട്ടുതീരം സംരക്ഷണം

2263. ശ്രീ.കെ.യു. ജനീഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-2020 സാമ്പത്തിക വർഷത്തിൽ കോന്നി നിയോജകമണ്ഡലത്തിൽ ആറ്റുതീരം/തോട്ടുതീരം സംരക്ഷിക്കുന്നതിനായി മേജർ/മൈനർ ഇറിഗേഷൻ വകുപ്പുകൾക്ക് എത്ര തുക വീതം അനുവദിച്ചു എന്ന് അറിയിക്കാമോ;

(ബി) ഇതിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ട് എന്ന് അറിയിക്കാമോ;

(സി) കോന്നി നിയോജകമണ്ഡലത്തിൽ ആറുകളുടെയും തോടുകളുടെയും കരയിടിഞ്ഞ് ഭൂമി നഷ്ടമാകുന്നത് പരിഹരിക്കുന്നതിനായി മേജർ/മൈനർ ഇറിഗേഷൻ വകുപ്പുകൾക്ക് ആവശ്യമായ ഫണ്ട് അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ?

## പ്രളയാനന്തര പുനർ നിർമ്മാണം

2264. **ശ്രീ.ഐ.സി.ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയാനന്തര പുനർ നിർമ്മാണത്തിന് എന്ത് തുക ആവശ്യമായി വരുമെന്നാണ് കണക്കാക്കുന്നത്;

(ബി) ഇതിനകം എന്ത് തുക ഇക്കാര്യത്തിനായി സമാഹരിക്കുവാൻ കഴിഞ്ഞു; ഏതൊക്കെ മേഖലകളിൽ നിന്നാണ് പ്രസ്തുത തുക സമാഹരിച്ചിരിക്കുന്നത്;

(സി) ലോകബാങ്കിൽ നിന്നും ഇതിനകം എന്തു തുക ലഭിച്ചു; പ്രസ്തുത തുക വകമാറ്റി ചെലവഴിക്കേണ്ട സാഹചര്യം ഉണ്ടായിട്ടുണ്ടോ; വിശദമാക്കുമോ?

## പ്രളയദുരന്തം

2265. **ശ്രീ.പി. ഉണ്ണി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ലേയും 2019-ലേയും മഹാപ്രളയം മൂലം സംസ്ഥാനത്തിന് എത്ര തുകയുടെ നാശനഷ്ടങ്ങൾ ഉണ്ടായി ; വിശദമാക്കാമോ;

(ബി) പ്രസ്തുത ദുരന്തം അതിജീവിക്കുന്നതിനായി ഏതെല്ലാം രീതിയിലാണ് ധനശേഖരണം നടത്തിയത്; വിശദാംശം നൽകാമോ;

(സി) ദുരന്താതിജീവനത്തിന്റെ ഭാഗമായി ഏതെല്ലാം വകുപ്പുകൾക്ക് എത്ര തുക വീതം അനുവദിച്ചു എന്ന് വിശദമാക്കാമോ?

## വ്യാപാരികൾക്കായി പങ്കാളിത്ത പെൻഷൻ പദ്ധതി

2266. **ശ്രീമതി.പി. അയിഷാ പോറ്റി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യാപാരികൾക്കായി പ്രഖ്യാപിച്ച പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ നിലവിൽ എത്രപേർ അംഗങ്ങളായിട്ടുണ്ട് എന്ന വിവരം നൽകുമോ;

(ബി) സംസ്ഥാനത്ത് പ്രസ്തുത പദ്ധതിയുടെ ഗുണഫലം വ്യാപാരികൾക്ക് ലഭ്യമാക്കിത്തുടങ്ങിയിട്ടുണ്ടോ

എന്നതിന്റെ വിവരം നൽകുമോ?

## റീ ബിൽഡ് കേരള പദ്ധതി

2267. ശ്രീ.കെ.സി.ജോസഫ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീ ബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി കണ്ണൂർ ജില്ലയിൽ ഏതെല്ലാം പ്രവൃത്തികളാണ് ചെയ്യുവാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ;

(ബി) ഇതിന്റെ നടപടികൾ ഏതു ഘട്ടത്തിലാണ്;

(സി) ഇരിട്ടി-ഉളിക്കൽ-മാട്ടറ-അമർകാലാങ്കി റോഡ് റീ ബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തുവാനുള്ള നിർദ്ദേശം പരിഗണിക്കുമോ?

## കാരുണ്യ ചികിൽസാ പദ്ധതി

2268. ശ്രീ.മോൻസ് ജോസഫ്

,, പി.ജെ.ജോസഫ്

,, സി.എഫ്.തോമസ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ ഗുണഭോക്താക്കൾക്ക് തുടർ ചികിത്സയ്ക്കായി ചികിത്സാ കാർഡ് ഏർപ്പെടുത്താൻ നടപടി സ്വീകരിക്കാമോ;

(ബി) മാരക രോഗങ്ങൾക്ക് അടിപ്പെടുന്നവർക്ക് പ്രസ്തുത പദ്ധതി പ്രകാരം ചികിത്സയ്ക്കായി സ്വകാര്യ ആശുപത്രികളെ സമീപിക്കാമോ; ഹീമോഫീലിയ, കാൻസർ എന്നിവയുടെ ചികിത്സയ്ക്കും ഡയാലിസിസിനും കാരുണ്യ ചികിത്സാ പദ്ധതിയിൽ നൽകുന്ന സൗജന്യങ്ങൾ വ്യക്തമാക്കാമോ;

(സി) 2020 മാർച്ച് 31നു ശേഷം കാരുണ്യ ചികിത്സാ പദ്ധതിയുടെ ആനുകൂല്യങ്ങൾ തുടരുമോയെന്ന് അറിയിക്കാമോ?

## ആലത്തൂർ നിയോജകമണ്ഡലത്തിൽ അനുവദിച്ച പദ്ധതികൾ

2269. ശ്രീ.കെ.ഡി. പ്രസേനൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ വാർഷിക ബജറ്റുകളിൽ നിന്നും ആലത്തൂർ നിയോജകമണ്ഡലത്തിൽ അനുവദിച്ച പദ്ധതികളിൽ ഓരോ പദ്ധതിക്കും അനുവദിച്ച തുക എത്ര വീതമെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ പുരോഗതി റിപ്പോർട്ട് നൽകാമോ?

## ദേശീയ ദുരന്ത നിവാരണ ഫണ്ടിൽ നിന്നും ലഭ്യമായ തുക

2270. ശ്രീ.ടി.ജെ. വിനോദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ദേശീയ ദുരന്ത നിവാരണ ഫണ്ടിൽ നിന്നും ഓരോ സാമ്പത്തിക വർഷവും എന്ത് തുക ലഭ്യമായി;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഓരോ വർഷവും എന്ത് തുക ഈ ഫണ്ടിൽ നിന്നും ചെലവഴിച്ചു;

(സി) നിലവിൽ സംസ്ഥാന ദുരന്ത പ്രതിരോധ നിധിയിൽ എന്ത് തുക ബാക്കിയുണ്ട്; വ്യക്തമാക്കുമോ?

<u>ക്ഷേമ-വികസനമേഖലകളിൽ ചെലവഴിച്ച തുക</u>

2271. ശ്രീ.എ. എൻ. ഷംസീർ
,, ജോർജ് എം. തോമസ്
ശ്രീമതി.പി. അയിഷാ പോറ്റി
ശ്രീ.സി.കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാർ സൃഷ്ടിച്ച സാമ്പത്തിക പ്രതിസന്ധിക്കിടയിലും സംസ്ഥാനത്ത് വികസനമേഖലയിൽ കഴിഞ്ഞ സർക്കാർ ചെലവഴിച്ചതിലും കൂടുതൽ തുക ചെലവിടാൻ കഴിഞ്ഞിട്ടുണ്ടോ; വിശദമായ കണക്ക് ലഭ്യമാക്കാമോ;

(ബി) സർക്കാരിന്റെ ചെലവിലുള്ള വർദ്ധനയും അതിന്റെ ഗുണമേന്മയും കഴിഞ്ഞ സർക്കാരിന്റെ കാലവുമായി താരതമ്യപ്പെടുത്തി അറിയിക്കാമോ;

(സി) ക്ഷേമ-വികസന പ്രവർത്തനങ്ങൾക്കുള്ള ചെലവിൽ കുറവ് വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) മൂലധന നിക്ഷേപം, സാമൂഹ്യസുരക്ഷ, ക്ഷേമപെൻഷൻ എന്നിവയ്ക്കായി ഈ സർക്കാർ ചെലവഴിച്ച തുകയെത്രയെന്നും കഴിഞ്ഞ സർക്കാർ ഈ ഇനങ്ങളിൽ ചെലവഴിച്ചത് എത്ര തുകയായിരുന്നുവെന്നും അറിയിക്കാമോ;

(ഇ) പാവപ്പെട്ടവരുടെ ക്ഷേമത്തിനായുള്ള തുക കുടിശ്ശികയാക്കാതെ ലഭ്യമാക്കിയിരുന്നോ; വ്യക്തമാക്കുമോ?

<u>സാമ്പത്തിക അച്ചടക്കം പാലിക്കുന്നതിനുള്ള നടപടികൾ</u>

2272. ശ്രീ.ആർ. രാമചന്ദ്രൻ
,, കെ. രാജൻ
,, ഇ.ടി. ടൈസൺ മാസ്റ്റർ
ശ്രീമതി സി.കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള സാമ്പത്തിക ഞെരുക്കത്തിന്റെ യഥാർത്ഥ കാരണങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) സംസ്ഥാനത്ത് നികുതി വരുമാനത്തിൽ ഉണ്ടാകുന്ന ചോർച്ച ഏതൊക്കെ വിധത്തിലാണെന്നും

ആയത് കണ്ടെത്തി പരിഹരിക്കുന്നതിനുമുള്ള ശ്രമങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ;

(സി) അനാവശ്യ ചെലവുകളും ധൂർത്തും ഒഴിവാക്കി സാമ്പത്തിക അച്ചടക്കം പാലിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ;

(ഡി) സാമ്പത്തിക അച്ചടക്കത്തിന്റെ ഭാഗമായി സർക്കാർ സർവ്വീസിലെ കാലഹരണപ്പെട്ട തസ്തികകൾ കണ്ടെത്തുന്നതിനുള്ള ശ്രമങ്ങൾ നടത്തുന്നുണ്ടോ; വ്യക്തമാക്കുമോ;

(ഇ) ഇത്തരം തസ്തികകളിലേയ്ക്കുള്ള നിയമനങ്ങൾ നിർത്തിവയ്ക്കുന്നതിനും ഈ തസ്തികകളിൽ നിലവിലുള്ള ജീവനക്കാരെ പുനർവിന്യസിക്കുന്നതിനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

<u>പ്രളയാനന്തര പുനർ നിർമ്മാണത്തിന് ലോകബാങ്ക് സഹായം</u>

2273. ശ്രീ.എ.പി. അനിൽ കുമാർ

,, അനിൽ അക്കര

,, വി.ടി.ബൽറാം

,, വി.പി.സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയാനന്തര പുനർ നിർമ്മാണത്തിന് ലോകബാങ്ക് സാമ്പത്തിക സഹായം ലഭ്യമാക്കിയിട്ടുണ്ടോ; ഇതിനകം ലഭിച്ച തുക ഏതൊക്കെ മേഖലകളിലെ പുനർ നിർമ്മാണത്തിനാണ് വിനിയോഗിച്ചത്; വിശദാംശം നൽകുമോ;

(ബി) പുനർ നിർമ്മാണത്തിനുള്ള രണ്ടാം ഗഡു വായ്പ ലോകബാങ്കിൽ നിന്നും എന്നത്തേക്ക് ലഭ്യമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(സി) ഇതിന്റെ ഭാഗമായി സംസ്ഥാനത്തിന്റെ പൊതു ധനകാര്യ രംഗം പരിഷ്കരിക്കുന്നത് സംബന്ധിച്ച് ലോകബാങ്ക് എന്തെങ്കിലും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) പുനർനിർമ്മാണ പദ്ധതി കാലയളവിൽ സംസ്ഥാനത്തെ സാമ്പത്തിക രംഗത്തെക്കുറിച്ച് തുടരെ പഠിക്കുന്നതിനും ധനവകുപ്പുമായി ചേർന്ന് പ്രത്യേക സംഘം പ്രവർത്തിക്കുന്നതിനും ലോക ബാങ്ക് തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

<u>കരാറുകാർക്കുള്ള കുടിശ്ശിക തുക</u>

2274. ശ്രീ.അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ വകുപ്പുകളിലായി കരാറുകാർക്ക് കൊടുക്കുവാൻ കുടിശ്ശികയായ തുക എത്രയാണെന്ന് വകുപ്പ്/സ്ഥാപനം/ഏജൻസി തിരിച്ച് അറിയിക്കുമോ;

(ബി) സംസ്ഥാനത്തൊട്ടാകെ നിലവിൽ ഏറ്റവും കൂടുതൽ തുക കരാറുകാർക്ക് നൽകാൻ കുടിശ്ശികയായ വകുപ്പ്/സ്ഥാപനം ഏതാണെന്നറിയിക്കുമോ;

(സി) കുടിശ്ശിക തുക കരാറുകാർക്ക് നല്കാനായി ബിൽ ഡിസ്കൗണ്ടിംഗ് രീതി നടപ്പാക്കാൻ ഉത്തരവായിട്ടുണ്ടോ; എങ്കിൽ നാളിതുവരെ എത്ര തുക ഓരോ വകുപ്പിലും/സ്ഥാപനത്തിലും

കുടിശ്ശികയായി കരാറുകാർക്ക് നല്കിയിട്ടുണ്ട്; ബന്ധപ്പെട്ട ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

<u>ജി.എസ്.ടി നഷ്ടപരിഹാരം</u>

2275\. **ശ്രീ.കെ.സി.ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. യുടെ നഷ്ടപരിഹാരമായി എത്ര കോടി രൂപയാണ് സംസ്ഥാനത്തിന് അർഹതയുള്ളതെന്നും ഇതിൽ എത്രകോടി നാളിതുവരെ ലഭ്യമായെന്നും അറിയിക്കുമോ;

(ബി) ജി.എസ്.ടി. നടപ്പിലായപ്പോൾ സംസ്ഥാനത്തിന്റെ നികുതി വരുമാനത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രകോടി രൂപ മുൻ വർഷങ്ങളെ അപേക്ഷിച്ച് അധികമായി ലഭിച്ചു;

(സി) ജി.എസ്.ടി. ഘടനയിൽ ഏന്തെല്ലാം മാറ്റങ്ങളാണ് കേരളം നിർദ്ദേശിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ?

<u>നികുതി പിരിവ്</u>

2276\. **ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നികുതി പിരിവിൽ 30 ശതമാനം വർദ്ധനവ് ഉണ്ടാക്കുവാൻ സാധിക്കുമെന്ന് 2019-20ലെ ബഡ്ജറ്റ് പ്രസംഗത്തിൽ സൂചിപ്പിച്ചിരുന്നോയെന്ന് അറിയിക്കുമോ;

(ബി) ഏതെല്ലാം മാർഗ്ഗങ്ങളാണ് ഈ ലക്ഷ്യം നേടുവാൻ സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ;

(സി) മേൽ വർദ്ധനവ് കൈവരിക്കുവാൻ സാധിച്ചിട്ടുണ്ടോ; എത്ര ശതമാനമാണ് നിലവിലെ വർദ്ധനവെന്ന് വ്യക്തമാക്കുമോ;

(ഡി) ലക്ഷ്യം കൈവരിക്കുവാൻ സാധിച്ചിട്ടില്ലായെങ്കിൽ അതിനുള്ള കാരണങ്ങൾ എന്താണെന്ന് വ്യക്തമാക്കുമോ?

<u>കേന്ദ്ര നികുതിവരുമാന വിഭജനം</u>

2277\. **ശ്രീ.കെ.ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പതിനാലാം ധനകാര്യ കമ്മീഷൻ ശുപാർശ പ്രകാരം കേന്ദ്ര നികുതി വരുമാന വിഭജനം വഴി നികുതി വിഹിതത്തിന്റെ എത്ര ശതമാനമാണ് സംസ്ഥാനങ്ങൾക്ക് ലഭിക്കേണ്ടത്; വ്യക്തമാക്കുമോ;

(ബി) അതുപ്രകാരം ഈ സർക്കാർ കാലയളവിൽ സംസ്ഥാനത്തിന് ലഭ്യമാകേണ്ട തുക എത്ര; അതിൽ എത്ര ലഭ്യമായി; വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) സംസ്ഥാനങ്ങൾക്ക് നികുതിയിനത്തിൽ ഇത്രയും തുക നൽകേണ്ടതില്ലെന്ന നിലപാട് കേന്ദ്ര സർക്കാർ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ അക്കാര്യം സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ഡി) പതിനഞ്ചാം ധനകാര്യ കമ്മീഷൻ ശുപാർശ പ്രകാരം നിലവിൽ സംസ്ഥാനങ്ങൾക്ക് ലഭ്യമാക്കുന്ന

നികുതി വിഹിതത്തിൽ കുറവ് വരുത്തുന്നതിന് ശ്രമിക്കുന്നുണ്ടോ; എങ്കിൽ ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ഇ) ഈ സർക്കാർ കാലയളവിൽ ഓരോ വർഷവും സംസ്ഥാനത്തിന് ലഭ്യമാകേണ്ട കേന്ദ്ര നികുതി വിഹിതം എത്ര; വിശദമാക്കുമോ;

(എഫ്) ജി.എസ്.ടി. വരുമാനത്തിലെ നഷ്ടപരിഹാരം എത്ര; എത്ര ലഭ്യമായി; വിശദാംശം ലഭ്യമാക്കുമോ?

## ആംനസ്റ്റി പദ്ധതി

2278. ശ്രീ.വി.എസ്.ശിവകുമാർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച ആംനസ്റ്റി പദ്ധതി വിജയപ്രദമായിരുന്നോയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിലൂടെ ലക്ഷ്യമിട്ടിരുന്ന തുക എത്രയായിരുന്നുവെന്നും ലഭിച്ച തുക എത്രയാണെന്നും വെളിപ്പെടുത്താമോ?

## ആംനസ്റ്റി സ്കീമുകൾ

2279. ശ്രീ.അനിൽ അക്കര **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ നികുതി കുടിശ്ശികകൾ പിരിച്ചെടുക്കുവാൻ 2019-20ൽ വിവിധ ആംനസ്റ്റി സ്കീമുകൾ പ്രഖ്യാപിച്ചിരുന്നോയെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത സ്കീമുകൾ നടപ്പിലാക്കുന്നതിലൂടെ എന്ത് തുകയാണ് പ്രതീക്ഷിച്ചതെന്നും ഇതിനകം എന്ത് തുക ലഭിച്ചുവെന്നും വെളിപ്പെടുത്താമോ;

(സി) പ്രതീക്ഷിച്ച തുകയിൽ കുറവുണ്ടായിട്ടുണ്ടോയെന്നും എങ്കിൽ അതിന്റെ കാരണമെന്താണെന്നും വ്യക്തമാക്കാമോ?

## കേന്ദ്രത്തിൽ നിന്നും സംസ്ഥാനത്തിന് ലഭിക്കേണ്ട നികുതി വിഹിതം

2280. ശ്രീ.പി.കെ. ശശി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20 സാമ്പത്തിക വർഷത്തിൽ കേന്ദ്രത്തിൽ നിന്നും സംസ്ഥാനത്തിന് നികുതി വരുമാന വിഹിതമായി എത്ര തുകയാണ് ലഭിക്കേണ്ടിയിരുന്നത് എന്ന് അറിയിക്കാമോ;

(ബി) ഇതിൽ എത്ര തുക ഇനിയും ലഭിക്കാനുണ്ട് എന്നറിയിക്കാമോ;

(സി) സംസ്ഥാനത്തിന് ലഭിക്കാനുള്ള കുടിശ്ശിക തുക എപ്പോൾ ലഭിക്കും എന്നാണ് പ്രതീക്ഷിക്കുന്നത് എന്ന് അറിയിക്കാമോ?

റിയൽ എസ്റ്റേറ്റ് മേഖലയിലെ നികുതി വെട്ടിപ്പ്

2281. ശ്രീ.കെ.ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റിയൽ എസ്റ്റേറ്റ് മേഖലയുമായി ബന്ധപ്പെട്ട നികുതി വെട്ടിപ്പ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് തടയുവാനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത മേഖലയിലെ കള്ളപ്പണത്തിന്റെ നിക്ഷേപങ്ങളും സർക്കാരിന് അതുമൂലം ലഭ്യമാകേണ്ട വരുമാനത്തിൽ കുറവുണ്ടാകുന്നതും റിയൽ എസ്റ്റേറ്റ് നിക്ഷേപകർ വാങ്ങുന്ന വസ്തു വില്പന നടത്തി കൂടുതൽ ലാഭമുണ്ടാക്കുമ്പോൾ ലഭിക്കുന്ന ലാഭത്തിന് നികുതി നല്കാതെ സർക്കാരിനെ കബളിപ്പിയ്ക്കുന്നതും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഡിവിഡന്റ് വിതരണ നികുതി വാങ്ങുന്ന വ്യക്തികളിലാക്കി കബളിപ്പ നടത്തുന്നതും ദീർഘകാല മൂലധന നേട്ട നികുതി /ഹ്രസ്വകാല മൂലധനനേട്ട നികുതി നൽകാതെ സർക്കാരിന്റെ വരുമാന സ്രോതസ്സുകൾ അപഹരിയ്ക്കുന്നവരും ഉൾപ്പെട്ടവർ സംസ്ഥാനത്ത് പ്രവർത്തിയ്ക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ഡി) ഈ സർക്കാർ കാലയളവിൽ ഓരോവർഷവും നികുതി വെട്ടിപ്പ് നടത്തിയവരെ കണ്ടെത്തി മാതൃകാപരമായ ശിക്ഷ ഉറപ്പ വരുത്താനും സംസ്ഥാനത്തിന് ലഭ്യമാക്കേണ്ട നികുതി തുക അവരിൽ നിന്നും ഈടാക്കുന്നതിനുമായി നടത്തിയ പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ?

വാർഷിക പദ്ധതിയിലെ വെട്ടിക്കുറവ്

2282. ശ്രീ.മോൻസ് ജോസഫ്

,, പി.ജെ.ജോസഫ്

,, സി.എഫ്.തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമ്പത്തിക പ്രതിസന്ധിയെത്തുടർന്ന് സംസ്ഥാനത്തിന്റെ അടുത്ത വാർഷിക പദ്ധതി ഗണ്യമായി വെട്ടിക്കുറച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) വായ്പാ പരിധി ഉയർത്താത്തതും കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വിഹിതം കിട്ടുന്നതിലെ കാലതാമസവും വിശദീകരിക്കാമോ?

സാമ്പത്തിക പ്രതിസന്ധി

2283. ശ്രീ.റോജി എം. ജോൺ

,, വി.എസ്.ശിവകുമാർ

,, എൽദോസ് പി. കുന്നപ്പിള്ളിൽ

,, ഐ.സി.ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം

മറുപടി നൽകുമോ:

(എ) സംസ്ഥാനം അതീവഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയിലാണെന്നും ശമ്പളം ഉൾപ്പെടെയുള്ളവ മുടങ്ങുന്ന നിലയിലേക്കാണ് ധനസ്ഥിതി നീങ്ങുന്നത് എന്നതും വസ്തുതയല്ലേ;

(ബി) സാമ്പത്തിക പ്രതിസന്ധി സർക്കാരിന്റെ വികസന പ്രവർത്തനങ്ങളെ നിശ്ചലമാക്കുന്ന സാഹചര്യം ഉണ്ടായിട്ടുണ്ടോ;

(സി) തദ്ദേശസ്ഥാപനങ്ങളുടെ പദ്ധതി വിഹിതം വെട്ടിക്കുറച്ചിട്ടുണ്ടോ എങ്കിൽ എത്ര ശതമാനം?

സാമ്പത്തിക പ്രതിസന്ധി നേരിടുന്നതിന് നടപടി

2284. ശ്രീ.പി.കെ.ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം അഭിമുഖീകരിക്കുന്ന ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി നേരിടുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്; വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തിന്റെ വായ്പാ പരിധിയിൽ കേന്ദ്ര സർക്കാർ എന്തെങ്കിലും ക്രമീകരണം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി മൂലം എന്തെല്ലാം പ്രവൃത്തികളാണ് വെട്ടിച്ചുരുക്കേണ്ടി വന്നിട്ടുള്ളത്; വ്യക്തമാക്കുമോ;

(ഡി) കരാറുകാരുടെ ബിൽ തുകയിൽ എത്ര മാസത്തെ കുടിശ്ശികയുണ്ട്; ഇവ കൊടുക്കാനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്?

നാണ്യപ്പെരുപ്പത്തിന്റെ തോത്

2285. ശ്രീ.കെ.ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കാലയളവിലെ ഉപഭോക്തൃ വില സൂചിക അടിസ്ഥാനമാക്കിയുള്ള നാണ്യപ്പെരുപ്പത്തിന്റെ തോത് ഓരോ വർഷവും എത്ര എന്നും ആയത് ആർ.ബി.ഐ. നിഷ്കർഷിച്ചത് എത്ര എന്നും വർഷം തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത നാണ്യപ്പെരുപ്പത്തിനുള്ള കാരണങ്ങൾ എന്തെല്ലാം എന്ന് പരിശോധിച്ചുവോ; എങ്കിൽ എന്തെല്ലാം എന്നും ആയതിനുണ്ടാക്കിയ പരിഹാരമാർഗ്ഗങ്ങൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ കാലയളവിൽ ഓരോ വർഷവും നിത്യോപയോഗ സാധനങ്ങൾക്കുൾപ്പെടെയുണ്ടായ വിലവർദ്ധനവ് വ്യക്തമാക്കുന്നതോടൊപ്പം ആയതിനുണ്ടായ കാരണം കണ്ടെത്തി അതു തടയുവാനും സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്താനും സ്വീകരിച്ചു വരുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാം എന്ന് വിശദമാക്കുമോ;

(ഡി) നാണ്യപ്പെരുപ്പം തടയുവാനും അവശ്യവസ്തുക്കൾ മിതമായ നിരക്കിൽ ലഭ്യമാക്കാനും പ്രതികൂല കാലാവസ്ഥ കൊണ്ട് കഷ്ടപ്പെടുന്ന കർഷകർക്ക് സഹായം ഉറപ്പുവരുത്താനും സ്വീകരിച്ചു വരുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ?

കിഫ്ബി വഴി നടപ്പിലാക്കുന്ന പദ്ധതി

2286. ശ്രീ.മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി വഴി നടപ്പിലാക്കുന്ന പദ്ധതികളിൽ വ്യാപകമായ അഴിമതിയും ക്രമക്കേടുകളും ഉണ്ടാകുന്നുണ്ടെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ക്രമക്കേടുകൾ കാരണം എന്തെല്ലാം പദ്ധതികളുടെ നടപടിക്രമങ്ങളാണ് റദ്ദ് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇത്തരം ക്രമക്കേടുകൾ കാരണം അഴിമതി തടയുന്നതിന് ഓംബുഡ്സ്മാനെ നിയമിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ ഏത് രീതിയിലാണ് പരാതി തീർപ്പാക്കലിന് സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളത്; വ്യക്തമാക്കുമോ;

(സി) ഓംബുഡ്സ്മാന്റെ ഓഫീസ് പ്രവർത്തനത്തിന് പ്രതിവർഷം ആകെ എത്ര രൂപ ചെലവ് വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; ഇതിനായി എത്ര തസ്തികകൾ ഏതെല്ലാം രീതിയിലാണ് സൃഷ്ടിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

കിഫ്ബി പദ്ധതി

2287. ശ്രീ.കെ.വി.വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019 ഡിസംബർ 31 വരെ കിഫ്ബി മുഖേന എത്ര കോടി രൂപയുടെ ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്; ഇതിൽ ഇക്കാലയളവുവരെ എത്ര കോടി രൂപയുടെ ചെലവ് വന്നിട്ടുണ്ട്; വിശദവിവരം നൽകുമോ;

(ബി) കിഫ്ബി പദ്ധതികൾക്ക് സ്ഥലം ഏറ്റെടുക്കേണ്ട സാഹചര്യം വന്നാൽ ആയതുകൂടി പരിഗണിച്ച് തുക നൽകുമോ; വിശദവിവരം നൽകുമോ?

പ്രവാസി ബോണ്ട്

2288. ശ്രീ.കെ.സി.ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസി ചിട്ടിയിൽ ഇതിനോടകം എത്രപേർ അംഗങ്ങളായെന്നും ഇവരുടെ പങ്കാളിത്തത്തിന്റെ വിശദാംശങ്ങളും വെളിപ്പെടുത്തുമോ;

(ബി) പ്രവാസി ബോണ്ടിൽ ഇതിനോടകം എത്രയാളുകൾ അംഗങ്ങളായെന്ന് നിക്ഷേപമായി എത്ര കോടി ലഭ്യമായെന്നും അറിയിക്കുമോ;

(സി) ഇങ്ങനെ ലഭ്യമായ തുകയിൽ എത്രകോടി രൂപ കിഫ്ബിക്ക് കൈമാറിയെന്ന് അറിയിക്കുമോ?

സംയുക്ത സംരംഭത്തിനുള്ള മാനദണ്ഡങ്ങൾ

2289. ശ്രീ. എൻ .എ.നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ എത്രകോടി രൂപയ്ക്കു മുകളിലുള്ള പൊതുമരാമത്ത് പ്രവൃത്തികൾക്കാണ് സംയുക്ത സംരംഭം സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) കിഫ്ബിയിൽ എത്രകോടി രൂപയ്ക്കു മുകളിലുള്ള പ്രവൃത്തികൾക്കാണ് സംയുക്ത സംരംഭം സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഇതു രണ്ടിനും ഒരേ മാനദണ്ഡമാക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(ഡി) കിറ്റ്കോയ്ക്ക് എത്ര കിഫ്ബി പദ്ധതികൾ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; പൊതുമരാമത്ത് വകുപ്പ് സംവിധാനം നിലവിലിരിക്കെ ഇത്തരം സ്ഥാപനങ്ങൾക്ക് എന്തിനാണ് കരാർ നൽകുന്നതെന്ന് വ്യക്തമാക്കാമോ?

<u>കിഫ്ബിയുടെ ധനസമാഹരണം</u>

2290. ശ്രീ.ടി.ജെ. വിനോദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയുടെ ധനസമാഹരണാർത്ഥം വിവിധ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും ധനസഹായം വാങ്ങിയിട്ടുണ്ടോ;

(ബി) എന്ത് തുകയാണ് ഇപ്രകാരം ലഭ്യമായതെന്നും അതിന്റെ പലിശ നിരക്ക് എത്രയെന്നും വ്യക്തമാക്കുമോ;

(സി) ലഭ്യമായ ടേം ലോണുകളുടെ പലിശക്ക് മൊറൊട്ടോറിയം അനുവദിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) മസാല ബോണ്ട് വഴി കിഫ്ബിക്ക് ലഭിച്ച തുകയുടെ പലിശ ഉൾപ്പെടെയുള്ള തുക അടുത്ത സർക്കാരിന്റെ കാലയളവിൽ തിരിച്ചടക്കേണ്ടതുണ്ടോ; എങ്കിൽ എന്ത് തുകയാണ് അപ്രകാരം അടയ്ക്കേണ്ടിവരുന്നത്;

(ഇ) മസാല ബോണ്ട് പോലുള്ള കൂടുതൽ ബോണ്ടുകൾ കിഫ്ബിയുടെ ധനസമാഹരണത്തിനായി പുറത്തിറക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

<u>കിഫ്ബിയിലെ ഇന്റേണൽ ആഡിറ്റ് സംവിധാനം</u>

2291. ശ്രീ.എ.പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയിൽ ഇന്റേണൽ ആഡിറ്റ് സംവിധാനം നിലവിലുണ്ടോ; കിഫ്ബി നിലവിൽ കൈകാര്യം ചെയ്യുന്ന പ്രവൃത്തികളുടെ ബാഹുല്യം പരിഗണിക്കുമ്പോൾ അത് പര്യാപ്തമാണോ; ഇത് ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) കിഫ്ബിയിലെ നിക്ഷേപകരുടെ താല്പര്യം കണക്കിലെടുത്ത് ആഡിറ്റിനായി എന്തെങ്കിലും പുതിയ സംവിധാനം ഒരുക്കിയിട്ടുണ്ടോ;

(സി) സി & എ.ജി.യെ പോലുള്ള ശക്തമായ ആഡിറ്റ് സംവിധാനം സി & എ.ജി. ഡി.പി.സി. ആക്ടിലെ

വകുപ്പ് 20(2) പ്രകാരം കിഫ്ബിയിൽ ആഡിറ്റ് നടത്തുന്നത് കിഫ്ബിയിലെ നിക്ഷേപകരുടെ താല്പര്യം സംരക്ഷിക്കുന്നതിന് കൂടുതൽ സഹായകമാവില്ലേ; എങ്കിൽ അത് പ്രകാരം ആഡിറ്റ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

നിർമ്മാണ പ്രവർത്തനങ്ങൾ

2292. ശ്രീ.പാറക്കൽ അബ്ദുല്ല

,, എൻ. ഷംസുദ്ദീൻ

,, കെ.എം.ഷാജി

,, ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുണനിലവാരമില്ലാത്തതും കാലതാമസം വരുത്തിയതുമായ നിർമ്മാണ പ്രവർത്തനങ്ങൾ നിർത്തിവയ്ക്കാൻ കിഫ്ബി നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) കിഫ്ബിയുടെ മാനദണ്ഡം പാലിക്കാത്തവർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ച് വരുന്നത്; വിശദമാക്കുമോ;

(സി) പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ കാലവിളംബം കൂടാതെ പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

കിഫ്ബി സഹായത്തോടെയുള്ള പ്രവൃത്തികളുടെ ഗുണനിലവാരം

2293. ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ

,, കെ.സി.ജോസഫ്

,, കെ.എസ്.ശബരീനാഥൻ

,, എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയുടെ ധനസഹായത്തോടെ നടത്തുന്ന പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് നിലവിലുള്ള സംവിധാനം വ്യക്തമാക്കുമോ;

(ബി) കിഫ്ബിക്ക് പ്രത്യേക സാങ്കേതിക വിഭാഗം ഇക്കാര്യത്തിനായി ഉണ്ടോ; എങ്കിൽ ഏതൊക്കെ നൂതന സാങ്കേതിക വിദ്യയുടെ സഹായത്തോടെയാണ് പ്രസ്തുത വിഭാഗം പ്രവൃത്തികളുടെ ഗുണനിലവാരം പരിശോധിക്കുന്നതെന്ന് അറിയിക്കുമോ;

(സി) കിഫ്ബി അനുശാസിക്കുന്ന മാനദണ്ഡവും ഗുണനിലവാരവും സമയക്രമവും നിലവിൽ നിർമ്മാണത്തിലിരിക്കുന്ന പ്രവൃത്തികളിൽ പാലിക്കപ്പെടുന്നുണ്ടോ;

(ഡി) ഏതെങ്കിലും പ്രവൃത്തികളിൽ ഗുണനിലവാരം ഇല്ലായെന്ന കാരണത്താൽ അതിന്റെ നിർമ്മാണ പ്രവർത്തനം തടഞ്ഞിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ പ്രവൃത്തികളിലെന്ന് വ്യക്തമാക്കുമോ?

കിഫ്ബിയിൽ സി. ആന്റ് എ.ജി. ആഡിറ്റ്

2294. ശ്രീ.വി.ഡി.സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയിൽ സി. ആന്റ് എ.ജി. ഇതിനകം ആഡിറ്റ് നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര പ്രാവശ്യമെന്ന് വെളിപ്പെടുത്താമോ;

(ബി) ഡി.പി.സി. ആക്ടിലെ ഏത് വകുപ്പ് പ്രകാരമാണ് സി. ആന്റ് എ.ജി. പ്രസ്തുത ആഡിറ്റ് നടത്തിയതെന്ന് അറിയിക്കാമോ;

(സി) കിഫ്ബിയിൽ സമഗ്രവും വിശദവുമായ തലത്തിൽ 20(2) വകുപ്പ് പ്രകാരം സി. ആന്റ് എ.ജി. ആഡിറ്റ് നടത്തുന്നതിൽ എന്തെങ്കിലും തടസ്സം ഉണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ഡി) കിഫ്ബി പുറപ്പെടുവിച്ച മസാല ബോണ്ട്, പ്രവാസി ചിട്ടിയിൽ നിന്നും ലഭിക്കുന്ന തുക എന്നിവ സംബന്ധിച്ച് ആഡിറ്റ് നടത്തുവാൻ സി. ആന്റ് എ.ജി.ക്ക് സാധിക്കുമോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ?

<u>കിഫ്ബിയിൽ സി.ആന്റ്എ.ജി. (ഡി.പി.സി.) ആക്ട് പ്രകാരമുള്ള ആഡിറ്റ്</u>

2295. ശ്രീ.സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി.ആന്റ്എ.ജി.(ഡി.പി.സി.) ആക്ട് സെക്ഷൻ 20(2) പ്രകാരം കിഫ്ബിയിൽ ആഡിറ്റ് നടത്തുവാൻ അനുവാദം നൽകണമെന്ന് ആവശ്യപ്പെട്ട് സി.ആന്റ്.എ.ജി സംസ്ഥാന സർക്കാരിന് കത്ത് നൽകിയിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ തീയതികളിലെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത കത്തിന്റെ അടിസ്ഥാനത്തിൽ 20(2) വകുപ്പ് പ്രകാരമുള്ള ആഡിറ്റിംഗിന് സി.ആന്റ്.എ.ജി.-ക്ക് അനുമതി നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) കിഫ്ബിയിൽ സെക്ഷൻ 20(2) പ്രകാരമുള്ള ആഡിറ്റ് നടത്തുന്നത് കിഫ്ബിയുടെ നിലവിലുള്ള ഏതെങ്കിലും പ്രവർത്തനത്തെ ബാധിക്കുമെന്ന് വിലയിരുത്തുന്നുണ്ടോ; എങ്കിൽ ഏതൊക്കെ പ്രവർത്തനത്തെയെന്ന് വ്യക്തമാക്കുമോ;

(ഡി) കിഫ്ബിയിൽ സി.ആന്റ്.എ.ജി.യുടെ സെക്ഷൻ 20(2) പ്രകാരമുള്ള സമഗ്ര ആഡിറ്റ് നടത്തിയാൽ നിക്ഷേപകർക്ക് അത് തെറ്റായ സന്ദേശം നൽകുമെന്ന് സർക്കാർ വിലയിരുത്തുന്നുണ്ടോ; എങ്കിൽ അതിന്റെ അടിസ്ഥാനം എന്താണെന്ന് അറിയിക്കുമോ?

<u>അടിസ്ഥാനസൗകര്യ വികസനം കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ച നടപടികൾ</u>

2296. ശ്രീ.സി. ദിവാകരൻ

,, കെ. രാജൻ

,, ഇ.കെ.വിജയൻ

,, എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമ്പത്തികവളർച്ചയുടെ അടിസ്ഥാനമായ അടിസ്ഥാനസൗകര്യവികസനം ഊർജ്ജിതമാക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനും ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) അടിസ്ഥാനസൗകര്യവികസനത്തിന് രാജ്യാന്തരതലത്തിലെ വായ്പാസാദ്ധ്യതകൾ കൂടുതലായി ഉപയോഗപ്പെടുത്തുമോ; വ്യക്തമാക്കുമോ;

(സി) കിഫ്ബിക്ക് ലഭിക്കുന്ന ഏറ്റവും ചെലവുകുറഞ്ഞ ഫണ്ട് ഏതാണെന്ന് വെളിപ്പെടുത്തുമോ;

(ഡി) ബാങ്കുകളുടെ കൺസോർഷ്യം മുഖേന വായ്പയെടുക്കുന്നതിന് കിഫ്ബിക്ക് പദ്ധതിയുണ്ടോ; വ്യക്തമാക്കുമോ?

<u>കിഫ്ബിയെക്കുറിച്ച് ബോധവൽക്കരണം</u>

2297. **ശ്രീ. എൻ .എ.നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയെക്കുറിച്ച് ജനങ്ങളുടെ ഇടയിൽ ബോധവൽക്കരണം നടത്തുന്നതിനും കിഫ്ബിയെക്കുറിച്ച് അവലോകനം ചെയ്യുന്നതിനും ഈ അടുത്തകാലത്ത് ജില്ലാതലത്തിൽ പരിപാടികൾ സംഘടിപ്പിച്ചിരുന്നോ; എങ്കിൽ ഈ പരിപാടിയിൽ പങ്കെടുത്ത മന്ത്രിമാരും ഉദ്യോഗസ്ഥന്മാരും ആരെല്ലാമായിരുന്നു എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പരിപാടികൾ കൊണ്ട് ഉണ്ടായ നേട്ടങ്ങൾ എന്തൊക്കെയാണെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(സി) കിഫ്ബിയിൽ ഉൾപ്പെടുത്തിയതും എന്നാൽ വർഷങ്ങളായി സാങ്കേതികത്വത്തിന്റെ പേരിൽ മുടങ്ങിക്കിടക്കുന്നതുമായ ഏതെല്ലാം പദ്ധതികളുടെ തടസ്സങ്ങൾ നീക്കാൻ ഈ പരിപാടികൊണ്ട് സാധിച്ചു എന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ഡി) ഈ പരിപാടികൾ സംഘടിപ്പിക്കാൻ ചെലവായ തുക എത്രയാണെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

<u>നിലമ്പൂർ നിയോജകമണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ</u>

2298. **ശ്രീ.പി.വി. അൻവർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് വന്നതിനുശേഷം നിലമ്പൂർ നിയോജകമണ്ഡലത്തിൽ കിഫ്ബി വഴി ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ, കിഫ്ബിയുടെ പരിഗണനയിലുള്ള പദ്ധതികൾ, അവയുടെ എസ്റ്റിമേറ്റ് തുകയടക്കം വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ;

(സി) ഇതിനായി ഇതുവരെ വിനിയോഗിച്ച തുകയും പദ്ധതി പൂർത്തീകരണ തീയതിയും വ്യക്തമാക്കാമോ?

<u>കൊച്ചി കാൻസർ റിസെർച്ച് സെന്ററിന്റെ നിർമ്മാണത്തിലിരുന്ന കെട്ടിടം തകർന്ന് വീണ സംഭവം</u>

2299. ശ്രീ.ടി.ജെ. വിനോദ്

,, പി.ടി. തോമസ്

,, അൻവർ സാദത്ത്

,, വി.ഡി.സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി സഹായത്തോടെ നിർമ്മാണം നടക്കുന്ന കൊച്ചി കാൻസർ റിസർച്ച് സെന്ററിന്റെ കെട്ടിടം

(ബി) പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ സാങ്കേതിക വൈദഗ്ദ്ധ്യമുള്ള ഒരു പ്രോജക്ട് ഓഫീസിന്റെ മേൽനോട്ടത്തിൽ നടത്തണമെന്ന് നിയമസഭ എസ്റ്റിമേറ്റ് കമ്മിറ്റി നിർദ്ദേശിച്ചിരുന്നോ; പ്രസ്തുത നിർദ്ദേശം സർക്കാർ നടപ്പിലാക്കിയിരുന്നോ;

(സി) കിഫ്ബിയുടെ ധനസഹായത്തോടെ നടത്തുന്ന കെട്ടിട നിർമ്മാണത്തിന്റെ സാങ്കേതിക പരിശോധന കിഫ്ബി നടത്താറുണ്ടോ; എങ്കിൽ കൊച്ചി കാൻസർ റിസർച്ച് സെന്ററിന്റെ നിർമ്മാണം സംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) ഈ കെട്ടിടനിർമ്മാണത്തിലെ അഴിമതിയും ഗുരുതരമായ അനാസ്ഥയും സംബന്ധിച്ച് അന്വേഷണം നടത്തണമെന്ന് ആവശ്യപ്പെട്ട് പ്രതിപക്ഷനേതാവ് കത്ത് നൽകിയിട്ടുണ്ടോ; എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടി എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

## കോതമംഗലം മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

2300. ശ്രീ.ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള കിഫ്ബി പദ്ധതികൾ ഏതെല്ലാമാണെന്നും ഇതിൽ ഇനിയും കിഫ്ബി അംഗീകാരം ലഭ്യമാകാത്തവ ഏതെല്ലാമാണെന്നും വ്യക്തമാക്കാമോ;

(ബി) കിഫ്ബി അംഗീകാരം ലഭിക്കാത്ത പ്രവൃത്തികൾക്ക് എന്തുകൊണ്ടാണ് കിഫ്ബി അംഗീകാരം വൈകുന്നത് എന്നറിയിക്കാമോ;

(സി) ഇനിയും കിഫ്ബി അംഗീകാരം ലഭ്യമാകാത്ത പ്രവൃത്തികൾക്ക് എന്നത്തേക്ക് അംഗീകാരം ലഭ്യമാക്കാൻ കഴിയും എന്ന് വ്യക്തമാക്കാമോ;

(ഡി) കിഫ്ബി അംഗീകാരം ലഭ്യമാകാത്ത പ്രവൃത്തികൾക്ക് വേഗത്തിൽ കിഫ്ബി അംഗീകാരം ലഭ്യമാക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ?

## പട്ടാമ്പി മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

2301. ശ്രീ.മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി മണ്ഡലത്തിൽ കിഫ്ബി വഴി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) ഇനിയും ആരംഭിക്കാൻ കഴിയാത്ത പ്രവൃത്തികൾ ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ;

പ്രസ്തുത പദ്ധതികൾ എന്ന് ആരംഭിക്കുവാൻ ആണ് ലക്ഷ്യമിടുന്നത്; വിശദമാക്കാമോ?

<u>തിരുവനന്തപുരം ജില്ലയിലെ കിഫ്ബി പദ്ധതികൾ</u>

2302. **ശ്രീ.സി. ദിവാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ കിഫ്ബി വഴി എത്ര കോടി രൂപയുടെ പദ്ധതികൾക്കാണ് അനുമതി നൽകിയിരിക്കുന്നതെന്നും അവ ഏതെല്ലാമെന്നും വ്യക്തമാക്കുമോ;

(ബി) ഓരോ പദ്ധതിയുടെയും നിലവിലെ സ്ഥിതി വ്യക്തമാക്കുമോ ;

(സി) ജില്ലയിലെ ഏതെല്ലാം പദ്ധതികൾക്കാണ് ഇനിയും അനുമതി നൽകാനുള്ളതെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

<u>തിരുവനന്തപുരം ജില്ലയിലെ കിഫ്ബി പദ്ധതികൾ</u>

2303. **ശ്രീ.വി. ജോയി :** താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

കിഫ്ബിയിൽ ഉൾപ്പെടുത്തി തിരുവനന്തപുരം ജില്ലയിലെ നിയമസഭാ മണ്ഡലങ്ങളിൽ നടപ്പിലാക്കിയതും നടപ്പിലാക്കി വരുന്നതുമായ പദ്ധതികൾ ഏതെല്ലാമെന്നും ആയതിലേക്ക് ഓരോന്നിനും അനുവദിച്ചിട്ടുള്ള ഫണ്ട് എത്രയെന്നും വ്യക്തമാക്കാമോ?

<u>എം.എൽ.എ. ആസ്തി വികസന പദ്ധതിയിൽ നിന്നും കേരളാ വാട്ടർ അതോറിറ്റിക്ക് തുക</u>

T 2304. **ശ്രീ.മോൻസ് ജോസഫ്**

**,, പി.ജെ.ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.മാരുടെ ആസ്തി വികസന ഫണ്ടിൽ നിന്നും കേരളാ വാട്ടർ അതോറിറ്റിക്ക് തുക കൈമാറാത്തതു കാരണം കുടിവെള്ള പദ്ധതികൾ മുടങ്ങിക്കിടക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) കേരളാ വാട്ടർ അതോറിറ്റി, എം.എൽ.എ. ആസ്തി വികസന പദ്ധതി പ്രകാരമുള്ള തുക കെട്ടിവയ്ക്കാത്തതു കാരണം പൊതുമരാമത്ത് വകുപ്പ് റോഡുകൾ കട്ട് ചെയ്യുന്നതിനുള്ള അനുമതി നൽകാത്തതും കുഴിച്ച റോഡുകൾ തിരികെ ടാർ ചെയ്യുന്നതിനുള്ള കാലതാമസം സംഭവിക്കുന്നതും പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ;

(സി) കേരളാ വാട്ടർ അതോറിറ്റി ആസ്തി വികസന പദ്ധതി അനുസരിച്ച് ആവശ്യമായ തുക സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; പ്രസ്തുത തുക സർക്കാരിൽ നിന്നും ലഭിച്ചിട്ടുണ്ടോ എന്നറിയിക്കാമോ?

### ആസ്തി വികസന ഫണ്ട് ഉപയോഗിച്ചുള്ള ക്ഷേത്രകുളം നവീകരണം

2305. **ശ്രീ.എം. മുകേഷ് :** താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരുവിതാംകൂർ ദേവസ്വംബോർഡിന്റെ അധീനതയിലുള്ള ക്ഷേത്രത്തിലെ ക്ഷേത്രകുളത്തിന് സംരക്ഷണഭിത്തി നിർമ്മിച്ച് നവീകരണം നടത്തുന്നതിനുള്ള പ്രവർത്തി നിയോജകമണ്ഡല ആസ്തി വികസന നിധി വിനിയോഗിച്ച് നിർവ്വഹിക്കുന്നതിന് സാധിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

### ആസ്തി വികസന ഫണ്ടിൽ നിന്നും നിർദ്ദേശിച്ചിട്ടുള്ള ആംബുലൻസ് അനുവദിക്കൽ

2306. **ശ്രീ.മുഹമ്മദ് മുഹസിൻ പി. :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി മണ്ഡലം ആസ്തി വികസന ഫണ്ടിൽ നിന്നും പട്ടാമ്പി താലൂക്ക് ആശുപത്രിയ്ക്കും, കൊപ്പം പി.എച്ച്.സിയ്ക്കും ആംബുലൻസ് അനുവദിക്കുന്നതിന് നൽകിയ ശിപാർശയിൻമേൽ എടുത്ത നടപടികൾ വ്യക്തമാക്കാമോ;

(ബി) ഇക്കാര്യത്തിൽ തീരുമാനം കൈക്കൊള്ളുന്നതിന് വളരെയധികം കാലതാമസം എടുക്കുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(സി) ടെണ്ടർ നടപടികളിൽ പ്രതിപാദിച്ചിട്ടുള്ള സമയത്തിനുള്ളിൽ മറ്റു നടപടികൾ പൂർത്തിയാക്കാൻ സാധിക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഈ കാലയളവിൽ വാഹന വിലയിൽ വർദ്ധനവ് വരുന്നത് കാരണം നടപടിക്രമങ്ങൾ വീണ്ടും ആവർത്തിക്കേണ്ടി വരുന്നത് പിന്നെയും കാലതാമസം സൃഷ്ടിക്കുന്നതിനാൽ ഇത്തരം കാര്യങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

### ഹൈമാസ്റ്റ്/മിനിമാസ്റ്റ് വിളക്കുകൾ

2307. **ശ്രീ.മുഹമ്മദ് മുഹസിൻ പി. :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആസ്തിവികസന ഫണ്ടിൽ നിന്നും ഹൈമാസ്റ്റ്/മിനിമാസ്റ്റ് വിളക്കുകൾ നൽകുന്നതിന് വിലയുടെ കാര്യത്തിലും ഗ്യാരണ്ടിയുടെ കാര്യത്തിലും ഏകീകൃത നിബന്ധനകൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) ഏതെല്ലാം അംഗീകൃത ഏജൻസികൾ വഴിയാണ് ഈ പദ്ധതി നടപ്പിലാക്കാൻ സാധിക്കുന്നതെന്ന് വ്യക്തമാക്കാമോ?

### ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ ആസ്തി വികസന ഫണ്ട് പദ്ധതികൾ

2308. ശ്രീ.സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ എം.എൽ.എ.-യുടെ പ്രത്യേക വികസന ഫണ്ട് വിനിയോഗിച്ച് നടപ്പാക്കുന്ന, 2016-17 മുതൽ 2019-20 വരെയുള്ള പദ്ധതി പ്രവർത്തനങ്ങളുടെ നിലവിലെ പുരോഗതി ലഭ്യമാക്കുമോ;

(ബി) ഓരോ പദ്ധതിക്കും എത്ര രൂപ ചെലവഴിച്ചിട്ടുണ്ട്; ബാക്കി നൽകുവാനുള്ള തുക എത്രയാണ്; ഓരോ പദ്ധതിയിലെയും സേവിംഗ്സ് എത്രയാണ്; വിശദാംശം ലഭ്യമാക്കുമോ;

(സി) എം.എൽ.എ. ആസ്തി വികസന ഫണ്ട് പ്രകാരം പ്രസ്തുത മണ്ഡലത്തിൽ ഇനി എത്ര തുകയ്ക്കുള്ള പദ്ധതികൾക്ക് ശിപാർശ ചെയ്യുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

## ചാലക്കുടിയിൽ ട്രാംവെ റെയിൽ മ്യൂസിയം

2309. ശ്രീ.ബി.ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

ചാലക്കുടിയിൽ ട്രാംവെ റെയിൽ മ്യൂസിയം നിർമ്മിക്കുന്നതിനായി മ്യൂസിയം വകുപ്പിൽ നിന്നും ഫണ്ട് ലഭ്യമല്ലാത്ത സാഹചര്യത്തിൽ മണ്ഡലം ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലിന് പ്രത്യേക അനുമതി നൽകുവാൻ നടപടി സ്വീകരിക്കുമോ?

## ആസ്തി വികസന ഫണ്ടിൽ നിന്നും പി.എം.സി. രീതിയിൽ നടപ്പിലാക്കുന്ന പ്രവൃത്തികൾ

2310. ശ്രീ.ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. ആസ്തി വികസന ഫണ്ടിൽ നിന്നും പി.എം.സി. രീതിയിൽ അക്രെഡിറ്റഡ് ഏജൻസി വഴി നടപ്പിലാക്കുന്ന പ്രവൃത്തികളുടെ വർക്ക് ഓർഡർ കരാറുകാർക്ക് നൽകുന്നത് ഏത് ഏജൻസിയാണ്;

(ബി) പി.ഡബ്ല്യൂ.ഡി. മാന്വൽ പ്രകാരം പ്രവൃത്തികളുടെ എം.ബുക്ക് തയ്യാറാക്കി ജി.എസ്.ടി. പോർട്ടലിൽ സമർപ്പിക്കുമ്പോൾ ആരുടെ ജി.എസ്.ടി. നമ്പരിൽ പ്രവൃത്തി കാണിക്കണം എന്ന് വിശദീകരിക്കുമോ;

(സി) കരാറുകാർ പി.എം.സി. രീതിയിൽ നടപ്പിലാക്കുന്ന പ്രവൃത്തിയുടെ എം. ബുക്ക് പി.ഡബ്ല്യൂ.ഡി. മാന്വൽ പ്രകാരം തയ്യാറാക്കി സമർപ്പിക്കുമ്പോൾ ജി.എസ്.ടി. ഇൻവോയിസിന്റെ ഇൻപുട്ട് ടാക്സ് എടുക്കുന്നതിന് ആർക്കാണ് അധികാരമെന്ന് വിശദീകരിക്കുമോ?

## എയ്ഡഡ് സ്കൂൾ നിയമനങ്ങളുടെ പരിശോധന

2311. ശ്രീ.പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

എയ്ഡഡ് സ്കൂൾ നിയമനങ്ങൾ പരിശോധിക്കാൻ സംസ്ഥാന ധനകാര്യ വകുപ്പ് തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ ഏതു സാഹചര്യത്തിലാണ് പരിശോധന നടത്താൻ തിരുമാനിച്ചിട്ടുള്ളത്; അറിയിക്കാമോ?

<u>മെഡിസെപ് പദ്ധതി നടപ്പിലാക്കുവാനുള്ള കാലതാമസം</u>

2312. **ശ്രീ.ടി.എ.അഹമ്മദ് കബീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും ആരോഗ്യ ഇൻഷുറൻസ് പദ്ധതിയുടെ പ്രഖ്യാപനം കഴിഞ്ഞ് ഒരു വർഷം കഴിഞ്ഞിട്ടും പദ്ധതി നടപ്പിലാക്കുവാൻ സാധിക്കാത്തത് സർക്കാരിന്റെ ഭാഗത്ത് നിന്നുള്ള വീഴ്ചയാണോ; വ്യക്തമാക്കാമോ;

(ബി) നിലവിൽ പദ്ധതി ഏറ്റെടുക്കുന്നതിന് ഏതെങ്കിലും ഇൻഷുറൻസ് കമ്പനികൾ താൽപര്യപത്രം നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

<u>പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധനാ സമിതി</u>

2313. **ശ്രീ.പി.കെ.ബഷീർ**
**,,** വി.കെ.ഇബ്രാഹിം കുഞ്ഞ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പങ്കാളിത്ത പെൻഷൻ പദ്ധതി പുനപരിശോധിക്കുന്നതിനെക്കുറിച്ച് പഠിക്കുന്നതിനായി രൂപീകരിച്ച സമിതി പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; സമിതിയുടെ ടേംസ് ഓഫ് റഫറൻസ് തീരുമാനിച്ചിരുന്നോ ;എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ഇക്കാര്യത്തിൽ പൊതുജനങ്ങളിൽ നിന്നും ആഭിപ്രായം ശേഖരിക്കുന്നതിന് സമിതി എന്തെങ്കിലും നടപടികളുമായി മുന്നോട്ട് പോകുന്നുണ്ടോ ;എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) പങ്കാളിത്ത പെൻഷൻ പദ്ധതി പിൻവലിക്കുന്ന കാര്യത്തിൽ ജീവനക്കാരുടെ സംഘടനകളുമായി ചർച്ച നടത്തുന്നതിന് പകരം പൊതുജനാഭിപ്രായം സ്വീകരിക്കുന്നതിന്റെ ആവശ്യകത എന്താണെന്ന് വ്യക്തമാക്കാമോ?

<u>സർക്കാർ ജീവനക്കാരുടെയും അധ്യാപകരുടെയും ശമ്പള, പെൻഷൻ ചെലവുകൾ</u>

2314. **ശ്രീ.ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2013-2014 മുതൽ 2018-2019 വരെ ഓരോ വർഷവും സർക്കാർ ജീവനക്കാരുടെയും അധ്യാപകരുടെയും ശമ്പള ഇനത്തിലും പെൻഷൻ ഇനത്തിലും എത്ര രൂപ ചെലവായെന്ന് ഇനം തിരിച്ചും വർഷംതിരിച്ചും അറിയിക്കാമോ?

<u>ജീവനക്കാരുടെ വ്യത്യസ്ഥ വിരമിക്കൽ പ്രായം</u>

2315. പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പങ്കാളിത്ത പെൻഷൻ നടപ്പിലാക്കിയ 2013 ഏപ്രിൽ ഒന്നിന് മുമ്പ് സർവ്വീസിൽ ചേർന്നവർക്ക് അമ്പത്തിയാറ് വയസ്സും പങ്കാളിത്ത പെൻഷൻ നടപ്പാക്കിയ ശേഷം ചേർന്നവർക്ക് അറുപത് വയസ്സും കെ.എ.എസ്.ൽ പ്രവേശിക്കുന്നവർക്ക് അമ്പത്തിയെട്ട് വയസ്സും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ ഡോക്ടർമാർക്ക് അറുപത്തിരണ്ട് വയസ്സും ആരോഗ്യവകുപ്പിലെ ഡോക്ടർമാർക്ക് അറുപത് വയസ്സും എന്നിങ്ങനെ അഞ്ചു തരം വിരമിക്കൽ പ്രായം ആണെന്ന കാര്യം പരിശോധിക്കുമോ;

(ബി) പെൻഷൻ പ്രായവർദ്ധനവ് എന്ന വിഷയത്തിൽ ധനവകുപ്പിന്റെ അഭിപ്രായം ലഭ്യമാക്കുമോ;

(സി) സംസ്ഥാനത്ത് പെൻഷൻ പ്രായം വർദ്ധിപ്പിക്കണമെന്ന് അഭിപ്രായപ്പെട്ടിട്ടുള്ള വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ, ഇതര സ്ഥാപനങ്ങൾ എന്നിവ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(ഡി) ഇവരിൽ ധനവകുപ്പിന് കത്ത് നൽകിയവർ ആരെല്ലാം; വ്യക്തമാക്കുമോ?

<u>ബ്യൂറോക്രസിയെ റൈറ്റ്സൈസ് ചെയ്യുന്നതിന് നടപടി</u>

2316. ശ്രീ.വി.ആർ. സുനിൽ കുമാർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള വികസന അതോറിറ്റികളെ സംബന്ധിച്ച വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ നിലവിലുള്ളപ്പോൾ പ്രസ്തുത വികസന അതോറിറ്റികളുടെ ആവശ്യകതയും, അവയുണ്ടാക്കുന്ന അധികബാദ്ധ്യതയും പരിശോധനാവിധേയമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) സംസ്ഥാനം നേരിടുന്ന കടുത്ത ധനപ്രതിസന്ധി പരിഹരിക്കുന്നതിനായി സംസ്ഥാന ബ്യൂറോക്രസിയിൽ അത്യാവശ്യമുള്ള തസ്തികകളും അതിന് വേണ്ടുന്ന ജീവനക്കാരെ മാത്രം ഉൾകൊള്ളിച്ചും റൈറ്റ് സൈസിങ് ചെയ്യുന്നതിനാവശ്യമുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(സി) സംസ്ഥാനത്തെ ചില വകുപ്പുകളിൽ അനർഹമായ പ്രമോഷനും ആനുകൂല്യങ്ങളും നേടുന്നതിനായി ചില ജീവനക്കാർ ലീവെടുത്ത് മറ്റുള്ളവർക്ക് പ്രമോഷൻ തരപ്പെടുത്തുന്ന നടപടി പരിശോധിച്ചിട്ടുണ്ടോ; ആയതു തടയുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ജീവനക്കാർക്കും പെൻഷൻകാർക്കും ഇടക്കാലാശ്വാസം</u>

2317. ശ്രീ.വി.പി.സജീന്ദ്രൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനസർക്കാർ ജീവനക്കാരുടെ ശമ്പളപരിഷ്കരണ നടപടികൾ ഏതു ഘട്ടത്തിലാണ്; വ്യക്തമാക്കുമോ;

(ബി) ശമ്പളപരിഷ്കരണ റിപ്പോർട്ട് എന്നത്തേയ്ക്ക് സമർപ്പിക്കണമെന്നാണ് കമ്മീഷന് നിർദ്ദേശം

നൽകിയിട്ടുള്ളത്; പ്രസ്തുത കമ്മീഷന്റെ കാലാവധി നീട്ടിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) റിപ്പോർട്ട് ലഭ്യമാകുവാൻ കാലതാമസമുണ്ടാകുമെന്നതിനാൽ ജീവനക്കാർക്കും പെൻഷൻകാർക്കും ഇടക്കാലാശ്വാസം അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ?

<u>വിദ്യാഭ്യാസ വായ്പയുടെ തിരിച്ചടവ്</u>

2318. ശ്രീ.അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന സമർത്ഥരായ വിദ്യാർത്ഥികൾക്ക് മികച്ച വിദ്യാഭ്യാസ അവസരം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച വിദ്യാഭ്യാസ വായ്പ നിലവിൽ വിദ്യാർത്ഥികൾക്ക് പ്രതികൂലമായി മാറിയെന്നത് വസ്തുതയല്ലേ;

(ബി) വിദ്യാഭ്യാസ വായ്പ തിരിച്ചുപിടിക്കുന്ന കാര്യത്തിൽ സമ്മർദ്ദം പാടില്ലായെന്ന് നിർദ്ദേശം ഉണ്ടെങ്കിലും എല്ലാ തരം വായ്പകളുടെയും തിരിച്ചടവ് കർശനമാക്കുവാൻ ബാങ്കുകൾക്ക് റിസർവ് ബാങ്ക് നിർദ്ദേശം നൽകിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) 2013-14 ൽ തൊഴിലില്ലായ്മ 2.9 ആയിരുന്നത് ഇപ്പോൾ 6.1 ആയി വർദ്ധിച്ചത് വായ്പ എടുത്ത് പഠനം പൂർത്തിയാക്കിയവരുടെ തിരിച്ചടവിനെ കാര്യമായി ബാധിച്ചിട്ടുള്ളതിനാൽ വിദ്യാഭ്യാസ വായ്പ എഴുതി തള്ളുന്ന കാര്യം കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ?

<u>മങ്കട നിയോജകമണ്ഡലത്തിലെ പ്രവൃത്തികൾ</u>

2319. ശ്രീ.ടി.എ.അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20 വർഷത്തെ ബഡ്ജറ്റിൽ ടോക്കൺ പ്രൊവിഷൻ നൽകിയിട്ടുള്ള മങ്കട നിയോജകമണ്ഡലവുമായി ബന്ധപ്പെട്ട എത്ര പ്രവൃത്തികൾക്ക് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്;

(ബി) ഇത്തരത്തിൽ നൂറ് രൂപ ടോക്കൺ പ്രൊവിഷനുള്ള മങ്കട നിയോജകമണ്ഡലത്തിലെ പ്രവൃത്തികളുടെ എത്ര രൂപയുടെ എസ്റ്റിമേറ്റ് ധനകാര്യവകുപ്പിൽ പരിശോധിക്കുന്നുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>മങ്കട നിയോജകമണ്ഡലത്തിലെ പ്രവൃത്തികൾ</u>

2320. ശ്രീ.ടി.എ.അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ 20 ശതമാനം ഫണ്ട് അനുവദിച്ച മങ്കട നിയോജക മണ്ഡലത്തിലെ പ്രവൃത്തികളുടെ നിലവിലെ പുരോഗതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പട്ടികയിൽ ഉൾപ്പെട്ട വരിയാപുരം, അങ്ങാടിപ്പുറം , ഏറാക്കോട്, മലമ്പൂർ റോഡ് നവീകരണത്തിന് ഈ സാമ്പത്തിക വർഷം തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(സി) മുൻകാലങ്ങളിൽ നിന്ന് വ്യത്യസ്തമായി 20 ശതമാനം തുക വകയിരുത്തിയിട്ടുള്ള പദ്ധതികൾക്ക്

ഭരണാനുമതി നൽകാത്തതിന് കാരണം വ്യക്തമാക്കാമോ?

<u>വാർഷിക പദ്ധതിയിൽ വെട്ടിക്കുറവ്</u>

2321. ശ്രീ.സി.മമ്മൂട്ടി : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതിയിൽ വെട്ടിക്കുറവ് നടത്തിയിട്ടുണ്ടോ; എങ്കിൽ എത്ര ശതമാനം എന്ന് വെളിപ്പെടുത്തുമോ?

<u>കുറുവയിലെ കീരൺകുണ്ട് പാലം നിർമ്മാണം</u>

2322. ശ്രീ.ടി.എ.അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20 വർഷത്തെ ബഡ്ജറ്റിൽ എസ്റ്റിമേറ്റ് തുകയുടെ 20 ശതമാനം ലഭിച്ച കുറുവയിലെ കീരൺകുണ്ട് പാലം (ചോഴിപ്പാലം) നിർമ്മാണവുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പ് ശിപാർശ ചെയ്ത് നിലവിൽ ധനകാര്യവകുപ്പിലുള്ള ഫയലിന്റെ പുരോഗതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി നൽകുന്നതിന് ധനകാര്യവകുപ്പിന് സാങ്കേതികമായി എന്തെങ്കിലും തടസ്സമുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് ആവശ്യമായ ഫണ്ട് ഭരണ വകുപ്പിന് നൽകാമോ എന്ന് അറിയിക്കുമോ?

<u>കോഴിക്കോട്-നിലമ്പൂർ-ഗൂഡല്ലൂർ അന്തർ സംസ്ഥാന പാതയ്ക്ക് ബദൽ പാത</u>

2323. ശ്രീ.പി.വി. അൻവർ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വർഷകാലത്ത് സ്ഥിരമായി മണ്ണിടിഞ്ഞ് ഗതാഗത തടസ്സം ഉണ്ടാകുന്ന കോഴിക്കോട്-നിലമ്പൂർ-ഗൂഡല്ലൂർ അന്തർ സംസ്ഥാന പാതയ്ക്ക് ബദലായി നിലമ്പൂർ നിയോജകമണ്ഡലത്തിലെ പോത്തുകല്ല്-മുണ്ടേരി-അപ്പൻകാപ്പിൽ-നിന്നും തമിഴ് നാട്ടിലെ പന്തല്ലൂരിലേക്കുള്ള ബദൽ പാതയ്ക്ക് സർവ്വേക്കും സാധ്യതാപഠനത്തിനുമായി പ്രൊപ്പോസൽ സമർപ്പിച്ചാൽ തുക അനുവദിക്കുന്നതിന് നടപടി സ്വീകരിക്കാമോ; വിശദമാക്കാമോ?

<u>ഷൊർണ്ണൂർ മണ്ഡലത്തിലെ പദ്ധതികൾ</u>

2324. ശ്രീ.പി.കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സംസ്ഥാന സർക്കാരിന്റെ വാർഷിക ബഡ്ജറ്റിൽ നിന്നും ഷൊർണ്ണൂർ മണ്ഡലത്തിൽ അനുവദിക്കപ്പെട്ട പദ്ധതികൾ ഏതെല്ലാമാണെന്ന് അറിയിക്കാമോ;

(ബി) ഇതിൽ ഓരോ പദ്ധതിക്കും അനുവദിച്ച തുകയും പ്രവൃത്തിയുടെ നിലവിലുള്ള അവസ്ഥയും

വിശദമാക്കാമോ?

<u>വള്ളിക്കുന്ന് മണ്ഡലത്തിലെ പ്രവൃത്തികൾ</u>

2325. ശ്രീ.അബ്ദുൽ ഹമീദ് പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-2020 സാമ്പത്തിക വർഷത്തെ ബജറ്റിൽ ടോക്കൺ പ്രൊവിഷൻ അനുവദിച്ച വള്ളിക്കുന്ന് മണ്ഡലത്തിലെ പ്രവൃത്തികൾ എത്ര എണ്ണമായിരുന്നു എന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ എത്ര പ്രവൃത്തികൾക്ക് ഭരണാനുമതി നൽകി എന്ന് വ്യക്തമാക്കാമോ; അനുവദിച്ച തുക സഹിതം വിശദവിവരം നൽകാമോ?

<u>സാമൂഹ്യ സുരക്ഷാ പെൻഷനുകൾ</u>

2326. ശ്രീമതിഷാനിമോൾ ഉസ്മാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധനവകുപ്പിൽ നിന്നും അനുമതി ലഭിക്കാത്തതിനാൽ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ വിതരണം ചെയ്യാൻ സാധിച്ചിട്ടില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ധനവകുപ്പിന്റെ അനുമതി വൈകുന്നതിന്റെ കാരണമെന്താണ് എന്ന് അറിയിക്കാമോ;

(സി) എന്നത്തേക്ക് ഇതിനു അനുമതി നൽകാൻ കഴിയും എന്ന് അറിയിക്കുമോ; വിശദാംശം നൽകുമോ?

<u>സാമൂഹ്യ സുരക്ഷാ പെൻഷനുള്ള മാനദണ്ഡങ്ങൾ</u>

2327. ശ്രീ.സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കുന്നവരുടെ എണ്ണം ജില്ല തിരിച്ച് അറിയിക്കാമോ?

<u>പെൻഷൻ മസ്റ്ററിംഗ്</u>

2328. ശ്രീ.ടി.ജെ. വിനോദ് : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സാമൂഹിക സുരക്ഷ പെൻഷൻ, ക്ഷേമനിധി പെൻഷൻ എന്നിവ ലഭിക്കുന്നതിന് മസ്റ്ററിംഗ് നിർബന്ധമാക്കിയിട്ടുണ്ടോ എന്ന് അറിയിക്കുമോ?

<u>പെൻഷൻ മസ്റ്ററിംഗ്</u>

2329. ശ്രീ.വി.പി.സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജീവിച്ചിരിക്കുന്നവർ തന്നെയാണ് ക്ഷേമ പെൻഷൻ വാങ്ങുന്നത് എന്ന് ഉറപ്പാക്കുന്നതിനായി ബയോമെടിക് മസ്റ്ററിംഗ് നടത്തിയിട്ടുണ്ടോ;

(ബി) മസ്റ്ററിംഗിൽ നിന്നും ഏതെങ്കിലും വിഭാഗത്തിൽപ്പെട്ടവർക്ക് ഇളവ് അനുവദിച്ചിരുന്നോ; വിശദമാക്കുമോ;

(സി) അനർഹമായി പെൻഷൻ വാങ്ങിയവരിൽ നിന്നും തിരിച്ച പിടിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എത്ര പേരിൽ നിന്നും അത് തിരിച്ച പിടിക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത്; വിശദമാക്കുമോ?

<u>സർക്കാർ ആവശ്യപ്പെട്ട കേന്ദ്ര സഹായം</u>

2330. ശ്രീ.കെ.ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓരോ സാമ്പത്തിക വർഷവും ആവശ്യപ്പെട്ട കേന്ദ്ര സഹായം എത്ര; ലഭ്യമായത് എത്ര; വർഷം തിരിച്ച് വിശദാംശം ലഭ്യമാക്കുമോ;

(ബി) തൊഴിലുറപ്പ് തുടങ്ങി വിവിധ ക്ഷേമ പ്രവർത്തനങ്ങൾക്കായി (ഇനം തിരിച്ച്) ഓരോ വർഷവും സർക്കാർ ആവശ്യപ്പെട്ട സഹായങ്ങൾ എന്തെല്ലാം; ലഭ്യമായത് എന്തെല്ലാം; വ്യക്തമാക്കുമോ;

(സി) തൊഴിലുറപ്പ് തൊഴിലാളി പെൻഷൻ ഉൾപ്പെടെ സംസ്ഥാന സർക്കാർ നൽകുന്ന പെൻഷൻ പദ്ധതികൾ ഏതെല്ലാം; എത്ര പെൻഷൻകാരുണ്ട്; എത്ര മാസത്തെ കുടിശ്ശിക നൽകുവാനുണ്ട്; ആയതിനായി ആവശ്യപ്പെട്ട കേന്ദ്ര സഹായം എത്ര; ലഭ്യമായത് എത്ര; ഇനം തിരിച്ച് വിശദാംശം ലഭ്യമാക്കുമോ;

(ഡി) പെൻഷൻകാർക്ക് പെൻഷൻ കുടിശ്ശിക നൽകാനായി സംസ്ഥാന ധനകാര്യവകുപ്പ് സ്വീകരിച്ച വരുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

<u>സാമൂഹ്യക്ഷേമ പെൻഷൻ</u>

T 2331. ശ്രീ.പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമൂഹത്തിലെ അർഹരായ ദുർബലവിഭാഗങ്ങൾക്ക് സാമൂഹിക സുരക്ഷ ഉറപ്പാക്കുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏതെല്ലാം സാമൂഹ്യക്ഷേമ പെൻഷനുകളുടെ തുകയാണ് വർദ്ധിപ്പിച്ചത്; വിശദാംശം ലഭ്യമാക്കാമോ?

<u>സാമൂഹ്യസുരക്ഷാ പെൻഷൻ</u>

2332. ശ്രീ.കെ.വി.വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2019 ഡിസംബർ 31 വരെ സാമൂഹ്യസുരക്ഷാ പെൻഷൻ ഇനത്തിൽ എത്ര പേർക്ക് എത്ര കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്; വിശദാംശം നൽകാമോ?

<u>സാലറി ഹെഡിൽ നിന്നുള്ള ചെലവ്</u>

2333. ശ്രീ.കെ.വി.വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019 ഏപ്രിൽ മുതൽ ഡിസംബർ 31 വരെ ഓരോ മാസവും സാലറി ഹെഡിൽ നിന്നുണ്ടായ ചെലവിന്റെ വിശദവിവരം നൽകാമോ;

(ബി) പ്രസ്തുത ഹെഡിൽ ഏതെല്ലാം വിഭാഗങ്ങളുടെ സാലറിയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്; ഇനം തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ;

(സി) പ്രസ്തുത കാലയളവിൽ ആകെ ലഭിച്ച റവന്യൂവിന്റെ എത്ര ശതമാനമാണ് ടി കാലയളവിൽ സാലറി ഹെഡിൽ നിന്നും ചെലവഴിച്ചിട്ടുള്ളത്; വിശദവിവരം നൽകാമോ?

<u>മണലൂർ മണ്ഡലത്തിനായി അനുവദിച്ച പ്രവൃത്തികളും പദ്ധതികളും</u>

2334. ശ്രീ.മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഇതുവരെ ആസ്തി വികസന പദ്ധതി, പ്രത്യേക വികസന നിധി എന്നീ പദ്ധതികൾ ഒഴികെ മണലൂർ മണ്ഡലത്തിനായി അനുവദിച്ച പ്രവൃത്തികളും പദ്ധതികളും സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക എത്രയാണെന്ന് അറിയിക്കാമോ?

<u>സ്കൂൾ ഉച്ചഭക്ഷണ പദ്ധതി</u>

2335. ശ്രീ.വി.ഡി.സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ ഉച്ചഭക്ഷണ പദ്ധതിക്ക് പണം ലഭിക്കുന്നതിന് ധനകാര്യവകുപ്പ് പുതിയ സംവിധാനം കൊണ്ടുവന്നിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) വിപണിയിൽ നിത്യോപയോഗ സാധനങ്ങൾക്ക് അതിഭീമമായ വിലവർദ്ധനവ് ഉണ്ടായിട്ടുള്ള സാഹചര്യത്തിൽ ഈ പദ്ധതിക്കായി അനുവദിക്കുന്ന തുക അപര്യാപ്തമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) വിലക്കയറ്റവും സാമ്പത്തിക ബുദ്ധിമുട്ടും കാരണം ഇപ്പോൾ തന്നെ പ്രതിസന്ധിയിലായ സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ പേരിൽ പ്രഥമാദ്ധ്യാപകർക്കുള്ള ബാധ്യത പുതിയ സംവിധാനം മൂലം ഇരട്ടിക്കുമെന്ന പരാതി പരിശോധിച്ചിട്ടുണ്ടോ;എങ്കിൽ ഇക്കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കുമോ?

## ബാർ ഹോട്ടലുകളുടെ നികുതി കുടിശ്ശിക

2336. ശ്രീ.എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ബാർ ഹോട്ടലുകളുടെ നികുതി കുടിശ്ശിക എത്രയാണ്;

(ബി) നികുതി കുടിശ്ശിക വരുത്തിയ ബാർ ഹോട്ടലുകൾ എതൊക്കെയെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(സി) പ്രസ്തുത കുടിശ്ശിക ഈടാക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കുന്നത്?

## ജി.എസ്.ടി. യിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഹോട്ടലുകൾ

2337. ശ്രീ.റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ ജി.എസ്.ടി. യിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഹോട്ടലുകൾ എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) കൂടുതൽ ഹോട്ടലുകളെ നികുതി വലയത്തിൽ കൊണ്ടുവരുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

## ജി.എസ്.ടി വഴിയും ആംനസ്റ്റി സ്കീം വഴിയും സമാഹരിച്ച തുക

2338. ശ്രീ.അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. വഴിയും ആംനസ്റ്റി സ്കീം വഴിയും ഈ സാമ്പത്തിക വർഷം എത്ര കോടി രൂപ സമാഹരിക്കുവാനാണ് ഉദ്ദേശിച്ചിരുന്നത്; അതിന് സ്വീകരിച്ച മാർഗ്ഗങ്ങൾ വിശദമാക്കുമോ;

(ബി) ഇതുവരെ ജി.എസ്.ടി വഴിയും ആംനസ്റ്റി സ്കീം വഴിയും സമാഹരിച്ച തുക എത്രയാണെന്ന് അറിയിക്കാമോ?

## ജി.എസ്.ടി നിരക്കിലെ മാറ്റങ്ങൾ

2339. ശ്രീ.ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. കാലാനുസൃതമായി പരിഷ്കരിക്കുവാൻ ജി.എസ്.ടി. കൗൺസിൽ തീരുമാനം എടുത്തിട്ടുണ്ടോ;

(ബി) ജി.എസ്.ടി. നിരക്കിൽ എന്തൊക്കെ മാറ്റങ്ങൾ വരുത്തുവാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ;

(സി) ഇത് വിലവർദ്ധനവിനും, വിലവർദ്ധനവ് മൂലം ബുദ്ധിമുട്ടുന്ന സാധാരണക്കാരുടെ കുടുംബ ബഡ്ജറ്റിനെ സാരമായി ബാധിക്കുന്നതിനും ഇടയാക്കില്ലേ; വ്യക്തമാക്കുമോ;

(ഡി) ജി.എസ്.ടി. സ്ലാബിൽ കൊണ്ടുവരുന്ന ഈ വർദ്ധനവിനെതിരെ സംസ്ഥാനം നിലപാട്

സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

<u>ജി.എസ്.ടി. ഭരണ സംവിധാനം</u>

2340. ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. ഭരണ സംവിധാനത്തിൽ എന്തെല്ലാം മാറ്റങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) ആട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റെക്കഗ്നിഷൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; ഇതുമൂലം എന്തെല്ലാം നേട്ടങ്ങളാണ് ഉണ്ടായത്; വിശദമാക്കുമോ;

(സി) ജി.എസ്.ടി.എൻ പോർട്ടലിൽ ഇ-വേ ബിൽ ഡേറ്റ ലഭ്യമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്താണ്; വ്യക്തമാക്കുമോ?

<u>ജി.എസ്.ടി. റീഫണ്ടിലെ കാലതാമസം</u>

2341. ശ്രീ.എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. റീഫണ്ടിനായി അപേക്ഷ സമർപ്പിച്ചാൽ തുക സമയബന്ധിതമായി ലഭിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണമെന്താണ്;

(ബി) യഥാസമയം റീഫണ്ടിന് അപേക്ഷ സമർപ്പിച്ചവരുടെ എത്ര അപേക്ഷകളിൽ നിലവിൽ തുക നൽകാനുണ്ട്;

(സി) പ്രസ്തുത അപേക്ഷകളിൽ എന്ത് തുകയാണ് റീഫണ്ടായി നൽകാനുള്ളതെന്ന് വ്യക്തമാക്കാമോ?

<u>ജി.എസ്.റ്റി.</u>

2342. ശ്രീ.വി.ഡി.സതീശൻ
,, എം. വിൻസെന്റ്
ശ്രീമതിഷാനിമോൾ ഉസ്മാൻ
ശ്രീ.വി.എസ്.ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലനിന്നിരുന്ന പരോക്ഷനികുതികൾ ഇല്ലാതാക്കി ജി.എസ്.റ്റി.യിലേയ്ക്ക് മാറുമ്പോൾ, നിലനിന്നിരുന്ന നികുതിനിരക്കിനേക്കാൾ കുറഞ്ഞ തോതിലായിരിക്കും ജി.എസ്.റ്റി. എന്നും അതുവഴി സാധനങ്ങളുടെ വില താഴുമെന്നും ആയത് ഉപഭോക്താക്കൾക്ക് അനുഗ്രഹമാകുമെന്നും പ്രഖ്യാപിച്ചിരുന്നോ;

(ബി) പ്രസ്തുതപ്രഖ്യാപനം യാഥാർത്ഥ്യമായോ എന്ന് ജി.എസ്.റ്റി. നടപ്പിലാക്കി രണ്ടരവർഷം കഴിയുന്ന വേളയിൽ വിലയിരുത്തിയിട്ടുണ്ടോ;

(സി) ഭക്ഷ്യധാന്യങ്ങളുടെ വില ഉയർന്ന സാഹചര്യത്തിൽ ഇനിയും ജി.എസ്.റ്റി. നിരക്ക് ഉയർത്തിയാൽ അത് കൂടുതൽ വിലക്കയറ്റത്തിനിടയാക്കുന്ന സാഹചര്യം ഉണ്ടാക്കുമോ;

(ഡി) സംസ്ഥാനത്തിന്റെ വരുമാനം കുറയുന്നതിനുള്ള ഒരു പ്രധാനകാരണം സാമ്പത്തിക മാന്ദ്യത ആണെന്നിരിക്കേ അതിനെ കൂടുതൽ വഷളാക്കുന്ന സ്ഥിതിവിശേഷമാണോ ഇപ്പോൾ നിലവിലുള്ളത്; വിശദമാക്കാമോ?

<u>നികുതി വിഹിതം</u>

2343. **ശ്രീ.**മുല്ലക്കര രത്നാകരൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പുസാമ്പത്തിക വർഷം കേന്ദ്രത്തിൽ നിന്ന് നികുതി വിഹിതമായി ലഭിക്കേണ്ടിയിരുന്ന വിഹിതം എത്രയാണ്;

(ബി) ഇക്കാര്യത്തിൽ കേന്ദ്രം സംസ്ഥാനത്തോട് വിവേചനം കാണിച്ചിട്ടുണ്ടോ;

(സി) സംസ്ഥാനം പ്രതീക്ഷിച്ച വരുമാനം ലഭ്യമായിട്ടുണ്ടോ എന്ന് അറിയിക്കുമോ?

<u>ജി.എസ്.ടി. റിട്ടേൺ സമർപ്പിക്കാൻ കഴിയാത്ത സാഹചര്യം</u>

2344. **ശ്രീ.**മഞ്ഞളാംകുഴി അലി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. നെറ്റ് വർക്കിന്റെ തകരാർ മൂലം വ്യാപാരികൾക്ക് യഥാസമയം റിട്ടേൺ സമർപ്പിക്കാൻ കഴിയാത്ത സാഹചര്യം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) യഥാസമയം റിട്ടേൺ സമർപ്പിക്കാൻ കഴിയാത്തതുമൂലം വലിയ പിഴ നൽകേണ്ടി വരുന്ന സാഹചര്യം ഉണ്ടാകുന്നത് പരിഹരിക്കുവാൻ സർക്കാർ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്;

(സി) സാങ്കേതിക തകരാറുകൾ മൂലം വ്യാപാരികൾക്ക് ജി.എസ്.ടി. റിട്ടേൺ സമർപ്പിക്കാൻ കഴിയാതിരിക്കുന്ന സാഹചര്യം ഒഴിവാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

<u>പെട്രോളിയം ഉൽപ്പന്നങ്ങൾക്ക് ജി എസ് ടി</u>

2345. **ശ്രീ.**എൻ. ഷംസുദ്ദീൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ പെട്രോളിയം ഉൽപ്പന്നങ്ങളുടെ ഇടയ്ക്കിടെയുള്ള വിലവർദ്ധനവിലെ ആഘാതം കുറയ്ക്കുന്നതിനായി എത്ര തവണ നികുതി നിരക്കിൽ കുറവു വരുത്തുകയുണ്ടായി ; വിശദാംശം നൽകുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രസ്തുത വിഷയത്തിൽ എത്ര തവണ നികുതി നിരക്കിൽ കുറവു വരുത്തി എന്നതിന്റെ വിശദവിവരം നൽകുമോ;

(സി) പെട്രോളിയം ഉൽപ്പന്നങ്ങളെ ജി.എസ്.ടി. യിൽ ഉൾപ്പെടുത്തുവാനും അതിനാലുണ്ടാകുന്ന നഷ്ടം പരിഹരിക്കുവാൻ ജി.എസ്.ടി. കോമ്പൻസേഷൻ നിയമത്തിൽ ആവശ്യമായ മാറ്റം വരുത്തുവാനും കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുവാൻ ഉചിതമായ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

<u>വ്യാജ സിഗരറ്റ് വിൽപ്പന മൂലമുള്ള നികുതി നഷ്ടം</u>

2346. **ശ്രീ.**പാറക്കൽ അബ്ദുല്ല **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രാജ്യാന്തര ബ്രാൻഡുകളുടെ വ്യാജ സിഗരറ്റ് വിൽപ്പന നടക്കുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കഴിഞ്ഞ 3-4 വർഷത്തിനിടയിൽ വ്യാജ സിഗരറ്റ് വിൽപ്പന ഇരട്ടിയായി മാറിയ കാര്യം പരിശോധിക്കുകയുണ്ടായോ;

(സി) അംഗീകൃത ബ്രാൻഡുകളുടെ സിഗരറ്റുകൾ സംസ്ഥാന സർക്കാരിന് സെസ് ഉൾപ്പെടെ എഴുപത്തി മൂന്ന് ശതമാനം നികുതി നൽകിയാണോ വിൽപ്പന നടത്തുന്നത്; എങ്കിൽ ഇതുവഴി 13,000 കോടി രൂപ പ്രതിവർഷം നികുതിയായി ലഭിക്കുന്നുണ്ടോ എന്നറിയിക്കാമോ;

(ഡി) വ്യാജ സിഗരറ്റു വിൽപ്പനക്കാർ നികുതി നൽകാത്തതിനാൽ ഇത്രയും തുക നികുതി ഇനത്തിൽ സർക്കാരിന് ലഭിക്കാത്ത സാഹചര്യമുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

<u>പ്രളയസെസ്സ്</u>

2347. **ശ്രീ.**എൻ. ഷംസുദ്ദീൻ **:** താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പ്രളയസെസ്സ് വഴി എന്ത് തുക പിരിഞ്ഞു കിട്ടിയിട്ടുണ്ട് എന്നതിന്റെ വിശദവിവരം ലഭ്യമാക്കുമോ?

<u>ട്രഷറി എ.ടി.എം. കാർഡ് വിതരണം</u>

2348. **ശ്രീമതി.**പി. അയിഷാ പോറ്റി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രഷറി സേവിംഗ്സ് അക്കൗണ്ട് ഉടമകൾക്ക് എ.ടി.എം. കാർഡ് വിതരണം ചെയ്യുന്നതിന് ധനവകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ നൽകുമോ; കാർഡ് വിതരണം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ?

<u>ട്രഷറി നിയന്ത്രണം</u>

2349. ശ്രീ.കെ.സി.ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020 ഫെബ്രുവരി 1 വരെ ഗ്രാമ ബ്ലോക്ക് ജില്ലാ പഞ്ചായത്തുകൾ, നഗരസഭകൾ എന്നിവയുടെ പദ്ധതി ചെലവിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) ട്രഷറി നിയന്ത്രണം മൂലം, പ്രാദേശിക സർക്കാരുകളുടെ പദ്ധതി പ്രവർത്തനം പൂർത്തിയാക്കി സമർപ്പിച്ച ബില്ലുകൾ മാറി നൽകുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ത്രിതല പഞ്ചായത്തുകളുടെ പദ്ധതി വിഹിതം അനുവദിക്കാതിരിക്കാൻ കാരണം എന്താണെന്ന് വിശദമാക്കുമോ;

(ഡി) നിലവിൽ ഏതെല്ലാം തരത്തിലുള്ള ട്രഷറി നിയന്ത്രണമാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ?

ട്രഷറി നിക്ഷേപങ്ങൾ

2350. ശ്രീ.ബി.ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രഷറി നിക്ഷേപങ്ങൾ ആകർഷകമാക്കുന്നതിനും നിക്ഷേപകർക്ക് സൗഹൃദാന്തരീക്ഷം സൃഷ്ടിക്കുന്നതിനും ട്രഷറികൾ നവീകരിക്കുന്നതിനും സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വിശദമാക്കാമോ;

(ബി) ട്രഷറി സ്ഥിരനിക്ഷേപങ്ങളുടെ സർട്ടിഫിക്കറ്റുകൾ ബാങ്കുകളിലേതുപോലെ പെട്ടെന്ന് നശിക്കാത്ത തരത്തിൽ കവർ ചെയ്ത് നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ബില്ലുകൾ

2351. ശ്രീ.അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ എത്ര ബില്ലുകൾ പണമില്ലാത്തതിനാൽ പാസ്സാക്കാൻ കഴിയാതെ ട്രഷറികളിലുണ്ട് എന്നറിയിക്കുമോ;

(ബി) ലൈഫ് മിഷൻ പദ്ധതിയിൻ കീഴിൽ സംസ്ഥാന സർക്കാർ വിഹിതമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകേണ്ടത് എത്ര രൂപയാണെന്നും ഇതിൽ എത്ര തുക നൽകിയെന്നും എത്ര തുക നൽകാൻ ബാക്കിയുണ്ടെന്നും വ്യക്തമാക്കുമോ?

സംസ്ഥാന ലോട്ടറി റെഗുലേഷൻ

2352. ശ്രീ.വി.എസ്.ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോട്ടറി നടത്തുമ്പോൾ സംസ്ഥാന സർക്കാരുകൾ അവലംബിക്കേണ്ട വ്യവസ്ഥകൾ സംബന്ധിച്ച് 28-ാം ജി.എസ്.ടി. കൗൺസിൽ ശിപാർശ നൽകിയിട്ടുണ്ടോ;

(ബി) ഈ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ച് സംസ്ഥാന ലോട്ടറി റെഗുലേഷൻ ഭേദഗതി ചെയ്തിട്ടുണ്ടോ എന്ന് വെളിപ്പെടുത്താമോ;

(സി) ലോട്ടറികളുടെ വില വർദ്ധിപ്പിക്കുവാൻ തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ അതിനുള്ള സാഹചര്യം എന്തായിരുന്നു എന്ന് അറിയിക്കുമോ;

(ഡി) സംസ്ഥാന ലോട്ടറിയുടെ വ്യാജ ടിക്കറ്റുകൾ വില്പന നടത്തുന്നതായ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) വില്പനക്കായി പ്രിന്റ് ചെയ്ത് പുറത്തിറക്കുന്ന ടിക്കറ്റുകളുടെ സുരക്ഷ വർദ്ധിപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(എഫ്) ലോട്ടറി ടിക്കറ്റുകളുടെ ആധികാരികത പരിശോധിക്കുന്നതിനായി മൊബൈൽ ആപ്ലിക്കേഷൻ നിലവിലുണ്ടോ; വിശദമാക്കുമോ?

<u>ലോട്ടറി മേഖലയുടെ നവീകരണം</u>

2353. ശ്രീ.സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ലോട്ടറിയുടെ പുതുക്കിയ വില, ഏജന്റുമാർക്കുള്ള കമ്മീഷൻ, സമ്മാനഘടന എന്നിവയിൽ വന്നിട്ടുള്ള മാറ്റങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) തൊഴിൽരഹിതർക്കും മറ്റ് അവശ വിഭാഗങ്ങൾക്കും പുതുതായി ലോട്ടറി ഏജൻസി നൽകുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിക്കുമോ;

(സി) ആലപ്പുഴ ജില്ലയിൽ ഭാഗ്യക്കുറി വകുപ്പിന് എത്ര സബ് ആഫീസുകളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) കൂടുതൽ സബ് ആഫീസുകൾ തുടങ്ങുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കുമോ?

<u>ലോട്ടറി നികുതി ഏകീകരണം</u>

2354. ശ്രീ.മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോട്ടറി നികുതി ഏകീകരിച്ചതുവഴി ലോട്ടറി മേഖലയിലും സംസ്ഥാനത്തെ സാമ്പത്തികരംഗത്തും എന്തെല്ലാം പ്രതിസന്ധികൾ ഉണ്ടാകുമെന്നാണ് കരുതുന്നത്; ഇത് മറികടക്കാൻ എന്തെല്ലാം നടപടികളാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുള്ളത്;

(ബി) നികുതി ഏകീകരണം നടപ്പിലാക്കിയാൽ അന്യസംസ്ഥാന ലോട്ടറികളെ നിയന്ത്രിക്കാമെന്ന് കേന്ദ്ര സർക്കാർ ഏതെങ്കിലും തരത്തിലുള്ള ഉറപ്പുകൾ നൽകിയിട്ടുണ്ടോ; എങ്കിൽ ഈ ഉറപ്പ് നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികൾ സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

<u>ഭാഗ്യക്കുറി വകുപ്പിൽ രജിസ്റ്റർ ചെയ്ത ലോട്ടറി ഏജന്റുമാർ</u>

2355. ശ്രീ.സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭാഗ്യക്കുറി വകുപ്പിൽ രജിസ്റ്റർ ചെയ്ത എത്ര ലോട്ടറി ഏജന്റുമാരുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) ലോട്ടറി ഏജന്റുമാർക്ക് ക്ഷേമനിധിയിൽ നിന്ന് എന്തെല്ലാം ആനുകൂല്യങ്ങളാണ് ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>കൊല്ലം ജില്ലാ ഭാഗ്യക്കുറി സബ് ആഫീസ്</u>

2356. ശ്രീ.ജി.എസ്.ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലാ ഭാഗ്യക്കുറി ഓഫീസിന്റെ ഒരു സബ് ഓഫീസ് ചാത്തന്നൂരിൽ ആരംഭിക്കുന്നതിന് ജനപ്രതിനിധി നൽകിയ നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്മേൽ ഇതിനകം സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) ചാത്തന്നൂരിൽ ഭാഗ്യക്കുറി സബ് ആഫീസ് ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടെങ്കിൽ ആയത് വ്യക്തമാക്കാമോ?

<u>ഓഡിറ്റ് കമ്മീഷൻ രൂപീകരണം</u>

2357. ശ്രീ.കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓഡിറ്റ് കമ്മീഷൻ രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടർ നൽകിയ റിപ്പോർട്ട് തദ്ദേശസ്വയംഭരണ വകുപ്പിന്റെ പരിശോധനക്കായി സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ് സമർപ്പിച്ചത് എന്ന് വ്യക്തമാക്കാമോ;

(ബി) തദ്ദേശസ്വയംഭരണ വകുപ്പിന്റെ പരിശോധന പൂർത്തിയായിട്ടുണ്ടെങ്കിൽ ആയതിന് ശേഷം പ്രസ്തുത കാര്യത്തിൽ ഉണ്ടായ പുരോഗതി വിശദമാക്കാമോ?

<u>കെ.എസ്.എഫ്.ഇ. നടപ്പാക്കി വരുന്ന വിവിധ നിക്ഷേപ പദ്ധതികൾ</u>

2358. ശ്രീ.എസ്.ശർമ്മ
,, വി. അബ്ദുറഹിമാൻ
,, ഡി.കെ. മുരളി
,, വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ് അൻപത് വർഷം വിജയകരമായി പൂർത്തീകരിച്ചിരിക്കുന്ന വേളയിൽ കെ.എസ്.എഫ്.ഇ.-യെ കൂടുതൽ ശാക്തീകരിക്കുന്നതിന് ഈ സർക്കാർ ആവിഷ്കരിച്ചിട്ടുള്ള നൂതന പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) ചിട്ടിക്ക് പുറമേ കെ.എസ്.എഫ്.ഇ. നടപ്പാക്കി വരുന്ന വിവിധ നിക്ഷേപ പദ്ധതികൾ ഏതൊക്കെയാണ്;

(സി) കെ.എസ്.എഫ്.ഇ.യുടെ പ്രവാസി ചിട്ടിയിൽ നിന്നുള്ള വരുമാനത്തിലൂടെ എത്ര തുക കിഫ്ബിയിൽ നിക്ഷേപിക്കാൻ സാധിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) കെ.എസ്.എഫ്.ഇ. കുടുംബശ്രീയുമായി ചേർന്ന് സാധാരണക്കാരായ സ്ത്രീകൾക്ക് പരസ്പര ജാമ്യത്തിൽ ചിട്ടി തുടങ്ങുന്നതിനുള്ള പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

## <u>കെ.എസ്.എഫ്.ഇ. ജീവനക്കാരുടെ ഡി.എ. കുടിശ്ശിക</u>

2359. **ശ്രീ.കെ.എം.ഷാജി :** താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെ.എസ്.എഫ്.ഇ.യിലെ ജീവനക്കാർക്ക് നിലവിൽ എത്ര ശതമാനം ഡി.എ. കുടിശ്ശിക നൽകാനുണ്ട്; ഇത് എന്നത്തേക്ക് നൽകുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ?

## <u>കെ.എസ്.എഫ്.ഇ. ബ്രാഞ്ചുകൾ</u>

2360. **ശ്രീ.പി. ഉണ്ണി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ പ്രദേശങ്ങളിലും കെ.എസ്.എഫ്.ഇ. ബ്രാഞ്ചുകൾ പ്രവർത്തിക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ;

(ബി) പാലക്കാട് ജില്ലയിൽ നിലവിൽ ഏതെല്ലാം പ്രദേശങ്ങളിൽ കെ.എസ്.എഫ്.ഇ. ബ്രാഞ്ചുകൾ പ്രവർത്തിക്കുന്നുണ്ട്; വിശദാംശം ലഭ്യമാക്കാമോ;

(സി) പാലക്കാട് ജില്ലയിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും കെ.എസ്.എഫ്.ഇ.യുടെ ബ്രാഞ്ചുകൾ ആരംഭിക്കുന്നകാര്യം പരിഗണിക്കാമോ?

## <u>കെ.എസ്.എഫ്.ഇ.യിലെ ഉന്നത മാനേജീരിയൽ തസ്തിക</u>

2361. **ശ്രീ.കെ.എം.ഷാജി :** താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെ.എസ്.എഫ്.ഇ.യ്ക്ക് സർക്കാർ പുതുതായി അനുവദിച്ച ഉന്നത മാനേജീരിയൽ തസ്തികയിലേക്ക് നിയമനം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന്റെ നടപടിക്രമങ്ങളുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ?

## <u>കാരുണ്യ പദ്ധതി</u>

2362. ശ്രീ.മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് ആരംഭിച്ചതും പതിനായിരക്കണക്കിന് രോഗികൾക്ക് പ്രയോജനകരവുമായിരുന്ന കാരുണ്യ പദ്ധതി നിർത്തലാക്കിയിട്ടുണ്ടോ;

(ബി) കാരുണ്യ പദ്ധതിയുടെ കീഴിൽ ഏതെങ്കിലും വിഭാഗം രോഗികൾക്ക് ലഭിച്ചുകൊണ്ടിരുന്ന എന്തെങ്കിലും ആനുകൂല്യം നിർത്തലാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) കാരുണ്യ പദ്ധതിയുടെ കീഴിൽ ആനുകൂല്യം ലഭിച്ചു കൊണ്ടിരുന്ന ഏതെല്ലാം രോഗങ്ങൾക്കുള്ള ചികിത്സാ സഹായമാണ് പുതിയ ഇൻഷ്വറൻസ് പദ്ധതിയിൽ നിന്ന് ഒഴിവാക്കിയത്;ഇത്തരം രോഗികൾക്ക് ഉണ്ടായിട്ടുള്ള പ്രയാസങ്ങൾ പരിഹരിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

## കാരുണ്യ ആരോഗ്യസുരക്ഷാ പദ്ധതി

2363. ശ്രീ.പി.ഉബൈദുള്ള

,, സി.മമ്മൂട്ടി

,, വി.കെ.ഇബ്രാഹിം കുഞ്ഞ്

,, കെ.എൻ.എ ഖാദർ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് കാരുണ്യ ബെനവലന്റ് ചികിത്സാ ധനസഹായ പദ്ധതി നിർത്തലാക്കി പകരം ആരോഗ്യസുരക്ഷാ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

## മെഡിസെപ് പദ്ധതി

2364. ശ്രീമതി.പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കുമായി നടപ്പാക്കുന്ന മെഡിസെപ് പദ്ധതിയിൽ നിലവിൽ എത്ര പേർ അംഗങ്ങൾ ആയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് പദ്ധതി ആരംഭിച്ചിട്ടുണ്ടോയെന്നതിന്റെ വിശദാംശങ്ങൾ നൽകുമോ?

## മെഡിസെപ് പാക്കേജ് നിരക്കുകൾ

2365. ശ്രീ.പി.കെ.അബ്ദു റബ്ബ്

ഡോ.എം. കെ. മുനീർ

ശ്രീ.മഞ്ഞളാംകുഴി അലി

,, പി.കെ.ബഷീർ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സർക്കാർ ജീവനക്കാരുടെ പെൻഷൻകാരുടെയും ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയായ മെഡിസെപിന്റെ പാക്കേജ് നിരക്കുകൾ പുനപരിശോധിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദവിവരം അറിയിക്കുമോ?

<u>സർക്കാർ ജീവനക്കാരുടെ മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതി</u>

2366. **ശ്രീ.ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ ജീവനക്കാർക്ക് നടപ്പിലാക്കുന്ന മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതി പ്രാബല്യത്തിലായിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ;

(ബി) ടി പദ്ധതിയിൽ ജീവനക്കാരിൽ നിന്ന് എത്ര രൂപയാണ് പ്രീമിയം തുകയായി ഈടാക്കാൻ ഉദ്ദേശിക്കുന്നത് ; അറിയിക്കാമോ;

(സി) ടി പദ്ധതി നടപ്പിലാക്കുന്നതിന് പുതിയ കമ്പനിയെ കണ്ടെത്തുന്നതിന് ടെൻഡർ നടപടി പൂർത്തീകരിച്ചോ; വിശദാംശം അറിയിക്കാമോ?

<u>സർക്കാർ ജീവനക്കാർക്കുള്ള മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതി</u>

2367. **ശ്രീ.വി. അബ്ദുറഹിമാൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ജീവനക്കാർക്കായി പുതുതായി ഏതെങ്കിലും മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) നേരത്തെ ആവിഷ്കരിച്ച മെഡിസെപ് പൂർണ്ണമായി റദ്ദ് ചെയ്തിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ;

(സി) പുതിയ സാഹചര്യങ്ങൾക്ക് അനുസൃതമായി ജീവനക്കാർക്ക് കൂടുതൽ വേഗത്തിലും പ്രായോഗികവുമായി പ്രയോജനപ്പെടുന്ന ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുമോ?

<u>ആലത്തൂർ താലൂക്ക് സ്റ്റാമ്പ് വെണ്ടറുടെ ലൈസൻസ്</u>

2368. **ശ്രീ.കെ.ഡി. പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ താലൂക്ക് ഓഫീസ് സ്റ്റാമ്പ് വെണ്ടർ മരണപ്പെട്ടതുമൂലം ജനങ്ങൾക്ക് ലഭിക്കേണ്ട സേവനം തടസ്സപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പരേതനായ സ്റ്റാമ്പ് വെണ്ടറുടെ ലൈസൻസ് സറണ്ടർ ചെയ്തിട്ടുണ്ടോ എന്നറിയിക്കാമോ;

(സി) നിലവിൽ സ്റ്റാമ്പ് വെണ്ടറുടെ സേവനം തടസ്സപ്പെട്ടത് പരിഹരിക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>മുദ്രപത്രവില, ആധാരം രജിസ്ട്രേഷൻ ഫീസ് എന്നിവയിലൂടെയുള്ള വരുമാനത്തിൽ കുറവ്</u>

2369. ശ്രീ.എം.ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുദ്രപത്രവില, ആധാര രജിസ്ട്രേഷൻ ഫീസ് എന്നിവയിലൂടെയുള്ള വരുമാനത്തിൽ ഓരോ വർഷവും കുറവ് വരുന്നതിന്റെ കാരണങ്ങളെ സംബന്ധിച്ച് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഭൂമിയുടെ ന്യായവിലയിൽ ഉണ്ടായ വർദ്ധനവ് ഇതിന് കാരണമായി കരുതുന്നുണ്ടോ; വ്യക്തമാക്കാമോ;

(സി) ഭൂമിയുമായി ബന്ധപ്പെട്ട നിക്ഷേപം കുറയുന്നതിന്റെയും തദനുസരണമായി മുദ്രപത്ര വില വരുമാനം കുറയുന്നതിന്റെയും കാരണങ്ങൾ സംബന്ധിച്ച് പരിശോധിക്കാൻ നടപടികൾ സ്വീകരിക്കുമോ?

<u>ചകിരിനാര് ഉപയോഗം</u>

2370. ശ്രീ.സി.മമ്മൂട്ടി : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചകിരിനാര് ഉപയോഗിച്ച് ശബ്ദനിയന്ത്രണത്തിനുള്ള അകൗസ്റ്റിക് പാനലും പ്ലൈവുഡിനു ബദലായ ബോർഡും നിർമ്മിക്കാനുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ?

<u>പച്ചത്തൊണ്ട് സംഭരണം</u>

2371. ശ്രീ.വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പച്ചത്തൊണ്ട് സംഭരിക്കുന്നതിനായി കൺസോർഷ്യം രൂപീകരിക്കുന്നതിനുള്ള നടപടിയുടെ പുരോഗതി വിശദമാക്കാമോ;

(ബി) പൈതൃക ഇനമായ അഞ്ചുതെങ്ങ് കയറിനു പ്രത്യേകപരിഗണന നൽകി ഇവ ഉത്പാദിപ്പിക്കുന്ന സംഘങ്ങളെയും തൊഴിലാളികളെയും സംരക്ഷിക്കുന്നതിനായി എന്തെങ്കിലും പദ്ധതികൾ ആരംഭിച്ചിട്ടുണ്ടോ; ആയതു വിശദമാക്കാമോ?

<u>കയർ മേഖല</u>

2372. ശ്രീ.സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കയർ മേഖല അതീവ ഗുരുതരമായ പ്രതിസന്ധി നേരിടുന്നുവെന്നത് വസ്തുതയല്ലേ; എങ്കിൽ അതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രതിസന്ധി മറികടക്കുവാൻ പൊതുമേഖലാ സ്ഥാപനമായ കയർ കോർപ്പറേഷൻ റിയലൻസുമായി സഹകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; ഏതൊക്കെ മേഖലകളിലെന്ന് അറിയിക്കാമോ;

(സി) 2007ലെ കയർ കേരളയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായി 100 കോടി രൂപയുടെ കയർ ഭൂവസ്ത്രം നൽകാമെന്ന കരാറിൽ ഒപ്പുവച്ചിരുന്നോയെന്ന് അറിയിക്കാമോ;

(ഡി) പ്രസ്തുത ധാരണ പ്രകാരം കയർ ഭൂവസ്ത്രം നൽകുവാൻ സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ?

<u>കയർ മേഖലയുടെ നവീകരണം</u>

2373. ശ്രീ.പി.സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ മേഖലയുടെ നവീകരണത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത്; വിശദമാക്കുമോ;

(ബി) കയർ മേഖലയിൽ പ്രവർത്തിക്കുന്ന തൊഴിലാളികൾക്ക് പരമാവധി തൊഴിൽ ലഭ്യമാക്കുന്നതിലേയ്ക്കായി അടിസ്ഥാന വസ്തുവായ തൊണ്ട് അന്യസംസ്ഥാനങ്ങളിൽ നിന്നടക്കം ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത്;വ്യക്തമാക്കാമോ;

(സി) കയർ വ്യവസായത്തിൽ സമ്പൂർണ നവീകരണം നടപ്പിലാക്കുന്നതിന് തയ്യാറാകുമോ; വിശദമാക്കുമോ?

<u>കയർ നിർമ്മാണ മേഖലയുടെ ആധുനികവത്കരണം</u>

2374. ശ്രീ.കെ.സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ നിർമ്മാണ മേഖലയിലെ ആധുനികവത്കരണത്തിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(ബി) ഈ മേഖലയിലെ വൈവിധ്യവത്കരണം, ഗവേഷണം എന്നിവയ്ക്ക് 2016 മുതൽ 2019 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ എത്ര രൂപ ചെലവഴിച്ചു; വിശദമാക്കുമോ?

<u>**2019-**ൽ നടന്ന കയർ കേരള</u>

2375. ശ്രീമതിഷാനിമോൾ ഉസ്മാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-ൽ നടന്ന കയർകേരള സംസ്ഥാനത്തെ കയർ മേഖല നേരിടുന്ന ഗുരുതരമായ സ്ഥിതിവിശേഷം പരിഹരിക്കുന്നതിന് സഹായമാകുമെന്ന് വിലയിരുത്തുന്നുണ്ടോ;

(ബി) ചകിരിനാര് ഉപയോഗിച്ച് ശബ്ദനിയന്ത്രണത്തിനായി അക്കൗസ്റ്റിക്ക് പാനൽ നിർമ്മിക്കുന്നതിന് ധാരണയായിട്ടുണ്ടോ; ഇതിന് പുറമെ വേറെ ഏതൊക്കെ മേഖലകളിലാണ് ധാരണാപത്രം ഒപ്പിട്ടിട്ടുള്ളത്;

(സി) കയർ കേരളയിൽ കയർ ഭൂവസ്ത്രത്തിന് ഓർഡർ ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആരിൽ നിന്നൊക്കെയാണെന്നും എത്ര കോടി രൂപയുടേതാണെന്നും വ്യക്തമാക്കാമോ?

<u>കെ.സിഫ്റ്റ് പോർട്ടൽ</u>

2376. ശ്രീ.പി.കെ.ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ സംരംഭകർക്ക് ഓൺലൈനിലൂടെ അനുമതി നൽകുന്നതിനുള്ള കെ-സ്വിഫ്റ്റ് പോർട്ടലിൽ രജിസ്റ്റർ ചെയ്ത അപേക്ഷകളിൽ എത്രയെണ്ണത്തിന് അനുമതി നൽകാൻ ബാക്കിയുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) കെ-സ്വിഫ്റ്റ് പോർട്ടൽ വഴി അനുമതി നൽകുന്നതിന് സമയ പരിധി നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ എത്ര സമയത്തിനുള്ളിൽ അനുമതി നല്കമെന്ന് വെളിപ്പെടുത്തുമോ?

<u>സഹകരണ സംഘങ്ങൾക്ക് വ്യവസായം ആരംഭിക്കുന്നതിന് സർക്കാർ ഭൂമി ലഭ്യമാക്കുന്നതിന് നടപടി</u>

2377. ശ്രീമതി യു. പ്രതിഭ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ സംഘങ്ങൾക്ക് വ്യവസായം ആരംഭിക്കുന്നതിന് സർക്കാർ വക ഭൂമി ലഭ്യമാക്കുന്നതിന് നിലവിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) സഹകരണമേഖലയിൽ വ്യവസായ സംരംഭം ആരംഭിക്കുന്നവർക്ക് വ്യവസായ വകുപ്പ് എന്തെങ്കിലും പ്രോത്സാഹനമോ സഹായമോ നൽകിവരുന്നുണ്ടോ; ഇല്ലെങ്കിൽ ആലോചിക്കുമോ;

(സി) വ്യക്തികൾക്കോ സ്വകാര്യസ്ഥാപനങ്ങൾക്കോ വ്യവസായം ആരംഭിക്കുന്നതിന് ഭൂമി നൽകുന്നതിലും സുരക്ഷിതമായി സർക്കാരിൽ തന്നെ പ്രസ്തുത ഭൂമി നിക്ഷിപ്തമായിരിക്കുന്നതിനാൽ സഹകരണ, വ്യവസായ വകുപ്പുകൾ തമ്മിൽ ഭൂമി കൈമാറുന്നതിന് സുതാര്യതയും വേഗതയും ഉണ്ടാകുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കുമോ?

<u>അമരവിള ചൂടുകൽ വ്യവസായ സഹകരണ സംഘത്തിന്റെ തെരഞ്ഞെടുപ്പ്</u>

2378. ശ്രീ.കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

നെയ്യാറ്റിൻകര അമരവിള ചുടുകൽ വ്യവസായ സഹകരണ സംഘത്തിന്റെ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് പട്ടികജാതി മണ്ഡലത്തിൽ മൽസരിച്ച വ്യക്തി പട്ടികജാതി ഹിന്ദു സർട്ടിഫിക്കറ്റ് നൽകിയതുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ ഖാദി വ്യവസായ വകപ്പ് നൽകിയ 36044/18 നമ്പർ ഹർജിയുടെ നിലവിലെ അവസ്ഥ എന്തെന്ന് വ്യക്തമാക്കുമോ?

<u>കെ-സ്വിഫ്റ്റ്</u>

2379. ശ്രീ.പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ സൂക്ഷ്മ - ഇടത്തരം - ചെറുകിട മേഖലയിൽ എത്ര പുതിയ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്;

(ബി) കെ-സ്വിഫ്റ്റ് ഓൺലൈൻ രജിസ്ട്രേഷൻ പോർട്ടൽ പരിഷ്കരിച്ചതിലൂടെ എന്തെല്ലാം ആനുകൂല്യങ്ങളാണ്

വ്യവസായ രജിസ്ട്രേഷൻ നടത്താനാഗ്രഹിക്കുന്നവർക്ക് ലഭ്യമാവുക; വിശദമാക്കുമോ?

<u>പുതിയ വ്യവസായങ്ങൾക്ക് സബ്സിഡി</u>

2380. **ശ്രീ.എം. സി. കമറുദ്ദീൻ :** താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ മന്ത്രി സദയം മറുപടി നൽകുമോ:

ഈ വർഷം ഏപ്രിൽ ഒന്ന് മുതൽ രജിസ്റ്റർ ചെയ്യുന്ന പുതിയ വ്യവസായങ്ങൾക്ക് തൊഴിലവസരങ്ങളുടെ അടിസ്ഥാനത്തിൽ സബ്സിഡി നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ?

<u>പുതിയ വ്യവസായങ്ങൾക്ക് സബ്സിഡി</u>

2381. **ശ്രീ.സി.മമ്മൂട്ടി :** താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ മന്ത്രി സദയം മറുപടി നൽകുമോ:

ഈ വർഷം ഏപ്രിൽ ഒന്ന് മുതൽ രജിസ്റ്റർ ചെയ്യുന്ന പുതിയ വ്യവസായങ്ങൾക്ക് തൊഴിലവസരങ്ങളുടെ അടിസ്ഥാനത്തിൽ സബ്സിഡി നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ?

<u>പുതിയ വ്യവസായങ്ങൾക്കുള്ള സബ്സിഡി</u>

2382. **ശ്രീ.കെ.എൻ.എ ഖാദർ**

**,, പി.കെ.ബഷീർ :** താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ മന്ത്രി സദയം മറുപടി നൽകുമോ:

2020 ഏപ്രിൽ ഒന്ന് മുതൽ രജിസ്റ്റർ ചെയ്യുന്ന പുതിയ വ്യവസായങ്ങൾക്ക് തൊഴിലവസരങ്ങളുടെ അടിസ്ഥാനത്തിൽ സബ്സിഡി നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം അറിയിക്കാമോ?

<u>സർക്കാർ ഇ-മാർക്കറ്റിംഗിലെ സ്റ്റാർട്ടപ്പ് സ്ഥാപനങ്ങൾ</u>

2383. **ശ്രീ.കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് ഇ-മാർക്കറ്റ് പ്ലേയിസ് എന്ന സ്കീമിൽ സംസ്ഥാന സ്റ്റാർട്ടപ്പ് മിഷന് കീഴിലുള്ള സ്റ്റാർട്ടപ്പ് സ്ഥാപനങ്ങളിൽ നിന്ന് കൃഷി, വേസ്റ്റ് മാനേജ്മെന്റ്,സാനിട്ടേഷൻ, വ്യവസായം എന്നീ മേഖലയിലെ സ്ഥാപനങ്ങളെ ഉൾപ്പെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) സ്റ്റാർട്ടപ്പ് മിഷനിൽ രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങൾക്ക് സർക്കാർ പദ്ധതികളിൽ നേരിട്ട് സാധനങ്ങൾ വിതരണം നടത്തുന്നതിന് എത്ര ലക്ഷം രൂപയുടെ പരിധിയാണ് നിശ്ചയിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ; ആയതിലേയ്ക്ക് ടെൻഡർ നടപടിക്രമങ്ങൾ ആവശ്യമുണ്ടോ എന്ന് വിശദമാക്കുമോ?

കെ.എം.എം.എൽ. ന്റെ പ്രവർത്തനം

2384. ശ്രീ.വി.ഡി.സതീശൻ

,, വി.പി.സജീന്ദ്രൻ

,, അൻവർ സാദത്ത്

,, എ.പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഏറ്റവും കൂടുതൽ ലാഭത്തിൽ പ്രവർത്തിച്ചിരുന്ന കെ.എം.എം.എൽ. നഷ്ടത്തിലേയ്ക്ക് കൂപ്പുകുത്തുന്നു എന്ന വാർത്ത വസ്തുതാപരമാണോ; എങ്കിൽ അതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) കെ.എം.എം.എൽ.-ന്റെ കരിമണൽ ഖനനാനുമതി റദ്ദാക്കികൊണ്ട് മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണം എന്താണെന്ന് വിശദമാക്കാമോ;

(സി) ബെനിഫിഷിയേറ്റഡ് ഇൽമനൈറ്റ് പുറത്ത് നിന്നും വാങ്ങി കമ്പനിയിൽ ഉല്പാദനം നടത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ കമ്പനിയിൽ നിന്നും ഇത് വാങ്ങുവാനാണ് കരാറിൽ ഏർപ്പെട്ടിട്ടുള്ളത്; വിശദാംശം നൽകുമോ?

കേരള സോപ്സ് പരിഷ്കരണം

2385. ശ്രീ.പി.കെ.അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സോപ്സ് കുളിക്കുന്നതിനും തുണി അലക്കുന്നതിനും വിവിധ ഇനം ഗുണനിലവാരമുള്ള സോപ്പുകൾ ഉത്പ്പാദിപ്പിക്കുന്നുണ്ടെങ്കിലും മാറിയ സാഹചര്യത്തിൽ ഉൽപ്പന്നങ്ങൾ പരിഷ്കരിക്കേണ്ടതായി സർക്കാരിന് അഭിപ്രായമുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ;

(ബി) എങ്കിൽ അലക്കു സോപ്പ് ബാറുകൾക്കു പുറമേ വാഷിംഗ് മെഷീനിൽ അലക്കുന്നതിനനുയോജ്യമായ ഗുണമേൻമയോടെ സോപ്പ് പൗഡർ മാർക്കറ്റിൽ ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാൻ കേരള സോപ്സിനു നിർദ്ദേശം നൽകുമോ?

കാസർഗോഡ് ബി.എച്ച്.ഇ.എൽ. ജീവനക്കാരുടെ ശമ്പളം

2386. ശ്രീ. എൻ .എ.നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ബി.എച്ച്.ഇ.എൽ. -ൽ ഇപ്പോൾ എത്ര ജീവനക്കാരാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇവർക്ക് എത്രമാസമായി ശമ്പളം കിട്ടുന്നില്ല എന്നും ഈ പ്രതിസന്ധിക്ക് കാരണമെന്തെന്നും വ്യക്തമാക്കാമോ;

(സി) മാസങ്ങളോളം ശമ്പളം കിട്ടാതെ വരുമ്പോൾ പട്ടിണിയിലേയ്ക്ക് എടുത്തെറിയപ്പെട്ടുന്ന

ജീവനക്കാരുടെയും കുടുംബങ്ങളുടെയും ദയനീയ അവസ്ഥ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;എങ്കിൽ സ്വീകരിച്ച ആശ്വാസ നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ഡി) കാസർഗോഡ് ജില്ലയിലെ പൊതുമേഖല സ്ഥാപനമായ ബി.എച്ച്.ഇ.എൽ.-നെയും ആ സ്ഥാപനത്തിലെ ജീവനക്കാരെയും രക്ഷിക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## പൊതുമേഖലാ സ്ഥാപനങ്ങൾ ഏറ്റെടുക്കുന്നതിനുള്ള നടപടികൾ

2387. ശ്രീ.കെ.വി.വിജയദാസ്

,, കെ.ഡി. പ്രസേനൻ

,, പി.വി. അൻവർ

,, എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ വിറ്റഴിക്കുന്ന സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾ ഏറ്റെടുക്കാൻ സംസ്ഥാനം സന്നദ്ധത അറിയിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) വെള്ളൂർ ന്യൂസ് പ്രിന്റ് ലിമിറ്റഡ് ഏറ്റെടുക്കുന്നതിനുള്ള ചെലവെത്രയാണ്; വ്യക്തമാക്കുമോ;

(സി) കഞ്ചിക്കോട് ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ്, കാസർഗോഡ് ഭെൽ ഇ.എം.എൽ എന്നിവ ഏറ്റെടുക്കുന്നതിനായി സ്വീകരിച്ച വരുന്ന നടപടികൾ അറിയിക്കാമോ;

(ഡി) ആരോഗ്യ രംഗത്തെ ശ്രദ്ധേയ സാന്നിദ്ധ്യമായ എച്ച്.എൽ.എൽ. ലൈഫ് കെയർ ലിമിറ്റഡിന്റെ മുഴുവൻ ഓഹരികളും വിൽക്കാൻ കേന്ദ്ര സർക്കാർ തീരുമാനിച്ചിട്ടുള്ള സാഹചര്യത്തിൽ അവ സംസ്ഥാനത്തിനു കൈമാറാൻ ആവശ്യം ഉന്നയിക്കുമോ;

(ഇ) പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കുന്നതിനു സ്വീകരിച്ചുവരുന്ന പ്രധാന നടപടികൾ എന്തൊക്കെയെന്ന് അറിയിക്കാമോ?

## പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളിലെ ശമ്പളപരിഷ്കരണം

2388. ശ്രീ.യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ എത്ര പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളിൽ ശമ്പളപരിഷ്കരണം നടപ്പിലാക്കിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(ബി) പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളിലെ ശമ്പളപരിഷ്കരണം സമയബന്ധിതമായി നടപ്പിലാക്കാനുള്ള നടപടി സ്വീകരിക്കുന്നതിന് മുൻഗണന നൽകുമോ; വിശദമാക്കുമോ?

## നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ

2389. ശ്രീ.സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ ഏതെല്ലാം എന്ന് വ്യക്തമാക്കുമോ; ഓരോ സ്ഥാപനത്തിന്റെയും നഷ്ടം എത്രയെന്നും വ്യക്തമാക്കുമോ;

(ബി) നിലവിൽ നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളിൽ എത്ര ജീവനക്കാരാണ് ജോലി ചെയ്യുന്നതെന്ന് വ്യക്തമാക്കുമോ?

<u>കെൽട്രോൺ ഉത്പാദിപ്പിക്കുന്ന ഹിയറിംഗ് എയ്ഡ്</u>

2390. ശ്രീ.കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ പൊതുമേഖലാസ്ഥാപനമായ കെൽട്രോൺ നന്തി യൂണിറ്റ് ഉത്പാദിപ്പിക്കുന്ന ഹിയറിംഗ് എയ്ഡ് ഉത്പന്നം മാർക്കറ്റ് ചെയ്യാൻ വ്യവസായ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) സർക്കാരിന്റെ വിവിധ വകുപ്പുകൾ വിവിധ പദ്ധതികളിലൂടെ നടപ്പിലാക്കുന്ന കേൾവി സംബന്ധിച്ച കാര്യങ്ങളിൽ ഈ ഹിയറിംഗ് എയ്ഡുകൾ ടെണ്ടർ നടപടികളില്ലാതെ പർച്ചേസ് ചെയ്യാൻ വ്യവസായ വകുപ്പ് നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(സി) കൂടുതൽ സർക്കാർ വകുപ്പുകൾ, ഇതര സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നടപ്പിലാക്കുന്ന പദ്ധതികളിൽ ഹിയറിംഗ് എയ്ഡുകൾ ഈ സ്ഥാപനത്തിൽ നിന്നും പർച്ചേസ് ചെയ്യുന്നതിന് പ്രത്യേക ഇളവ് അനുമതികൾ ലഭ്യമാക്കാൻ വകുപ്പ് മുൻകൈയെടുക്കുമോ എന്ന് അറിയിക്കുമോ?

<u>പൊതുമേഖലാസ്ഥാപനങ്ങളുടെ ലാഭം</u>

2391. ശ്രീ.എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാസ്ഥാപനങ്ങളിൽ ഏതൊക്കെ ലാഭത്തിലായിട്ടുണ്ടെന്നും ഇവ നാളിതുവരെ എത്ര കോടി രൂപയുടെ ലാഭമുണ്ടാക്കിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

<u>വ്യവസായ പുരോഗതി ത്വരിതപ്പെടുത്തുന്നതിന് നടപടി</u>

2392. ശ്രീ.റ്റി.വി.രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ വ്യവസായ പുരോഗതി ത്വരിതപ്പെടുത്തുന്നതിനായി വ്യവസായം ആരംഭിക്കുന്നതിനുള്ള വിവിധ അനുമതികൾ വേഗത്തിലാക്കുന്നതിന് സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

<u>വ്യവസായ നിക്ഷേപക സൗഹൃദമാക്കാൻ നടപടി</u>

2393. ശ്രീ.പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വ്യവസായ നിക്ഷേപക സൗഹൃദ സംസ്ഥാനമാക്കി മാറ്റുന്നതിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) സംസ്ഥാനത്തെ വിവിധ വകുപ്പുകളിൽ നിന്നും വ്യവസായം ആരംഭിക്കുന്നതിന് എൻ.ഒ.സി. ലഭിക്കുന്നതിന് അകാരണമായ കാലതാമസം ഉണ്ടാകുന്നുവെന്ന സംരംഭകരുടെ ആക്ഷേപം പരിഹരിക്കുന്നതിനായി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദീകരിക്കാമോ?

ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റ്

2394. ശ്രീ.ടി.ജെ. വിനോദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനുവരിയിൽ നടന്ന ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റിൽ സംസ്ഥാനത്തെ കൂടുതൽ വ്യവസായ സൗഹൃദമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ മുന്നോട്ട് വെച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ മേഖലകളിലാണ് ഇനിയും പരിഷ്കാരങ്ങൾ വേണ്ടതെന്ന് നിർദ്ദേശിച്ചിട്ടുള്ളത്; അറിയിക്കാമോ;

(ബി) പുതിയ കെട്ടിട നിർമ്മാണ ചട്ടങ്ങൾ നിർമ്മാണ മേഖലയെ പ്രതിസന്ധിയിലാക്കിയെന്ന ആക്ഷേപം ഉണ്ടായിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുന്നതിന് എന്ത് നിർദ്ദേശമാണ് ഇൻവെസ്റ്റേഴ്സ് മീറ്റിൽ ഉണ്ടായതെന്ന് വെളിപ്പെടുത്തുമോ;

(സി) ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റ് സംസ്ഥാനത്തിന്റെ വ്യവസായ മേഖലയിൽ എന്തൊക്കെ ചലനങ്ങൾ ഉണ്ടാക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്; വ്യക്തമാക്കുമോ?

അസെൻഡ് **2020** വ്യവസായ സംഗമത്തിലെ പദ്ധതി നിർദ്ദേശങ്ങൾ

2395. ശ്രീ.മോൻസ് ജോസഫ്

,, പി.ജെ.ജോസഫ്

,, സി.എഫ്.തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ മന്ത്രി സദയം മറുപടി നൽകുമോ:

(എ) അസെൻഡ് 2020 വ്യവസായ സംഗമത്തിലെ പദ്ധതി നിർദ്ദേശങ്ങൾ വേഗത്തിൽ നടപ്പിലാക്കാൻ സ്വീകരിച്ചു വരുന്ന നടപടികൾ വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് ഇൻവെസ്റ്റ്മെൻറ് ഫെസിലിറ്റേഷൻ പ്രൊമോഷൻ കൗൺസിൽ രൂപീകരിക്കുവാൻ ഉദ്ദേശ്യമുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) അസെൻഡ് 2020 വ്യവസായ നിക്ഷേപ സംഗമത്തിൽ അനുമതി നൽകിയിട്ടുള്ളതും താത്പര്യപത്രം ലഭിച്ചതുമായ പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കാമോ?

കേരള സ്റ്റാർട്ടപ്പ് മിഷന്റെ പേറ്റന്റ് സഹായ പദ്ധതി

2396. ശ്രീ.എം.ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റാർട്ടപ്പ് മിഷന്റെ പേറ്റന്റ് സഹായ പദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിലേക്ക് കൂടുതൽ സ്റ്റാർട്ടപ്പുകളെയും വിദ്യാർത്ഥികളെയും ആകർഷിക്കുന്ന തരത്തിൽ നിലവിൽ തിരികെ നൽകുന്ന തുക വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിനയിലുണ്ടോ എന്ന് വിശദമാക്കാമോ;

(സി) ഇതുമായി ബന്ധപ്പെട്ട് 2018-നു ശേഷം എന്തെല്ലാം പരിപാടികളാണ് സ്റ്റാർട്ടപ്പ് മിഷൻ സംഘടിപ്പിച്ചതെന്ന് അറിയിക്കാമോ?

റബർ അധിഷ്ഠിത വ്യവസായ പാർക്ക്

2397. ശ്രീ.പി.സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19 ലെ ബജറ്റിൽ പ്രഖ്യാപിച്ച റബർ അധിഷ്ഠിത വ്യവസായ പാർക്ക് ആരംഭിക്കുന്നതിനുള്ള നടപടികൾ ഏതുഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ പാറത്തോട് പഞ്ചായത്തിൽ ഇത് സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയുടെ നിർമ്മാണം എപ്പോൾ ആരംഭിക്കാൻ കഴിയും എന്ന് വ്യക്തമാക്കുമോ?

പാലക്കാട് ജില്ലയിൽ വ്യവസായ വകുപ്പ് നടപ്പാക്കിയ പദ്ധതികൾ

2398. ശ്രീ.കെ.ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ മന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പ് പാലക്കാട് ജില്ലയിൽ നടപ്പാക്കിയിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണെന്ന് നിയോജകമണ്ഡലാടിസ്ഥാനത്തിൽ വ്യക്തമാക്കാമോ?

സംസ്ഥാനത്ത് പുതിയ വ്യവസായ സംരംഭങ്ങൾ

2399. ശ്രീ.കെ.എസ്.ശബരീനാഥൻ

,, വി.എസ്.ശിവകുമാർ

,, ഐ.സി.ബാലകൃഷ്ണൻ

,, ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വ്യവസായ സൗഹൃദമാക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ബി) വൻകിട വ്യവസായ മേഖലയിൽ ഏതെങ്കിലും പുതിയ വ്യവസായങ്ങൾ ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ; വ്യക്തമാക്കുമോ;

(സി) എം.എസ്.എം.ഇ. മേഖലയിൽ സ്ഥാപനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; ഇതിലൂടെ എത്ര നിക്ഷേപം ഈ മേഖലയിൽ ഉണ്ടായി എന്ന് വ്യക്തമാക്കുമോ;

(ഡി) വ്യവസായ സൗഹൃദമാക്കുന്നതിനുള്ള നിയമം വന്നശേഷം കിൻഫ്ര വ്യവസായ സംരംഭകർക്ക് ഭൂമി അനുവദിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഭൂമിയിൽ ഇതിനകം എത്ര സംരംഭങ്ങൾ ആരംഭിച്ചു; അറിയിക്കുമോ;

(ഇ) സംസ്ഥാനത്ത് കൂടുതൽ സംരംഭകരെ ആകർഷിക്കുവാൻ കിൻഫ്ര ആവിഷ്കരിക്കുന്ന പുതിയ പദ്ധതികളുടെ വിശദാംശം നൽകുമോ?

## വയനാട് ജില്ലയിലെ ചെറുകിട വ്യവസായ പദ്ധതികൾ

2400. ശ്രീ.ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ മന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ കുടുംബശ്രീയുമായി ബന്ധപ്പെട്ട് ഏതെങ്കിലും തരത്തിലുള്ള ചെറുകിട വ്യവസായ പദ്ധതികൾ ആവിഷ്കരിക്കാൻ സർക്കാർ പദ്ധതിയുണ്ടോ; ഉണ്ടെങ്കിൽ അവ ഏതെന്ന് വിശദമാക്കാമോ;

(ബി) ചെറുകിട വ്യവസായ പദ്ധതികളെ പ്രോത്സാഹിപ്പിക്കാൻ ഈ സർക്കാർ നടപ്പിലാക്കുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ?

## വള്ളിക്കുന്ന് മണ്ഡലത്തിൽ ചെറുകിട വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്ന പദ്ധതി

2401. ശ്രീ.അബ്ദുൽ ഹമീദ് പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ മന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് മണ്ഡലത്തിൽ ചെറുകിട വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്താമോ;

(ബി) വള്ളിക്കുന്ന് മണ്ഡലത്തിൽ വനിതാ സംരംഭകർക്ക് പ്രോത്സാഹനം നൽകുന്നതിന് എന്തെല്ലാം നടപടികളാണ് വ്യവസായ വകുപ്പ് ആവിഷ്കരിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ?

## പരമ്പരാഗത വ്യവസായ മേഖലയുടെ ഉന്നമനം

2402. ശ്രീ.ജെയിംസ് മാത്യു

,, കെ. ദാസൻ

,, എസ്.രാജേന്ദ്രൻ

,, സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പരമ്പരാഗത വ്യവസായ മേഖലയുടെ ഉന്നമനത്തിനായി ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(ബി) പരമ്പരാഗത വ്യവസായ മേഖലയിലെ തൊഴിലാളികൾക്ക് മെച്ചപ്പെട്ട കൂലി ലഭ്യമാക്കുന്നതിനും അവരുടെ തൊഴിൽ, വരുമാനം എന്നിവ ഉറപ്പ് വരുത്തുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(സി) പരമ്പരാഗത ഉല്പന്നങ്ങളുടെ വൈവിദ്ധ്യവത്ക്കരണത്തിനും അവയുടെ വിപണനത്തിന് ഫലപ്രദമായ കച്ചവട വിതരണ തന്ത്രങ്ങൾ ആവിഷ്കരിക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നൂതന മാർഗ്ഗങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(ഡി) പരമ്പരാഗത വ്യവസായ മേഖലയെ പ്രതികൂലമായി ബാധിക്കാത്തവിധം ഉല്പാദന പ്രക്രിയയിലെ യന്ത്രവത്ക്കരണത്തിലൂടെ ഈ മേഖലയുടെ ആധുനികവത്ക്കരണത്തിനുള്ള എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

<u>വയനാട് ജില്ലയിൽ കേരള ബ്രാന്റ് കാപ്പി സംസ്കരണ കേന്ദ്രം സ്ഥാപിക്കുവാൻ നടപടി</u>

2403. ശ്രീ.ഐ.സി.ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ കേരള ബ്രാന്റ് കാപ്പി സംസ്കരണ കേന്ദ്രം സ്ഥാപിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) ഇതിന്റെ ഭാഗമായി എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കാപ്പി സംസ്കരണ കേന്ദ്രം എന്നത്തേക്ക് സ്ഥാപിക്കുവാൻ സാധിക്കുമെന്ന് വെളിപ്പെടുത്തുമോ; വ്യക്തമാക്കുമോ?

<u>കൊച്ചി - പാലക്കാട് വ്യവസായ ഇടനാഴി</u>

2404. ശ്രീ.എസ്.ശർമ്മ
,, പി.കെ. ശശി
,, കെ.ജെ. മാക്സി
,, മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി - പാലക്കാട് വ്യവസായ ഇടനാഴിയുടെ സ്റ്റേറ്റ് സപ്പോർട്ട് എഗ്രിമെന്റിലെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) സ്ഥലം ഏറ്റെടുക്കലും വികസനവും ഏതൊക്കെ ഏജൻസികളുടെ ചുമതലയാണ്; ഭൂമി കണ്ടെത്തി അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) വ്യവസായ അടിസ്ഥാന സൗകര്യ വികസനത്തിനായി കിഫ്ബി വഴി നടത്തുന്ന പ്രവർത്തനങ്ങളേയും സ്വകാര്യ സംരംഭകരെ ആകർഷിക്കാനായുള്ള വിവിധ പദ്ധതികളെക്കുറിച്ചും അറിയിക്കാമോ?

<u>കാസർഗോഡ് ജില്ലയിലെ ചീമേനി വ്യവസായ പാർക്ക്</u>

2405. ശ്രീ.എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ചീമേനി വ്യവസായ പാർക്കിനായി കേരള ബജറ്റ് 2019-20-ൽ നാല്ല കോടി രൂപ വകയിരുത്തിയിട്ടും നാളിതുവരെയായി ഭരണാനുമതി നൽകുവാനുള്ള നടപടി സ്ഥിരീകരിക്കാൻ കഴിയാതെ വരുന്നതെന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ബജറ്റിൽ തുക വകയിരുത്താത്ത എത്ര പുതിയ പ്രോജക്ടുകളാണ് വ്യവസായ വകുപ്പിൽ പുതുതായി ഈ സാമ്പത്തിക വർഷം പ്രഖ്യാപിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

<u>ഗെയിൽ പ്രകൃതി വാതക പൈപ്പ് ലൈൻ പദ്ധതി</u>

2406. ശ്രീ.റ്റി.വി.രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗെയിൽ പ്രകൃതി വാതക പൈപ്പ് ലൈൻ പദ്ധതിയുടെ നിർമ്മാണ പുരോഗതി അറിയിക്കാമോ;

(ബി) കണ്ണൂർ ജില്ലയിൽ ഗെയിൽ പ്രകൃതി വാതക പൈപ്പ് ലൈൻ പദ്ധതിയുമായി ബന്ധപ്പെട്ട പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ടോ;

(സി) പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് ഇതുവരെ എത്ര രൂപ ഭൂവുടമകൾക്ക് നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

<u>കുണ്ടറ കെൽ ഫാക്ടറിയിലെ അൺസ്കിൽഡ് ലേബർ തസ്തികയിലെ നിയമനം</u>

2407. ശ്രീ.ജി.എസ്.ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെൽ (KEL) ഫാക്ടറിയിൽ അൺസ്കിൽഡ് ലേബർ തസ്തികയിലേക്ക് 28.5.2014-ലെ നോട്ടിഫിക്കേഷൻ പ്രകാരം 2017-ൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിൽ എത്ര പേർ ഉൾപ്പെട്ടിട്ടുണ്ട്; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും എത്രപേരെ നിയമിച്ചുവെന്നും നിയമനം ലഭിച്ചവർക്ക് എത്ര കാലം ജോലിയിൽ തുടരാൻ കഴിഞ്ഞുവെന്നും വിശദമാക്കാമോ;

(സി) നിയമനം ലഭിച്ച എത്രപേർ ഇപ്പോഴും ജോലിയിൽ തുടരുന്നുണ്ടെന്നും പ്രസ്തുത ലിസ്റ്റിൽ നിന്നും നിയമനം ലഭിച്ചവർക്ക് സ്ഥിര നിയമനം നൽകാത്തത് എന്തുകൊണ്ടെന്നും വിശദമാക്കുമോ;

(ഡി) കെൽ ഫാക്ടറികളിൽ അൺസ്കിൽഡ് ലേബേഴ്സിന്റെ എത്ര ഒഴിവുകൾ നിലവിലുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(ഇ) കുണ്ടറ കെൽ ഫാക്ടറിയിൽ പുതിയതായി ആരംഭിക്കുന്ന പ്രോജക്ട് ഏതാണെന്നും പ്രസ്തുത പ്രോജക്ടിലൂടെ ലഭ്യമാകുന്ന തൊഴിലവസരങ്ങൾ എത്രയെന്നും വിശദമാക്കുമോ?

<u>കിൻഫ്ര നടപ്പാക്കുന്ന പദ്ധതികൾ</u>

2408. ശ്രീ.എം. സ്വരാജ്

,, പി. ഉണ്ണി

,, പുരുഷൻ കടലുണ്ടി

,, കെ.വി.അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ മന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായങ്ങൾക്കുവേണ്ട അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിന് കിൻഫ്ര മുഖേന നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; സ്വകാര്യ വ്യവസായ എസ്റ്റേറ്റുകൾ അനുവദിക്കാൻ തീരുമാനമായിട്ടുണ്ടോ; അവയ്ക്കുള്ള ആനുകൂല്യങ്ങളും നിബന്ധനകളും എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(ബി) കിൻഫ്ര നടപ്പാക്കുന്ന വൻകിട പദ്ധതികളായ പാലക്കാട് മെഗാ ഫുഡ് പാർക്ക്, ഡിഫൻസ് പാർക്ക്, എറണാകുളം പെട്രോ കെമിക്കൽ പാർക്ക് തുടങ്ങിയവയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ; സംയോജിത റൈസ് പാർക്കുകൾക്കുള്ള പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ;

(സി) ഈ സർക്കാർ അധികാരത്തിലെത്തിയശേഷം കിൻഫ്ര വഴി എത്ര വ്യവസായങ്ങൾക്ക് ഭൂമി അനുവദിക്കാനായെന്നും അതുവഴി സൃഷ്ടിക്കാനായ തൊഴിലവസരങ്ങൾ എത്രയെന്നതിന്റെയും കണക്കുകൾ ലഭ്യമാണോ?

<u>ഏനാദിമംഗലം കിൻഫ്ര പാർക്ക്</u>

2409. ശ്രീ.കെ.യു. ജനീഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി നിയോജകമണ്ഡലത്തിലെ ഏനാദിമംഗലത്ത് പ്രവർത്തിക്കുന്ന കിൻഫ്ര പാർക്കിൽ സർക്കാർ ഉടമസ്ഥതയിലുള്ള തൊഴിലധിഷ്ഠിത വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നത് സംബന്ധിച്ച പദ്ധതികൾ പരിഗണനയിലുണ്ടോ എന്ന് അറിയിക്കാമോ;

(ബി) എങ്കിൽ അവ ഏതെല്ലാമാണെന്ന് വിശദമാക്കാമോ?

<u>കിൻഫ്രയുടെ കീഴിൽ പുതിയ വ്യവസായ പാർക്കുകൾ</u>

2410. ശ്രീ.അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിൻഫ്രയുടെ കീഴിൽ പുതിയ വ്യവസായ പാർക്കുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എവിടെയെല്ലാമാണെന്ന് അറിയിക്കാമോ;

(ബി) എത്ര ഏക്കർ സ്ഥലമാണ് ഇതിനായി ഏറ്റെടുക്കേണ്ടതെന്നും ഇതിനായുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്നും വെളിപ്പെടുത്താമോ?

<u>വെള്ളൂർ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിന്റെ കൈമാറ്റം</u>

2411. ശ്രീ.പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര പൊതുമേഖല സ്ഥാപനമായ വെള്ളൂർ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ് (എച്ച്.എൻ.എൽ.) സംസ്ഥാന സർക്കാരിന് കൈമാറാൻ നാഷണൽ കമ്പനി ലോ ട്രിബ്യൂണലിന്റെ (എൻ.സി.എൽ.ടി.) ഡൽഹി ബെഞ്ച് ഉത്തരവിട്ടുകയുണ്ടായോ എന്ന് അറിയിക്കാമോ;

(ബി) ഇതു വഴി കമ്പനിയുടെ നിലവിലെ മുഴുവൻ സാമ്പത്തിക ബാധ്യതയും സംസ്ഥാന സർക്കാർ ഏറ്റെടുക്കുമോ; എങ്കിൽ ഇതിനായി എത്ര രൂപ ചെലവഴിക്കും എന്ന് അറിയിക്കാമോ;

(സി) പ്രധാനമായും എന്തൊക്കെ ബാധ്യതകളാണ് സർക്കാർ ഏറ്റെടുക്കുക; ജീവനക്കാരുടെയും തൊഴിലാളികളുടെയും പ്രദേശവാസികളുടെയും സ്വപ്നങ്ങളും പ്രതീക്ഷകളും നിറവേറ്റുന്നതിനായി സർക്കാർ എന്തൊക്കെ നടപടികൾ കൈക്കൊള്ളും എന്ന് വിശദമാക്കാമോ?

<u>പാലപ്പുറം സിൽക്ക് വികസനം</u>

2412. ശ്രീ.പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ വ്യവസായ സ്ഥാപനമായ പാലപ്പുറം സിൽക്കിന്റെ വികസനത്തിനായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പാലപ്പുറം സിൽക്കിന്റെ വികസനത്തിനും നവീകരണത്തിനുമായി എത്ര തുക ചെലവഴിച്ചുവെന്ന് അറിയിക്കാമോ; 1.06.2016 മുതൽ 31.12.2019 വരെയുള്ള കണക്ക് വാർഷികാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

<u>കുറ്റിപ്പുറം മാൽക്കോ ടെക്സ് സഹകരണ സ്പിന്നിംഗ് മിൽ</u>

2413. പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റിപ്പുറം മാൽക്കോ ടെക്സ് സഹകരണ സ്പിന്നിംഗ് മില്ലിൽ ഭരണസമിതി തെരഞ്ഞെടുപ്പ് നടത്താത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) മാൽക്കോ ടെക്സിൽ മൂന്നു വർഷത്തിൽ കൂടുതലായി അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി ഭരണം നടത്തുന്നത് ഏത് ചട്ടം അനുസരിച്ചാണെന്ന് വ്യക്തമാക്കുമോ;

(സി) നിലവിലെ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി എത്ര പേരെ താൽക്കാലികമായും എത്ര പേരെ സ്ഥിരമായും നിയമിച്ചു;

(ഡി) നിയമനം നടത്തിയവരുടെ പേര്, യോഗ്യത, പ്രവർത്തന പരിചയം, തസ്തികയുടെ പേര്, ശമ്പളം, നിയമനകാലയളവ് എന്നീ വിവരങ്ങൾ ലഭ്യമാക്കാമോ;

(ഇ) താൽക്കാലിക നിയമനം നടത്തിയത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും ലിസ്റ്റ് വാങ്ങിയിട്ടാണോ; എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും എൻ.ഒ.സി. വാങ്ങിയിട്ടുണ്ടോ;

(എഫ്) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും ലിസ്റ്റും എൻ.ഒ.സി. വാങ്ങാതെ നടത്തിയ മുഴുവൻ നിയമനങ്ങളും റദ്ദ് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ആമ്പല്ലൂരിൽ ഇലക്ട്രോണിക് വ്യവസായ പാർക്ക്

2414. ശ്രീ.റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആമ്പല്ലൂരിൽ ഇലക്ട്രോണിക് വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിനുള്ള പദ്ധതി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനായി എത്ര ഏക്കർ സ്ഥലമാണ് ഇതിനകം ഏറ്റെടുത്തത്; എത്ര ഏക്കർ സ്ഥലം കൂടി ഇനി ആവശ്യമായി വരുമെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത വ്യവസായ പാർക്കിൽ ഏതൊക്കെ കമ്പനികൾ ഇതിനകം താല്പര്യം പ്രകടിപ്പിച്ചുവെന്ന് വെളിപ്പെടുത്താമോ;

(ഡി) എന്നത്തേക്ക് പ്രസ്തുത പാർക്ക് പ്രവർത്തനക്ഷമമാകുമെന്ന് വ്യക്തമാക്കുമോ?

ചവറ കെ.എം.എം.എൽ.-നുള്ള ഖനനാനുമതി

2415. ശ്രീ.മഞ്ഞളാംകുഴി അലി

,, പി.ഉബൈദുള്ള

,, കെ.എം.ഷാജി

,, സി.മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനമായ ചവറ കെ.എം.എം.എൽ.-നുള്ള ഖനനാനുമതി മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് റദ്ദ് ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ;

(ബി) സ്വകാര്യ കമ്പനികളിൽ നിന്ന് സിന്തറ്റിക് റൂട്ടൈൽ വാങ്ങുന്നതിനുവേണ്ടിയാണ് ഖനനാനുമതി റദ്ദ് ചെയ്തതെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ എന്തുനടപടി സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ?

കരിമണൽ ഖനനം

2416. ശ്രീ.ഡി.കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ മന്ത്രി സദയം മറുപടി നൽകുമോ:

(എ) കരിമണൽ ഖനനം സംബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ നയം എന്താണെന്ന് വിശദീകരിക്കാമോ;

(ബി) ഇതു സംബന്ധിച്ച ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ?

രാസ പരിശോധനശാലകളുടെ പ്രവർത്തനം

2417. ശ്രീ.എം.ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ മന്ത്രി സദയം മറുപടി നൽകുമോ:

(എ) മൈനിംഗ് & ജിയോളജി വകുപ്പിന്റെ കീഴിലുള്ള രാസ പരിശോധനശാലകളുടെ പ്രവർത്തനം സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) പ്രസ്തുത രാസ പരിശോധനശാലയിൽ ശാസ്ത്രീയമായ എന്തെല്ലാം ആധുനിക സൗകര്യങ്ങളാണ് നിലവിലുള്ളതെന്ന് വിശദമാക്കാമോ; പ്രസ്തുത സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി ഈ സർക്കാരിന്റെ കാലയളവിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; ഇനം തിരിച്ച് വ്യക്തമാക്കാമോ;

(സി) രാസപരിശോധനക്കായി പൊതുജനങ്ങൾ നൽകുന്ന പദാർത്ഥങ്ങൾ പരിശോധിച്ച് നൽകുന്നതിന് കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ഡി) ഈ സർക്കാരിന്റെ കാലയളവിൽ പൊതുജനങ്ങളിൽ നിന്നും എത്ര സാമ്പിളുകൾ പരിശോധിക്കാൻ ലഭിച്ചിട്ടുണ്ട്; അവയിൽ എത്ര സാമ്പിളുകൾക്ക് ഇനിയും പരിശോധനാഫലം ലഭ്യമാക്കാനുണ്ട്; വിശദമാക്കാമോ?

## കൈത്തറി ഉല്പന്നങ്ങൾ ഉപയോഗിച്ചുള്ള സ്കൂൾ യൂണിഫോം

2418. ശ്രീ.റ്റി.വി.രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈത്തറി ഉല്പന്നങ്ങൾ സ്കൂൾ യൂണിഫോമായി വിതരണം ചെയ്തത് വഴി കൈത്തറി മേഖലയിൽ എത്ര അധിക തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) 2019-20 വർഷത്തിൽ എത്ര കുട്ടികൾക്ക് സ്കൂൾ യൂണിഫോം പദ്ധതിയിൽ ഉൾപ്പെടുത്തി യൂണിഫോം വിതരണം ചെയ്തിട്ടുണ്ട്;

(സി) സ്കൂൾ യൂണിഫോം പദ്ധതിയിൽ ഉൾപ്പെടുത്തി കേരളത്തിലെ കൈത്തറി സഹകരണ സംഘങ്ങൾ ഉല്പാദിപ്പിച്ച ഉല്പന്നങ്ങൾ വിതരണം ചെയ്ത വകയിൽ എത്ര രൂപ കുടിശ്ശിക ഉണ്ട്; വിശദമാക്കാമോ?

## കൊല്ലം സഹകരണ സ്പിന്നിംഗ് മിൽ

2419. ശ്രീ.ജി.എസ്.ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂരിൽ പ്രവർത്തിക്കുന്ന കൊല്ലം സഹകരണ സ്പിന്നിംഗ് മില്ലിന്റെ നവീകരണ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം 27.09.2018-ൽ കഴിഞ്ഞിട്ടും നവീകരണ ജോലികൾ നാളിതുവരെ ആരംഭിക്കാത്തതിന്റെ കാരണമെന്താണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത മിൽ നവീകരണ ജോലികൾ എപ്പോൾ ആരംഭിച്ച് പൂർത്തിയാക്കാൻ കഴിയുമെന്ന് വിശദമാക്കാമോ;

(സി) തൊഴിലാളികൾക്ക് നൽകാനുള്ള ലേ ഓഫ് വേതനമടക്കമുള്ള ആനുകൂല്യങ്ങളിൽ വന്നിട്ടുള്ള കുടിശ്ശിക തീർത്തുനൽകുന്നതിന് സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) നവീകരണ ജോലികൾ പൂർത്തിയാക്കി പ്രസ്തുത മിൽ അടിയന്തിരമായി തുറന്ന് പ്രവർത്തിപ്പിക്കുന്നതിന്

സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

## കായിക വകുപ്പിന്റെ കിഫ്ബി പദ്ധതികൾ

2420. ശ്രീ.എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കായിക വകുപ്പ് കിഫ്ബി മുഖാന്തരം നടപ്പിലാക്കുന്ന പ്രവൃത്തികൾ ഏതൊക്കെയാണെന്നും ആയതിന്റെ നിലവിലുള്ള അവസ്ഥ എന്താണെന്നും ജില്ലകൾ തിരിച്ച് വ്യക്തമാക്കാമോ?

## വയനാട് ജില്ലയിൽ സ്പോർട്സ് വകുപ്പ് നടപ്പാക്കുന്ന പദ്ധതികൾ

2421. ശ്രീ.ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ സ്പോർട്സ് വകുപ്പ് നടപ്പാക്കുന്ന വിവിധ പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത ജില്ലയിലെ ആദിവാസി വിഭാഗത്തിൽപ്പെട്ട കായികതാരങ്ങളുടെ വളർച്ചയ്ക്കായി ഏതെങ്കിലും പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

## ഫുട്ബോൾ താരങ്ങൾക്ക് ജോലി

2422. ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ പ്രധാന പൊതുമേഖലാ സ്ഥാപനങ്ങളിൽ ഫുട്ബോൾ ടീമുകൾ രൂപീകരിക്കുവാനും അവിടെ മികച്ച ഫുട്ബോൾ താരങ്ങൾക്ക് ജോലി നല്കി ഫുട്ബോളിന്റെ സുവർണകാലം മടക്കി കൊണ്ടുവരുവാനും നടപടി സ്വീകരിക്കുമോ?

## കായികക്ഷമതാ മിഷൻ പദ്ധതി

2423. ശ്രീ.ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ എല്ലാ ജനവിഭാഗങ്ങൾക്കും കായികക്ഷമതയും നല്ല ആരോഗ്യവും കൈവരിക്കുവാനായി കായികക്ഷമതാ മിഷൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) അഞ്ച് മുതൽ പത്തു വരെ ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ കായികക്ഷമത മെച്ചപ്പെടുത്തുവാൻ ആവശ്യമായ കാര്യങ്ങൾ പഠിച്ച് റിപ്പോർട്ട് ചെയ്യുവാൻ കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ടോ; പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

സ്കൂൾ വിദ്യാർത്ഥികളിൽ കായികാഭിരുചി വളർത്തുന്നതിനുള്ള പദ്ധതികൾ

2424. ശ്രീ.വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഒട്ടനവധി വിദ്യാലയങ്ങളിലും ഇപ്പോഴും കായിക പരിശീലനത്തിന് മൈതാനങ്ങളോ മറ്റ് സൗകര്യങ്ങളോ ഇല്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എല്ലാ വിദ്യാലയങ്ങളിലും വിദ്യാർത്ഥികളുടെ ആരോഗ്യവും കായിക പരിശീലനവും മുൻനിർത്തി കൂടുതൽ സൗകര്യങ്ങൾ ഒരുക്കുന്നതിന് സമഗ്രമായ പദ്ധതി നടപ്പിലാക്കുമോ; വിശദാംശം അറിയിക്കുമോ?

സ്പോർട്സ് കൗൺസിലിന്റെയും യുവജനക്ഷേമ ബോർഡിന്റെയും വിവിധ പദ്ധതികൾ

2425. ശ്രീ.സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പോർട്സ് കൗൺസിലിന്റെയും യുവജനക്ഷേമ ബോർഡിന്റെയും ആഭിമുഖ്യത്തിൽ ഈ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന വിവിധ പദ്ധതികളും പ്രവർത്തനങ്ങളും വിശദമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മേൽപറഞ്ഞ വകുപ്പുകളുടെ കീഴിൽ വയനാട് ജില്ലയിൽ നടപ്പിലാക്കിവരുന്ന പദ്ധതികൾ/പ്രവർത്തനങ്ങൾ വിശദമാക്കാമോ?

വിദ്യാർത്ഥികളിൽ കായികാഭിരുചി വർദ്ധിപ്പിക്കുന്നതിനുള്ള നൂതന പദ്ധതികൾ

2426. ശ്രീ.ഐ.ബി. സതീഷ്

,, ആർ. രാജേഷ്

,, കെ.ജെ. മാക്സി

,, എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാർത്ഥികളുടെ ഇടയിൽ കായികാഭിരുചി വർദ്ധിപ്പിക്കുന്നതിന് ഈ സർക്കാർ ആവിഷ്കരിച്ച നൂതന പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) ഇതിന്റെ ഭാഗമായി നടപ്പിലാക്കിയ 'പ്ലേ ഫോർ ഹെൽത്ത്' പദ്ധതി കൂടുതൽ വിദ്യാലയങ്ങളിലേയ്ക്ക് വ്യാപിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) കുട്ടികൾക്ക് നീന്തലിൽ മികച്ച പരിശീലനം നൽകുന്നതിന് ആവിഷ്കരിച്ചിട്ടുള്ള 'സ്പ്ലാഷ്' പദ്ധതി ഏതെല്ലാം ജില്ലകളിലാണ് ആരംഭിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(ഡി) കുട്ടികൾക്ക് ഫുട്ബോൾ പരിശീലനം നൽകുന്നതിനായി 'കിക്കോഫ്' എന്ന പേരിൽ ആരംഭിച്ചിട്ടുള്ള പദ്ധതിയുടെ വിശദാംശം നൽകുമോ?

ഒളിമ്പ്യ പദ്ധതി

2427. ശ്രീ.പി.സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്പോട്സ് കൗൺസിലിന്റെ നേതൃത്വത്തിൽ ഒളിമ്പ്യ പദ്ധതി നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം ഏതെല്ലാം മത്സരയിനങ്ങളിലാണ് പരിശീലനം നൽകാൻ ഉദ്ദേശിക്കുന്നത് ; വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് സ്പോട്സ് മേഖലയിൽ സൃഷ്ടിക്കുന്നതിന് ലക്ഷ്യമിടുന്നത്; വിശദമാക്കുമോ?

## കായിക പരിശീലന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് നടപ്പിലാക്കി വരുന്ന പദ്ധതികൾ

2428. ശ്രീ.ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കായിക പരിശീലന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഈ പദ്ധതി അനുസരിച്ച് എത്ര കളിസ്ഥലങ്ങൾ പുതിയതായി നിർമ്മിച്ചുവെന്നും ഏതെല്ലാം കളിസ്ഥലങ്ങൾ മെച്ചപ്പെടുത്തുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ടെന്നും വിശദീകരിക്കുമോ;

(സി) ഹയർസെക്കന്ററി സ്കൂളുകളോടനുബന്ധിച്ചുള്ള കളിസ്ഥലങ്ങളുടെ പുനർനിർമ്മാണത്തിന് കായിക-യുവജനകാര്യ വകുപ്പിന്റെ സഹായം അനുവദിക്കുമോ; വിശദീകരിക്കുമോ?

## കായിക പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കാൻ നടപടി

2429. ശ്രീ.വി. ജോയി : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

കായിക പ്രതിഭകളെ കണ്ടെത്തുന്നതിനും അവർക്ക് മെച്ചപ്പെട്ട പരിശീലനം നൽകുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അടിസ്ഥാനപ്പെടുത്തി പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുമോ;വിശദവിവരം വെളിപ്പെടുത്തുമോ ?

## കോട്ടുകാലിൽ കായിക സമുച്ചയം

2430. ശ്രീ.മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

ചടയമംഗലം നിയോജകമണ്ഡലത്തിലെ കോട്ടുകാലിൽ കായിക സമുച്ചയത്തിനായി കൈമാറിയിട്ടുള്ള ഇരുപത്ഏക്കർ ഭൂമി ഉപയോഗിച്ച് കായിക സമുച്ചയം സ്ഥാപിക്കാനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

## വട്ടിയൂർക്കാവ് ഷൂട്ടിംഗ് റേഞ്ചിന്റെ പ്രവർത്തനങ്ങൾ

2431. **ശ്രീ.വി.കെ.പ്രശാന്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വട്ടിയൂർക്കാവ് ഷൂട്ടിംഗ് റേഞ്ചിലുള്ള അടിസ്ഥാന സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി ഷൂട്ടിങ്ങ് താരങ്ങളെ പരിശീലിപ്പിക്കുന്നതിനായി ആരംഭിക്കുന്ന ഷൂട്ടിംഗ് അക്കാഡമിയുടെ പൂർണ്ണ പ്രയോജനം തദ്ദേശീയരായ കായിക താരങ്ങൾക്ക് ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുക എന്ന് വ്യക്തമാക്കാമോ;

(ബി) വട്ടിയൂർക്കാവ് ഷൂട്ടിംഗ് റേഞ്ചിന്റെ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിന് പ്രദേശവാസികളെയും കായികതാരങ്ങളെയും ഉൾപ്പെടുത്തിയുള്ള ജനകീയ കമ്മിറ്റിയ്ക്ക് രൂപം നൽകുമോ;

(സി) വട്ടിയൂർക്കാവ് ഷൂട്ടിംഗ് റേഞ്ചിൽ പണിപൂർത്തിയാക്കിയിട്ടുള്ള എ.സി. ഓഡിറ്റോറിയം പൊതുജനങ്ങൾക്ക് വിവിധ പരിപാടികൾക്കായി മിതമായ നിരക്കിൽ വാടകയ്ക്ക് നൽകുന്നതിന് നടപടി സ്വീകരിക്കുമോ;ഈ ഹാൾ പോളിടെക്നിക് കോളേജിന്റെ പരിപാടികൾക്ക് സൗജന്യമായി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) വട്ടിയൂർക്കാവ് ഷൂട്ടിങ്ങ് റേഞ്ചിൽ ഒരുക്കിയിട്ടുള്ള ക്രിക്കറ്റ് നെറ്റ് പ്രാക്ടീസിങ്ങ് സൗകര്യം എന്ന് പൂർത്തിയാക്കി കായികതാരങ്ങൾക്ക് ഉപയോഗപ്രദമാക്കാൻ കഴിയും എന്ന് അറിയിക്കാമോ?

## എല്ലാ ജില്ലകളിലും സ്റ്റേഡിയം

2432. **ശ്രീ.രാജു എബ്രഹാം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ ജില്ലകളിലും സ്റ്റേഡിയം എന്ന സർക്കാരിന്റെ ബജറ്റ് പ്രഖ്യാപനമനുസരിച്ച് എത്ര ജില്ലകളിൽ പുതിയ സ്റ്റേഡിയങ്ങളുടെ നിർമ്മാണത്തിന് നടപടി ആയിട്ടുണ്ടെന്ന് ജില്ല തിരിച്ച് വിശദമാക്കാമോ;

(ബി) ഗ്രാമീണ മേഖലയിലെ കളിസ്ഥലങ്ങൾ വികസിപ്പിക്കുന്നതിന് പ്രത്യേക പദ്ധതി എന്തെങ്കിലും തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിൽ ഉള്ള ഗ്രാമീണ സ്റ്റേഡിയങ്ങളും, സർക്കാർ എയ്ഡഡ് സ്കൂളുകളിൽ ഉള്ള സ്റ്റേഡിയങ്ങളും പുനരുദ്ധരിക്കുന്നതിന് എന്തെങ്കിലും പ്രത്യേക പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## നെന്മാറ നിയോജക മണ്ഡലത്തിലെ മിനിസ്റ്റേഡിയം

2433. **ശ്രീ.കെ. ബാബു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജക മണ്ഡലത്തിൽ മിനിസ്റ്റേഡിയം നിലവിലില്ലായെന്ന വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) നെന്മാറ നിയോജക മണ്ഡലത്തിൽ ഒരു മിനിസ്റ്റേഡിയം അനുവദിക്കാൻ ആവശ്യമായ നടപടി സർക്കാർ സ്വീകരിക്കുമോ;

(സി) മിനിസ്റ്റേഡിയം അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

<u>ഒല്ലൂർ നിയോജകമണ്ഡലത്തിലെ ഇൻഡോർ സ്റ്റേഡിയങ്ങൾ</u>

2434. **ശ്രീ.കെ. രാജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒല്ലൂർ നിയോജകമണ്ഡലത്തിൽ കായിക വകുപ്പിന് കീഴിൽ എത്ര ഇൻഡോർ സ്റ്റേഡിയങ്ങളാണുള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) നിലവിൽ ഇൻഡോർ സ്റ്റേഡിയങ്ങൾ ഇല്ലെങ്കിൽ ആയത് നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

<u>കോഴിക്കോട് ജില്ലയിൽ ക്രിക്കറ്റ് സ്റ്റേഡിയം</u>

2435. **ഡോ.എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ ക്രിക്കറ്റ് സ്റ്റേഡിയങ്ങൾ ഇല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ക്രിക്കറ്റ് സ്റ്റേഡിയം നിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

<u>നിലമ്പൂർ മിനിസ്റ്റേഡിയം</u>

2436. **ശ്രീ.പി.വി. അൻവർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കായിക വകുപ്പിനുകീഴിൽ നിർമ്മാണം പുരോഗമിക്കുന്ന നിലമ്പൂർ മിനിസ്റ്റേഡിയം കോംപ്ലക്സിന്റെ പദ്ധതി പൂർത്തീകരണത്തിന് ശേഷമുള്ള ആവർത്തന പരിപാലന ചെലവുകൾ കണ്ടെത്തുന്നതിന് എന്ത് ക്രമീകരണമാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) വിദ്യാഭ്യാസ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് ഉഭയകക്ഷി കരാർ പ്രകാരമാണ് നിർമ്മാണ പ്രവർത്തനങ്ങൾ എന്നിരിക്കേ സ്റ്റേഡിയം നടത്തിപ്പിന് രൂപീകരിക്കേണ്ട സമിതിയുടെ ഘടന വ്യക്തമാക്കാമോ;

(സി) നിലമ്പൂർ മിനിസ്റ്റേഡിയം കോംപ്ലക്സിലെ 400 മീറ്റർ സിന്തറ്റിക് ട്രാക്ക് നിർമ്മാണത്തിന് ടെണ്ടർ ക്ഷണിച്ചിട്ടുണ്ടോ; ടെണ്ടർ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>പയ്യന്നൂർ മൾട്ടി പർപ്പസ് സ്റ്റേഡിയം</u>

2437. **ശ്രീ.സി.കൃഷ്ണൻ :** താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

പയ്യന്നൂർ മൾട്ടി പർപ്പസ് സ്റ്റേഡിയം നിർമ്മാണവുമായി ബന്ധപ്പെട്ട നടപടികളുടെ നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ?

## ചെങ്ങന്നൂരിലെ മൾട്ടി പർപ്പസ് സ്റ്റേഡിയം നിർമ്മാണം

2438. **ശ്രീ.സജി ചെറിയാൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്താരാഷ്ട്ര നിലവാരത്തിലുള്ള സ്വിമ്മിങ് യാർഡ് ഉൾപ്പെടെ വിവിധ മത്സരങ്ങൾ നടത്തുന്നതിനുള്ള മൾട്ടി പർപ്പസ് സ്റ്റേഡിയം ചെങ്ങന്നൂരിൽ നിർമ്മാണ പുരോഗതിയിലാണോ;

(ബി) ആലപ്പുഴ ജില്ലയിലെ എല്ലാ കോളേജുകളെയും ഹൈസ്കൂളുകളെയും കേന്ദ്രീകരിച്ചുകൊണ്ട് സ്പോർട്ട്സിലും ഗെയിംസിലും പ്രാവീണ്യമുള്ള കുട്ടികളെ കണ്ടെത്തി ഭാവിയിൽ അവരെ അഖിലേന്ത്യാ മത്സരങ്ങളിൽ പ്രാവീണ്യരാക്കുന്ന അവധിക്കാല പരിശീലനം ഈ സ്റ്റേഡിയത്തിൽ നടത്തുന്നതിനുള്ള സമഗ്ര പദ്ധതിക്ക് രൂപം നൽകുന്നതിന് സ്പോർട്ട്സ് കൗൺസിലിന് നിർദ്ദേശം നൽകുന്ന കാര്യം പരിഗണിക്കുമോ എന്ന് അറിയിക്കുമോ?

## മൊയ്തീൻകുട്ടി സ്മാരക മൾട്ടി പർപ്പസ് ഇൻഡോർ സ്റ്റേഡിയം

2439. **ശ്രീ.പി.ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറത്ത് നിർമ്മിക്കാനുദ്ദേശിക്കുന്ന പി. മൊയ്തീൻകുട്ടി സ്മാരക മൾട്ടി പർപ്പസ് ഇൻഡോർ സ്റ്റേഡിയത്തിനുള്ള പുതുക്കിയ ഡി.പി.ആർ.ന് കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ടോ;

(ബി) ഇതിനായി വ്യവസായ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ഇൻകെൽ എജ്യൂസിറ്റിയിൽ അനുയോജ്യമായ സ്ഥലം കണ്ടെത്തുവാനും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാനും നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

## തൃക്കരിപ്പൂരിൽ അനുവദിച്ച ജില്ലാ സ്റ്റേഡിയം

2440. **ശ്രീ.എം. രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂരിൽ അനുവദിച്ച ജില്ലാ സ്റ്റേഡിയത്തിന്റെ ടെണ്ടർ നടപടി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ; ഈ സ്റ്റേഡിയം പണി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

## കായിക താരങ്ങൾക്ക് സർക്കാർ-പൊതുമേഖല സർവ്വീസിലേക്ക് നിയമനം

2441. **ശ്രീ.വി. ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര കായിക താരങ്ങൾക്ക് സർക്കാർ-പൊതുമേഖല സർവ്വീസിലേക്ക് നിയമനം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) കായിക താരങ്ങൾക്ക് നിയമനം നല്കുന്നതിന് നിശ്ചയിച്ചിട്ടുള്ള ആനുപാതിക പങ്ക് പാലിച്ചുകൊണ്ടുള്ള നിയമനം പൂർത്തിയാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) ഇല്ലെങ്കിൽ ആയതു പ്രകാരമുള്ള നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ആലത്തൂർ മണ്ഡലത്തിൽ കായിക വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ</u>

2442. **ശ്രീ.കെ.ഡി. പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആലത്തൂർ നിയോജകമണ്ഡലത്തിൽ കായിക വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെയെന്ന് അറിയിക്കാമോ;

(ബി) ഓരോ പദ്ധതിക്കും അനുവദിച്ച തുക എത്രയെന്നും അവയുടെ നിലവിലെ സ്ഥിതി എന്താണെന്നും വിശദമാക്കാമോ?

<u>സ്പോർട്സ് മേഖലയുടെ സമഗ്ര വികസനത്തിനായിയുള്ള പദ്ധതികൾ</u>

2443. **ശ്രീ.പി.കെ.ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ സ്പോർട്സ് മേഖലയുടെ സമഗ്ര വികസനത്തിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ളത്; വിശദാംശം വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത പദ്ധതിയിൻ കീഴിൽ സ്കൂൾ, കോളേജ് തലങ്ങളിൽ എന്തെല്ലാം പദ്ധതികളാണ് കൊണ്ടുവന്നിട്ടുള്ളത്; ഇതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ് വ്യക്തമാക്കുമോ;

(സി) ഏറനാട് മണ്ഡലത്തിൽ പ്രസ്തുത പദ്ധതിയിൻ കീഴിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്; വിശദാംശം വെളിപ്പെടുത്തുമോ?

<u>സ്പോർട്സ് മെഡിസിൻ സെന്ററുകൾ</u>

2444. **ശ്രീ.വി. ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പരിക്കുപറ്റുന്ന കായികതാരങ്ങളുടെ ചികിത്സയ്ക്കായി കേരളത്തിൽ എത്ര സ്പോർട്സ് മെഡിസിൻ സെന്ററുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) എല്ലാ ജില്ലകളിലും സ്പോർട്സ് മെഡിസിൻ സെന്ററുകൾ തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കുമോ?

## കെ.എസ്.ഇ.ബി. ഓഫീസുകളുടെ പ്രവർത്തനം

2445. **ശ്രീ.അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. ഓഫീസുകളുടെ പ്രവർത്തനം നവീകരിക്കുവാൻ ഇ-ഓഫീസ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) വാട്സ്ആപ് സംവിധാനം വഴി ഉപഭോക്താക്കളുടെ പരാതി സ്വീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) സംസ്ഥാനത്ത് വൈദ്യുതി ബോർഡ് സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ; ഏതൊക്കെ തലത്തിലുള്ള ഉപഭോക്താക്കൾക്കാണ് അത് നടപ്പിലാക്കുന്നത്?

## ചേലക്കര മണ്ഡലത്തിലെ വൈദ്യുതി കണക്ഷന്റെ കണക്ക്

2446. **ശ്രീ.യു. ആർ. പ്രദീപ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2016, 2017, 2018, 2019 എന്നീ വർഷങ്ങളിലായി ചേലക്കര നിയോജകമണ്ഡലത്തിൽ വിവിധ കെ.എസ്.ഇ.ബി. സെക്ഷനുകളിലായി എത്ര വൈദ്യുതി കണക്ഷൻ നൽകിയിട്ടുണ്ട്;

(ബി) ഗാർഹിക -കാർഷിക -വ്യവസായ കണക്ഷനുകളുടെ തരം തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ?

## വൈദ്യുതി സംബന്ധമായ പരാതികൾ പരിഹരിക്കുന്നതിനുള്ള ജനകീയ അദാലത്തുകൾ

2447. **ശ്രീ.കെ.കുഞ്ഞിരാമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി സംബന്ധമായ പരാതികൾ പരിഹരിക്കുന്നതിന് ജില്ലാതലത്തിൽ ജനകീയ അദാലത്തുകൾ നടത്താൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) കാസർഗോഡ് ജില്ലയിൽ ഇത്തരത്തിൽ അദാലത്ത് സംഘടിപ്പിച്ചിട്ടുണ്ടോ;

(സി) ഇതിൽ എത്ര പരാതികൾ വന്നിട്ടുണ്ടെന്നും എത്ര എണ്ണം പരിഹരിക്കാൻ സാധിച്ചിട്ടുണ്ടെന്നും അറിയിക്കാമോ?

## ഞാറക്കൽ 110 കെ.വി. സബ്-സ്റ്റേഷൻ

2448. **ശ്രീ.എസ്.ശർമ്മ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിനിലെ ഞാറക്കലിൽ 110 കെ.വി. സബ്-സ്റ്റേഷൻ ആരംഭിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്നു വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്കുള്ള ടവറുകൾ സ്ഥാപിക്കുന്നതിനായി സ്ഥലം കണ്ടെത്തുകയും ഏറ്റെടുക്കുകയും ചെയ്തിട്ടുണ്ടോ; വിശദാംശം നൽകാമോ;

(സി) പദ്ധതി ആരംഭിക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള തടസ്സങ്ങൾ നിലവിലുണ്ടോ; വിശദമാക്കാമോ;

(ഡി) പദ്ധതി എന്നത്തേയ്ക്ക് ആരംഭിക്കാനാകുമെന്ന വ്യക്തമാക്കാമോ?

## വൻകിട സ്ഥാപനങ്ങളുടെ കുടിശ്ശിക പിരിച്ചെടുക്കാൻ നടപടി

2449. ശ്രീ.പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സാമ്പത്തികവർഷം കെ.എസ്.ഇ.ബി.യുടെ നഷ്ടം 290 കോടി രൂപ ആയിരിക്കെ വൻകിടക്കാർ വരുത്തിയ കുടിശ്ശിക 340 കോടിയിൽപരം രൂപയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഏറ്റവും കൂടുതൽ കുടിശ്ശിക വരുത്തിയ പത്ത് എക്സ്ട്രാ ഹൈടെൻഷൻ ഉപഭോക്താക്കളിൽ ഏഴെണ്ണവും സംസ്ഥാന സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളാണോ; എങ്കിൽ അവ ഏതൊക്കെയാണ്;

(സി) ഇവയിൽ ചിലത് അടച്ചുപൂട്ടലിന് വിധേയമായതിനാൽ കുടിശ്ശിക പിരിച്ചെടുക്കണമെങ്കിൽ റവന്യൂ റിക്കവറി നടപടി സ്വീകരിക്കേണ്ടതുണ്ടോ ; വിശദാംശങ്ങൾ നൽകുമോ;

(ഡി) നഷ്ടം നികത്താൻ വൈദ്യുതി നിരക്ക് ക്രമാതീതമായി വർദ്ധിപ്പിച്ച് ഉപഭോക്താക്കളെ ബുദ്ധിമുട്ടിപ്പിക്കുന്ന പതിവ് ഒഴിവാക്കി വൻകിടക്കാരുടെ കുടിശ്ശിക സമയബന്ധിതമായി പിരിച്ചെടുക്കാൻ കെ.എസ്.ഇ.ബി. നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

## വൈദ്യുതി അദാലത്ത്

2450. ശ്രീ. എൻ .എ.നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഏതെല്ലാം ജില്ലകളിൽ വൈദ്യുതി മന്ത്രിയുടെ നേതൃത്വത്തിൽ അദാലത്ത് നടത്തിയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത അദാലത്തുകളിൽ കിട്ടിയ പരാതികൾ എത്രയാണെന്ന് ജില്ല തിരിച്ച് അറിയിക്കാമോ;

(സി) പ്രസ്തുത പരാതികളുടെ സ്വഭാവവും പരിഹരിച്ച പരാതികൾ ഏതൊക്കെയാണെന്നും ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പരാതികളിൽ പരിഹരിക്കുവാൻ ബാക്കിയുള്ളവ ഏതൊക്കെയാണെന്നും നടപടികൾ എപ്പോൾ സ്വീകരിക്കുവാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ?

## വൈദ്യുതി കണക്ഷനുകൾ

2451. ശ്രീ.യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.എസ്.ഇ.ബി. സെക്ഷൻ ആഫീസുകൾ വഴി എത്ര ഗാർഹിക, കാർഷിക, വ്യാവസായിക കണക്ഷനുകൾ നല്കിയിട്ടുണ്ടെന്നതിന്റെ ഇനം തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(ബി) വൈദ്യുതി കണക്ഷനുകൾ സമയബന്ധിതമായി കൊടുത്തുതീർക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദാംശം വ്യക്തമാക്കാമോ?

<u>സംസ്ഥാനത്തെ വൈദ്യുതി സ്വയംപര്യാപ്തമാക്കാൻ നടപടികൾ</u>

2452. ശ്രീ.കെ.വി.വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം വൈദ്യുതി സ്വയംപര്യാപ്തമായി മാറിയിട്ടുണ്ടോ; ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദവിവരം നൽകുമോ;

(ബി) കൂടുതൽ ഊർജ്ജോല്പാദനത്തിനായി സർക്കാരിന്റെ പരിഗണനയിലുള്ള സജീവപദ്ധതികൾ എന്തെല്ലാമാണ്?

<u>കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ ട്രാൻസ്ഫോർമറുകൾ</u>

2453. ശ്രീ.കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് കൊയിലാണ്ടി നിയോജകമണ്ഡലത്തിന്റെ പരിധിയിൽ കെ.എസ്.ഇ.ബി. എത്ര പുതിയ ട്രാൻസ്ഫോർമറുകളാണ് സ്ഥാപിച്ചിട്ടുള്ളത് എന്ന് അറിയിക്കാമോ; അവ എവിടെയെല്ലാമാണെന്നു വ്യക്തമാക്കാമോ;

(ബി) പഴയതും, പ്രവർത്തനക്ഷമത കുറഞ്ഞതുമായ ട്രാൻസ്ഫോർമറുകൾ കെ.എസ്.ഇ.ബി. മാറ്റിസ്ഥാപിച്ചുവരുന്നുണ്ടോ; വിശദമാക്കാമോ;

(സി) കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ പുതിയതായി എത്ര വൈദ്യുതി കണക്ഷനുകൾ സൗജന്യമായി നൽകി എന്ന് അറിയിക്കാമോ?

<u>ലോഡ്ഷെഡ്ഡിംഗ് നടപ്പിലാക്കേണ്ട സാഹചര്യം</u>

2454. ശ്രീ.വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലോഡ്ഷെഡ്ഡിംഗ് നടപ്പിലാക്കേണ്ട എന്തെങ്കിലും സാഹചര്യം നിലവിലുണ്ടോ; വിശദാംശം അറിയിക്കുമോ;

(ബി) സംസ്ഥാനത്തിന്റെ വർദ്ധിച്ച വൈദ്യുതി ഉപയോഗം കണക്കിലെടുത്ത് ഈ സർക്കാർ നടപ്പിലാക്കി വരുന്ന പദ്ധതികൾ എന്തെല്ലാമെന്ന് അറിയിക്കുമോ;

(സി) വൈദ്യുതി നഷ്ടത്തിന്റെയും ഉപഭോഗത്തിന്റെയും തോത് കുറയ്ക്കാനായി എന്തൊക്കെ നടപടികളാണ് കെ.എസ്.ഇ.ബി. സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കുമോ?

## കൊയിലാണ്ടിയിൽ പുതിയ ത്രീഫേസ് ലൈനുകൾ

2455. **ശ്രീ.കെ. ദാസൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് കൊയിലാണ്ടി നിയോജകമണ്ഡലം പരിധിയിൽ എത്ര കിലോമീറ്റർ ദൂരത്തിൽ പുതിയ ത്രീ ഫേസ് ലൈനുകൾ വലിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) മണ്ഡലം പരിധിയിൽ എത്ര പുതിയ കണക്ഷനുകളാണ് നൽകിയത്; വിശദമാക്കാമോ?

## ചെറായി **110** കെ.വി. സബ് സ്റ്റേഷൻ

2456. **ശ്രീ.എസ്.ശർമ്മ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിനിലെ ചെറായി 110 കെ.വി. സബ് സ്റ്റേഷന്റെ പ്രവർത്തനം പൂർണ്ണതോതിലാണോ നടന്നുവരുന്നതെന്നു വിശദമാക്കാമോ;

(ബി) ഇനിയും ഏതെങ്കിലും തരത്തിലുള്ള ക്രമീകരണങ്ങൾ ഇതിലേയ്ക്കായി നടപ്പിലാക്കാനുണ്ടോ; വിശദമാക്കാമോ;

(സി) എങ്കിൽ എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കാമോ?

## മുൻ സർക്കാർ ആരംഭിച്ച വൈദ്യുതിയുൽപാദനപദ്ധതികൾ

2457. **ശ്രീ.വി.പി.സജീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് എത്ര മെഗാവാട്ട് വൈദ്യുതി ഉൽപാദിപ്പിക്കുന്ന പദ്ധതികളാണ് ആരംഭിച്ചത്; വിശദമാക്കുമോ;

(ബി) അവയിൽ എത്രയെണ്ണം ഇനിയും പൂർത്തിയാക്കേണ്ടതായിട്ടുണ്ട്?

## വൈദ്യുത പദ്ധതികൾ

2458. **ശ്രീ.വി.ഡി.സതീശൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് പണി ആരംഭിച്ചതും മുടങ്ങി കിടന്നതുമായ ഏതെങ്കിലും വൈദ്യുത പദ്ധതികൾ ഈ സർക്കാർ പുനരാരംഭിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ പദ്ധതികളെന്നും അതിൽ ഓരോന്നിന്റെയും നിലവിലെ സ്ഥിതി എന്തെന്നും വ്യക്തമാക്കുമോ;

(ബി) ഇടുക്കി ജലാശയത്തിലെ വെള്ളം ഉപയോഗിച്ച് വെള്ളിയാമറ്റത്ത് 750 മെഗാവാട്ട് സ്ഥാപകശേഷിയുള്ള വൈദ്യുതി നിലയം സ്ഥാപിക്കുന്നതിനുള്ള സാധ്യതാ പഠനം പൂർത്തിയായിട്ടുണ്ടോ; ഏത് ഏജൻസിയാണ് പ്രസ്തുത പഠനം നടത്തിയത്; വിശദാംശം നൽകുമോ;

(സി) ഈ സർക്കാർ നിലവിൽ വന്നശേഷം ഏതെങ്കിലും കേന്ദ്രാവിഷ്കൃത പദ്ധതികൾ വൈദ്യുതി രംഗത്ത് നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ ഏതൊക്കെയെന്നും ഓരോ പദ്ധതിയുടെയും ഉദ്ദേശം എന്തായിരുന്നുവെന്നും വ്യക്തമാക്കുമോ?

ട്രാൻസ് ഗ്രിഡ് പദ്ധതി

2459. ശ്രീ.യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രസരണ ശൃംഖല ശക്തിപ്പെടുത്തി പ്രസരണനഷ്ടം കുറയ്ക്കുന്നതിനായി ലക്ഷ്യമിട്ട 10000 കോടി രൂപ മുതൽമുടക്കുള്ള ട്രാൻസ് ഗ്രിഡ് പദ്ധതിയുടെ പുരോഗതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി എന്നത്തേയ്ക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ?

കോലത്തുനാട്, കോട്ടയം ലൈൻസ് പാക്കേജുകളുടെ എസ്റ്റിമേറ്റ്

2460. ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയുടെ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കുന്ന കോലത്തുനാട്, കോട്ടയം ലൈൻസ് പാക്കേജുകളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനവലംബിച്ച മാർഗ്ഗം എസ്റ്റിമേറ്റ് തുക കുത്തനെ കൂട്ടുന്നതിന് കാരണമായെന്ന് വിലയിരുത്തുന്നുണ്ടോ;

(ബി) രണ്ടു പദ്ധതികളുടെയും എസ്റ്റിമേറ്റ് തുകയിൽ എത്ര ശതമാനം വർദ്ധനവാണ് വന്നത്;

(സി) കെ.എസ്.ഇ.ബി.യുടെ കോസ്റ്റ് ഡേറ്റയിലോ, ഡി.എസ്.ആറിലോ പ്രതിപാദിക്കാത്ത വസ്തുക്കളുടെ എസ്റ്റിമേറ്റ് എപ്രകാരമാണ് തയ്യാറാക്കുന്നത് എന്നറിയിക്കാമോ;

(ഡി) സ്റ്റെർലൈറ്റും എൽ.&റ്റി.യും സമർപ്പിച്ച സ്പെഷ്യൽ റേറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ഉപയോഗിച്ചിട്ടുണ്ടോ; എങ്കിൽ, പ്രസ്തുത പ്രവൃത്തിയുടെ എത്ര ശതമാനം പ്രവൃത്തികൾക്കാണ് അവർ നൽകിയ സ്പെഷ്യൽ റേറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി ഉപയോഗിച്ചത്;

(ഇ) പുതിയ സാങ്കേതികവിദ്യ ഉപയോഗിക്കുന്ന പ്രവൃത്തികളിൽ അതിനാവശ്യമായ ഡേറ്റ ലഭ്യമല്ലാത്ത സാഹചര്യത്തിൽ ഏതു രീതിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി കെ.എസ്.ഇ.ബി. അവലംബിച്ചത്; വിശദമാക്കുമോ?

ദ്യുതി **2021** പദ്ധതി

2461. ശ്രീ.കെ.കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി വകുപ്പ് ദ്യുതി 2021 എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ടോ;

(ബി) ഈ പദ്ധതിയുടെ കീഴിൽ വൈദ്യുതി രംഗത്ത് എന്തൊക്കെ പ്രവർത്തനങ്ങളാണ് നടപ്പിലാക്കുന്നതെന്ന് വിശദമാക്കാമോ;

(സി) കാസർഗോഡ് ജില്ലയിൽ ഈ പദ്ധതിയുടെ കീഴിൽ എന്തൊക്കെ പ്രവൃത്തികളാണ് നടപ്പിലാക്കുന്നത്; വിശദാംശങ്ങൾ അറിയിക്കാമോ?

ജല വൈദ്യുതോദ്പാദനം

2462. ശ്രീ.മുല്ലക്കര രത്നാകരൻ
,, ജി.എസ്.ജയലാൽ
ശ്രീമതി സി.കെ. ആശ
ശ്രീ.ഇ.ടി. ടൈസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ലെയും 2019-ലെയും പ്രളയ സമയത്തുണ്ടായ അതിവർഷം പ്രയോജനപ്പെടുത്തുതിന് വൈദ്യുത വകുപ്പിനു സാധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഇത്തരത്തിൽ കാലവർഷം അതിവർഷമാകുമ്പോഴുള്ള അവസ്ഥ പ്രയോജനപ്പെടുത്തി ജല വൈദ്യുതോദ്പാദനം കൂട്ടുന്നതിനു നടപടി സ്വീകരിക്കുമോ;

(സി) ഇടുക്കിയിൽ നിലവിലുള്ള ഉദ്പാദന യൂണിറ്റുകളുടെ എണ്ണം കൂട്ടി വൈദ്യുതോദ്പാദനം വർദ്ധിപ്പിക്കുന്നതിന് പദ്ധതിയുണ്ടോ; വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനുള്ള ചെലവു സംബന്ധിച്ചും മറ്റു സാദ്ധ്യതകൾ സംബന്ധിച്ചുമുള്ള വിവരങ്ങൾ ലഭ്യമാക്കുമോ?

വൈദ്യുതി ഉല്പാദനം

2463. ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നിലവിൽ വന്നശേഷം വൈദ്യുതി ഉല്പാദനത്തിൽ സംസ്ഥാനത്തെ സ്വയംപര്യാപ്തമാക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്നറിയിക്കാമോ;

(ബി) നിലവിൽ സംസ്ഥാനത്ത് ഒരു ദിവസത്തെ വൈദ്യുതി ഉല്പാദനം എത്രയാണ്; നിലവിലെ ഉപഭോഗം അനുസരിച്ച് ഉല്പാദനത്തിൽ എന്ത് വർദ്ധനവാണ് ഇനി കൈവരിക്കേണ്ടത്; വ്യക്തമാക്കുമോ;

(സി) വൈദ്യുതി തടസ്സം കണ്ടുപിടിച്ച് പരിഹരിക്കുന്നതിന് എന്തെങ്കിലും പുതിയ കൺട്രോൾ സിസ്റ്റം പ്രാവർത്തികമാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

അധികമായി ഉൽപാദിപ്പിച്ച വൈദ്യുതി

2464. ശ്രീ.റ്റി.വി.രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരമേറ്റശേഷം എത്ര മെഗാവാട്ട് വൈദ്യുതി അധികമായി ഉല്പാദിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

## ട്രാൻസ് ഗ്രിഡ് പദ്ധതി

2465. ശ്രീ.എം. വിൻസെന്റ്

,, വി.ടി.ബൽറാം

,, എൽദോസ് പി. കുന്നപ്പിള്ളിൽ

,, വി.എസ്.ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാൻസ് ഗ്രിഡ് പദ്ധതിയുടെ ഒന്നാം ഘട്ടം 2021 മാർച്ചിൽ പൂർത്തിയാക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത ഒന്നാം ഘട്ടം പൂർത്തിയാകുന്നതോടെ വൈദ്യുതി പ്രസരണ മേഖലയിൽ എന്തൊക്കെ മാറ്റങ്ങളാണ് ഉണ്ടാകുന്നത്;

(സി) കിഫ്ബിയിൽ നിന്നും എന്ത് തുകയാണ് ഈ പദ്ധതിക്കായി അനുവദിച്ചത്; അതിന് എത്ര ശതമാനം പലിശയാണ് കിഫ്ബിക്ക് നൽകേണ്ടത്;

(ഡി) സംസ്ഥാനത്ത് ജല വൈദ്യുതോല്പാദനത്തിന്റെ സാധ്യത വിരളമായിക്കൊണ്ടിരിക്കുന്നതായി ബോർഡ് വിലയിരുത്തുന്നുണ്ടോ; എങ്കിൽ ഭാവിയിലെ ആവശ്യത്തിലേക്കായി വൈദ്യുതി ഇറക്കുമതിയെ സംസ്ഥാനത്തിന് കൂടുതലായി ആശ്രയിക്കേണ്ട സാഹചര്യം ഉണ്ടോ;

(ഇ) ട്രാൻസ് ഗ്രിഡ് പദ്ധതി പൂർത്തിയാകുമ്പോൾ പ്രസരണ നഷ്ടം എത്രമാത്രം കുറയ്ക്കുവാൻ കഴിയും; അതിലൂടെ എത്ര മെഗാവാട്ട് വൈദ്യുതി പ്രതിവർഷം ലാഭിക്കുവാൻ കഴിയുമെന്നാണ് കരുതുന്നത്?

## വൈപ്പിനിൽ പുതുതായി സെക്ഷൻ ഓഫീസ്

2466. ശ്രീ.എസ്.ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിനിലെ ഉണഭോക്താക്കളുടെ ബാഹുല്യം പരിഗണിച്ചും ഭൂപ്രകൃതിയുടെ പ്രത്യേകത കണക്കിലെടുത്തും പുതുതായി സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) പദ്ധതി ആരംഭിക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള തടസ്സങ്ങൾ നിലവിലുണ്ടോ; വിശദമാക്കാമോ?

## കോട്ടത്താവളം ഹൈഡ്രോ ഇലക്ട്രിക്ക് പ്രോജക്ട്

2467. ശ്രീ.പി.സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിലെ പൂഞ്ഞാർ തെക്കേക്കര പഞ്ചായത്തിൽ കോട്ടത്താവളം കേന്ദ്രമാക്കി മിനി ഹൈഡ്രോ ഇലക്ട്രിക്ക് പ്രോജക്ട് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് പഠനം നടത്തുവാൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) എങ്കിൽ ഏത് ഏജൻസിയെയാണ് ഇതിനായി ചുമതലപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഈ പദ്ധതിയുടെ നിർമ്മാണം എപ്പോൾ ആരംഭിക്കാൻ കഴിയുമെന്നും എത്ര വാട്ട് വൈദ്യുതിയാണ് ഇതുവഴി ഉത്പാദിപ്പിക്കാൻ ലക്ഷ്യമിടുന്നതെന്നും വ്യക്തമാക്കുമോ?

<u>വൈദ്യുതി നിരക്ക് വർദ്ധന</u>

2468. ശ്രീ.മോൻസ് ജോസഫ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-2022 കാലത്തെ സംസ്ഥാനത്തെ വൈദ്യുതി നിരക്ക് വർദ്ധനവിൽ എത്ര ശതമാനം വർദ്ധനവാണ് വകയിരുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; വിശദാംശം വെളിപ്പെടുത്തുമോ;

(ബി) 100 യൂണിറ്റ് വരെ വൈദ്യുതി ഉപയോഗിക്കുന്നവർക്ക് പ്രതിമാസം എത്ര രൂപയുടെ വർദ്ധനവാണ് വരുത്തിയിരിക്കുന്നത് എന്നറിയിക്കാമോ;

(സി) കേന്ദ്ര വൈദ്യുതി നിയമമനുസരിച്ച് വൈദ്യുതി നിരക്ക് വർദ്ധിപ്പിക്കാനുള്ള അധികാരം ആർക്കാണ് നിശ്ചയിച്ചിരിക്കുന്നത്; ഇതിൽ സംസ്ഥാന സർക്കാരിന്റെ പങ്ക് വ്യക്തമാക്കുമോ?

<u>ആലത്തൂർ നിയോജകമണ്ഡലത്തിലെ സമ്പൂർണ്ണ വൈദ്യുതീകരണം</u>

2469. ശ്രീ.കെ.ഡി. പ്രസേനൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണത്തിനായി ചെലവഴിച്ച തുകയുടെ വിശദവിവരം നൽകാമോ;

(ബി) സമ്പൂർണ്ണ വൈദ്യുതീകരണത്തിനായി ലഭിച്ച അപേക്ഷകളിൽ ഇനിയും എത്ര വീടുകൾക്ക് വൈദ്യുതി കണക്ഷൻ നൽകാനുണ്ടെന്ന് അറിയിക്കാമോ;

(സി) ഇനിയും വൈദ്യുതി കണക്ഷൻ നൽകാനുണ്ടെങ്കിൽ തടസ്സം എന്താണെന്ന് വിശദീകരിക്കാമോ?

<u>പുരപ്പുറ സൗരോർജ്ജ പദ്ധതി</u>

2470. ശ്രീ.അബ്ദുൽ ഹമീദ് പി. **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുരപ്പുറ സൗരോർജ്ജ പദ്ധതിയുടെ ഭാഗമായി വള്ളിക്കുന്ന് മണ്ഡലത്തിൽ എത്ര സൗരോർജ്ജ പാനലുകൾ സ്ഥാപിച്ചിട്ടുണ്ട്;വിശദമാക്കാമോ;

(ബി) ഇതിന്റെ ജോലികൾ പൂർണ്ണമായും കെ.എസ്.ഇ.ബി. നേരിട്ടാണോ ചെയ്യുന്നത് എന്ന് വ്യക്തമാക്കാമോ;

(സി) പുരപ്പുറ സൗരോർജ്ജ പദ്ധതിയുടെ പ്രവർത്തനങ്ങൾ കെ.എസ്.ഇ.ബി. ആസൂത്രണം ചെയ്ത പ്രകാരം നടപ്പിലാക്കാൻ സാധിച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ?

<u>സൗരോർജ്ജ പാനൽ</u>

2471. ശ്രീ.ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗാർഹിക ഉപയോക്താക്കൾക്ക് സൗരോർജ്ജ പാനൽ ഒരുക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) ഈ പദ്ധതി നടപ്പിലാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

<u>സോളാർ വൈദ്യുതി ഉൽപാദനം</u>

2472. ശ്രീ.പി.കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സോളാർ വൈദ്യുതിയുടെ ഉൽപാദനം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വിശദമാക്കാമോ;

(ബി) സംസ്ഥാനത്ത് നിലവിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന സോളാർ വൈദ്യുതിയുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

<u>വീടുകളിൽ സോളാർ പാനൽ</u>

2473. ശ്രീ.ഡി.കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വീടുകളിൽ സോളാർ പാനൽ സ്ഥാപിക്കുന്നതിനുള്ള എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളതെന്ന് ജില്ലാടിസ്ഥാനത്തിൽ വിശദമാക്കാമോ;

(ബി) അതിൽ എത്ര വീടുകളിൽ പാനൽ സ്ഥാപിച്ചുവെന്ന് അറിയിക്കാമോ;

(സി) പദ്ധതിയുടെ പ്രവർത്തന പുരോഗതി ജില്ലാടിസ്ഥാനത്തിൽ വിശദീകരിക്കാമോ?

<u>കാസർഗോഡ് ജില്ലയിലെ സോളാർ വൈദ്യുത നിലയങ്ങൾ</u>

2474. ശ്രീ.എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ വൈദ്യുതി വകുപ്പിന്റെ അധീനതയിൽ എവിടെയൊക്കെ സോളാർ വൈദ്യുത നിലയങ്ങളുണ്ട്; വ്യക്തമാക്കുമോ;

(ബി) ഈ സോളാർ നിലയങ്ങളിൽ നിന്നും എത്ര മെഗാവാട്ട് വൈദ്യുതിയാണ് ഇപ്പോൾ ഉല്പാദിപ്പിക്കുന്നതെന്ന് അറിയിക്കുമോ;

(സി) നാളിതുവരെ എത്ര രൂപ ഇതിനായി ചെലവാക്കിയിട്ടുണ്ടെന്നറിയിക്കാമോ?

<u>സൗരോർജ്ജ പാനലുകൾ സ്ഥാപിക്കുന്ന പദ്ധതി</u>

2475. ശ്രീ.എ.പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കാലയളവിൽ ആരംഭിക്കുകയും, പണി പൂർത്തിയാക്കുകയും ചെയ്ത പദ്ധതികളിൽ നിന്നും ഇതിനകം എത്ര മെഗാവാട്ട് വൈദ്യുതി ഏതൊക്കെ പദ്ധതികളിൽ നിന്നുമാണ് ഉല്പാദിപ്പിക്കുന്നതെന്നു വിശദമാക്കുമോ;

(ബി) സംസ്ഥാനത്തെ ജില്ലാ പഞ്ചായത്തുകൾ, കളക്ടേറ്റുകൾ, വൈദ്യുതി ബോർഡിന്റെ കെട്ടിടങ്ങൾ എന്നിവയുടെ മുകളിൽ സൗരോർജ്ജ പാനലുകൾ സ്ഥാപിക്കുന്ന പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ;

(സി) ഇതിലൂടെ എത്ര കിലോവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്; വിശദമാക്കുമോ?

<u>അപകരകരമായ അവസ്ഥയിൽ സ്ഥിതിചെയ്യുന്ന ട്രാൻസ്ഫോർമർ മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടി</u>

2476. ശ്രീ.കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര ചെങ്കൽ പഞ്ചായത്തിലെ കോടങ്കരയിൽ റോഡിന് അടുത്ത് അപകടകരമായ അവസ്ഥയിൽ സ്ഥിതിചെയ്യുന്ന ട്രാൻസ്ഫോർമർ മാറ്റി സ്ഥാപിക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) ട്രാൻസ്ഫോർമർ അപകടകരമായ സ്ഥലത്ത് സ്ഥിതിചെയ്യുന്നതുമായി ബന്ധപ്പെട്ട് നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ എന്ന് വിശദമാക്കാമോ?

<u>റോഡുകളിൽ എൽ.ഇ.ഡി ലൈറ്റ്</u>

2477. ശ്രീ.ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലാ റോഡ് സുരക്ഷാ കൗൺസിലിന്റെ നിർദ്ദേശ പ്രകാരം ഏതെല്ലാം റോഡുകളിൽ എൽ.ഇ.ഡി ലൈറ്റ് സ്ഥാപിക്കുന്നതിന് തുകകൈമാറിയിട്ടുണ്ടെന്നും എത്ര തുക കൈമാറിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തുക വിനിയോഗിച്ച് നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമെന്നും ആയത് ഏത് ഏജൻസി വഴിയാണ് നടപ്പിലാക്കിയത് എന്നും ഇതിന്റെ മെയിന്റനൻസ് കോൺട്രാക്ട് എത്രവർഷത്തേക്കാണെന്നും വിശദീകരിക്കുമോ;

(സി) കരുനാഗപ്പള്ളി മണ്ഡലത്തിൽ ഈ വിഭാഗത്തിലൂടെ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ; വിശദീകരിക്കുമോ?

<u>പട്ടിക്കാട് ഇലക്ട്രിക്കൽ സെക്ഷന്റെ വിഭജനം</u>

2478. ശ്രീ.കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു ഇലക്ട്രിക്കൽ സെക്ഷനിലെ പരമാവധി ഉപഭോക്താക്കളുടെ എണ്ണം എത്രയെന്ന് അറിയിക്കാമോ;

(ബി) ഒല്ലൂർ നിയോജകമണ്ഡലത്തിലെ പട്ടിക്കാട് ഇലക്ട്രിക്കൽ സെക്ഷന് കീഴിൽ ഗാർഹിക, ഗാർഹികേതര കണക്ഷനുകളുള്ള എത്ര ഉപഭോക്താക്കളുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത സെക്ഷൻ വിഭജിച്ച് പുതിയ ഒരു ഇലക്ട്രിക്കൽ സെക്ഷൻ രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

<u>ലക്കിടിയിൽ കെ.എസ്.ഇ.ബി.യുടെ സെക്ഷൻ ഓഫീസ്</u>

2479. ശ്രീ.പി. ഉണ്ണി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽപെട്ട ലക്കിടിയിൽ കെ.എസ്.ഇ.ബി.യുടെ സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിന് എന്നാണ് ഭരണാനുമതി നൽകിയത്; ഭരണാനുമതിയുടെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) കെ.എസ്.ഇ.ബി.യുടെ സെക്ഷൻ ഓഫീസ് ലക്കിടിയിൽ ആരംഭിക്കുന്നതിന് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദീകരിക്കാമോ;

(സി) പ്രസ്തുത ഓഫീസ് എന്ന് പ്രവർത്തനം ആരംഭിക്കും എന്ന് വ്യക്തമാക്കാമോ?

<u>അസിസ്റ്റന്റ് എഞ്ചിനിയർ (ഇലക്ട്രിക്കൽ) നിയമനം</u>

2480. ശ്രീ.അനിൽ അക്കര **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. അസിസ്റ്റന്റ് എഞ്ചിനിയർ (ഇലക്ട്രിക്കൽ) റാങ്ക് ലിസ്റ്റിൽ നിന്നും ഇതിനകം എത്രപേർക്ക് നിയമനം നൽകിയെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റിന്റെ കാലാവധി എന്നാണ് അവസാനിക്കുന്നതെന്ന് അറിയാമോ;എങ്കിൽ വെളിപ്പെടുത്താമോ;

(സി) ട്രാൻസ്മിഷൻ സബ് സ്റ്റേഷനുകളിൽ അസിസ്റ്റന്റ് എഞ്ചിനിയർമാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ട്; പ്രസ്തുത ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) കെ.എസ്.ഇ.ബി.യിൽ നിലനിൽക്കുന്നതായി ആക്ഷേപിക്കപ്പെടുന്ന നിയമന നിരോധനം പി.എസ്.സിക്ക് ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിന് തടസ്സമായിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ നിലവിലുള്ള ഒഴിവുകൾ അടിയന്തരമായി റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>ഹൈഡൽ ടൂറിസം സെന്ററിന് പാട്ടത്തിന് നൽകിയ ഭൂമി</u>

2481. ശ്രീ.പി.ടി. തോമസ്

,, ടി.ജെ. വിനോദ്

ശ്രീമതിഷാനിമോൾ ഉസ്മാൻ

**ശ്രീ.അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ പൊൻമുടി അണക്കെട്ടിന് സമീപം കെ.എസ്.ഇ.ബി.യുടെ അധീനതയിലിരുന്ന 25 ഏക്കർ ഭൂമി കേരള ഹൈഡൽ ടൂറിസം സെന്ററിന് നൽകിയിട്ടുണ്ടോ; എങ്കിൽ ഏത് വ്യവസ്ഥയിലാണ് ഭൂമി നൽകിയതെന്ന് അറിയിക്കാമോ;

(ബി) റവന്യൂ വകുപ്പിന്റെ അധീനതയിലിരുന്ന പ്രസ്തുത ഭൂമി എന്ത് പദ്ധതിക്കായിട്ടാണ് കെ.എസ്.ഇ.ബി.ക്ക് കൈമാറിയത്;

(സി) പ്രസ്തുത ഭൂമി ഹൈഡൽ ടൂറിസം സെന്ററിന് പാട്ടത്തിന് നൽകുന്നതിന് മുമ്പ് റവന്യൂ വകുപ്പിന്റെ അനുമതി തേടേണ്ടതില്ലേ; ഇല്ലെങ്കിൽ എന്തുകൊണ്ട്;

(ഡി) കേരള ഹൈഡൽ ടൂറിസം സെന്റർ പ്രസ്തുത ഭൂമിയിൽ ഇതിനകം നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ;

(ഇ) ഭൂമി കൈമാറ്റം സംബന്ധിച്ച് ബോർഡിനോട് റവന്യൂ വകുപ്പ് എന്തെങ്കിലും വിശദീകരണം ആവശ്യപ്പെട്ടിട്ടുണ്ടോ?

<u>വാടകയ്ക്ക് പ്രവർത്തിക്കുന്ന വൈദ്യുതി വകുപ്പിന്റെ ഓഫീസുകൾ</u>

2482. **ശ്രീ.കെ.യു. ജനീഷ് കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി നിയോജകമണ്ഡലത്തിൽ നിലവിൽ വൈദ്യുതി വകുപ്പിന്റെ ഏതെല്ലാം ഓഫീസുകളാണ് വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) കോന്നി നിയോജകമണ്ഡലത്തിൽ വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഓഫീസുകൾക്ക് കെട്ടിടം നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ?

<u>കെ.എസ്.ഇ.ബി. യ്ക്ക് ഉണ്ടായ നഷ്ടം</u>

2483. **ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019 ആഗസ്റ്റിലുണ്ടായ കാറ്റിലും കനത്തമഴയിലും കെ.എസ്.ഇ.ബി. യ്ക്ക് ഉണ്ടായ നഷ്ടം എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ നഷ്ടം സംസ്ഥാന സർക്കാർ നികത്തിയിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ?

<u>ചേലക്കര മണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമം</u>

2484. **ശ്രീ.യു. ആർ. പ്രദീപ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുണമേന്മയുള്ള വൈദ്യുതി ലഭ്യമാക്കുന്നതിന്റെ ഭാഗമായി വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി ചേലക്കര നിയോജകമണ്ഡലത്തിൽ കെ.എസ്.ഇ.ബി. എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിന്റെ ഭാഗമായി എത്ര സ്ഥലങ്ങളിൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചിട്ടുണ്ട്; സ്ഥലങ്ങളുടെ പേരുവിവരം വ്യക്തമാക്കാമോ?

<u>കൽപറ്റ മണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണം</u>

2485. ശ്രീ.സി. കെ. ശശീന്ദ്രൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സമ്പൂർണ്ണ വൈദ്യുതീകരണത്തിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) കൽപ്പറ്റ മണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണത്തിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) ഇതിനായി എത്ര രൂപയാണ് ഇതുവരെ ചെലവഴിച്ചത്; വിശദമാക്കാമോ?

<u>വൈദ്യുതി വകുപ്പിന്റെ ജനകീയ അദാലത്ത്</u>

2486. ശ്രീ.ടി. വി. ഇബ്രാഹിം

**,,** വി.കെ.ഇബ്രാഹിം കുഞ്ഞ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി വകുപ്പിന്റെ ജനകീയ അദാലത്ത് വഴി പരിഹാരം കാണാൻ കഴിയുന്ന കാര്യങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ;

(ബി) ജനകീയ അദാലത്തിലേക്ക് പരാതി മുൻകൂട്ടി നൽകേണ്ടതുണ്ടോ;എങ്കിൽ അതിന്റെ രീതി അറിയിക്കാമോ; ജനകീയ അദാലത്തിൽ ഒരാൾക്ക് പരാതിയുമായി നേരിട്ട് ഹാജരാകുവാൻ വ്യവസ്ഥയുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ;

(സി) ജനകീയ അദാലത്തിന്റെ സംഘാടനം, പരസ്യം എന്നിവയ്ക്ക് വേണ്ടി സർക്കാർ ചെലവിടുന്ന തുക എത്രയെന്ന് അറിയിക്കുമോ;വിശദവിവരം നല്കുമോ?

<u>വൈദ്യുതി ഉൽപാദിപ്പിക്കുന്ന ഡാമുകളുടെ സുരക്ഷ</u>

2487. ശ്രീ.എം.ഉമ്മർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ഉൽപാദിപ്പിക്കുന്ന ഡാമുകളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഡി.ആർ.ഐ.പി.ലേക്ക് ലോകബാങ്കിൽ നിന്നും ലഭിച്ച ധനസഹായം എത്രയാണെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത ഡാമുകളുടെ സുരക്ഷയ്ക്കായി സംസ്ഥാന സർക്കാർ ബജറ്ററി സപ്പോർട്ട് ഇനത്തിൽ എത്ര തുക

ചെലവഴിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

ചാലക്കുടി, കൊരട്ടി സെക്ഷൻ ഓഫീസുകളുടെ വിഭജനം

2488. ശ്രീ.ബി.ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി, കൊരട്ടി കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പുതിയ സെക്ഷൻ ഓഫീസുകൾ അനുവദിക്കുന്നതിനോ പ്രസ്തുത സെക്ഷൻ ഓഫീസുകളിലെ അമിത ജോലിഭാരവും കണക്ഷനും ക്രമീകരിക്കുന്നതിനോ എന്തെങ്കിലും നടപടികൾ കൈക്കൊണ്ടിട്ടുണ്ടോ;

(ബി) ഇതിനാവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഇടക്കൊച്ചി കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ്

2489. ശ്രീ.ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടക്കൊച്ചി കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസിനായി സ്ഥലം ലഭ്യമാക്കിയിട്ടും പ്രസ്തുത ഓഫീസ് ആരംഭിക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഓഫീസ് എന്നത്തേയ്ക്ക് പ്രവർത്തനം ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ചിത്തിരപുരം സി.എച്ച്.സി.യിൽ കെ.എസ്.ഇ.ബി. യുമായി ബന്ധപ്പെട്ട പ്രവൃത്തികൾ

2490. ശ്രീ.എസ്.രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി മുഖേന കെ.എസ്.ഇ.ബി ക്ക് കീഴിൽ നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുക്കുന്ന ഏജൻസിയെ എസ്.പി.വി. ആക്കിക്കൊണ്ട് അനുവദിക്കപ്പെട്ടിട്ടുള്ള, ദേവികുളം നിയോജക മണ്ഡലത്തിലെ ചിത്തിരപുരം സി.എച്ച്.സി.യുമായി ബന്ധപ്പെട്ട പ്രവൃത്തികൾ നിലവിൽ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) ചിത്തിരപുരം സി.എച്ച്.സി യുമായി ബന്ധപ്പെട്ട് കെ.എസ്.ഇ.ബിക്ക് കീഴിലെ പ്രസ്തുത ഏജൻസി തയ്യാറാക്കിയിട്ടുള്ള മുഴുവൻ രേഖകളുടെയും പകർപ്പ് ലഭ്യമാക്കാമോ?

പള്ളുരുത്തി സെക്ഷനു കീഴിൽ ട്രാൻസ്ഫോർമറുകൾ

2491. ശ്രീ.ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ പള്ളുരുത്തി സെക്ഷനോഫീസിന് കീഴിലെ പ്രദേശങ്ങളിൽ അനുഭവപ്പെടുന്ന വൈദ്യുതി പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി എത്ര ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നത്;

(ബി) ഇതിൽ എത്ര ട്രാൻസ്ഫോർമറുകൾ നാളിതുവരെ സ്ഥാപിച്ചിട്ടുണ്ടെന്നും ബാക്കിയുള്ളവ എന്നത്തേക്ക് സ്ഥാപിക്കുവാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ?

<u>സർഫാസി ആക്ട്</u>

T 2492. ശ്രീ.ഡി.കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർഫാസി ആക്ടിന്റെ പരിധിയിൽ സംസ്ഥാനത്തെ ഏതെല്ലാം ധനകാര്യ സ്ഥാപനങ്ങൾ ഉൾപ്പെട്ടിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) സംസ്ഥാനത്തെ സഹകരണ മേഖല സർഫാസി ആക്ടിന്റെ പരിധിയിൽ വരുമോ; വ്യക്തമാക്കാമോ;

(സി) സഹകരണ മേഖലയെ സർഫാസി ആക്ടിന്റെ പരിധിയിൽ നിന്നും ഒഴിവാക്കാൻ സംസ്ഥാന സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരങ്ങൾ നൽകാമോ?

<u>കാർഷികമേഖലയിൽ സഹകരണ സ്ഥാപനങ്ങളുടെ ഇടപെടൽ</u>

2493. ശ്രീ.എം. സി. കമറുദ്ദീൻ
,, എം.ഉമ്മർ
പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ
ശ്രീ.അബ്ദുൽ ഹമീദ് പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സംഘങ്ങൾ മുഖേന നൽകുന്ന വായ്പകളിൽ എത്ര ശതമാനമാണ് നിലവിൽ കാർഷിക വായ്പയായി നൽകിവരുന്നത്;

(ബി) കാർഷികമേഖലയിൽ സഹകരണ സ്ഥാപനങ്ങളുടെ ഇടപെടൽ ശക്തമാക്കുന്നതിന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

<u>വായ്പാക്കുടിശ്ശിക പിരിച്ചെടുക്കുന്നതിന് സഹകരണ സ്ഥാപനങ്ങൾ സ്വീകരിച്ചു വരുന്ന നടപടികൾ</u>

2494. ശ്രീ.പി.സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വായ്പാക്കുടിശ്ശിക പിരിച്ചെടുക്കുന്നതിന് സഹകരണ സ്ഥാപനങ്ങൾ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദമാക്കുമോ;

(ബി) കുടിശ്ശിക വരുത്തിയ വായ്പക്കാർക്കെതിരെ കേസ് നടപടികൾ ആരംഭിക്കുന്നതിന് സർക്കാർ സഹകരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(സി) ഇത്തരം നടപടി കാർഷികവായ്പ എടുത്തിട്ടുള്ള കർഷകരെയടക്കം കൂടുതൽ ദുരിതത്തിലാഴ്ത്തുമെന്നതിനാൽ ഈ നടപടി നിർത്തിവയ്ക്കുന്ന കാര്യം പരിശോധിക്കുമോ; വിശദമാക്കുമോ?

ഒരു പഞ്ചായത്തിൽ ഒരു സഹകരണ ബാങ്ക്

2495. ശ്രീമതിഷാനിമോൾ ഉസ്മാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു പഞ്ചായത്തിൽ ഒരു സഹകരണ ബാങ്ക് എന്നതിനെക്കുറിച്ച് സർക്കാർ ഗൗരവമായി ആലോചിക്കുന്നുണ്ടോ;

(ബി) ഇതിലൂടെ സർക്കാർ ലക്ഷ്യമിടുന്നത് എന്താണെന്ന് വിശദമാക്കാമോ;

(സി) പ്രാഥമിക സഹകരണ ബാങ്കുകളെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഔദ്യോഗിക ബാങ്കാക്കി മാറ്റുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; അതിനുള്ള നടപടിക്രമങ്ങൾ ഏതുഘട്ടത്തിലാണ് എന്ന് അറിയിക്കുമോ?

കെയർ കേരള പദ്ധതി

T 2496. ശ്രീ.വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തിൽ വീടുകൾ നഷ്ടപ്പെട്ടവർക്കായുള്ള കെയർ കേരള പദ്ധതിയുടെ പ്രവർത്തന പുരോഗതി അറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ; പദ്ധതിക്കായി എത്ര തുകയാണ് മാറ്റിവച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(സി) പദ്ധതി എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ?

കെയർ കേരള പദ്ധതി

2497. ശ്രീ.എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെയർ കേരള പദ്ധതി മുഖേന എത്ര വീടുകൾ ഇതുവരെ പൂർത്തിയാക്കി അനുവദിച്ചു എന്ന് അറിയിക്കുമോ;

(ബി) എത്ര വീടുകളുടെ നിർമ്മാണം നിലവിൽ നടന്നു വരുന്നു എന്ന് അറിയിക്കുമോ;

(സി) ഈ പദ്ധതി കൂടുതൽ വിപുലീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) വിശദാംശം അറിയിക്കുമോ?

പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണം

2498. ശ്രീ.മുരളി പെരുനെല്ലി

,, ഒ. ആർ. കേളു

,, ബി.സത്യൻ

,, കെ.വി.വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി, പട്ടികവർഗ്ഗക്കാരുടെ ഉന്നമനത്തിനായി പ്രവർത്തിച്ച് വരുന്ന പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനായി പുനർജ്ജനി എന്ന പേരിൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ എന്നറിയിക്കാമോ;

(ബി) പ്രസ്തുത സഹകരണ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി ഓഹരി മൂലധനസഹായം നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(സി) എസ്.സി/എസ്.റ്റി വിഭാഗത്തിൽപ്പെട്ട യുവജനങ്ങൾക്ക് തൊഴിലധിഷ്ഠിത പരിശീലനം നൽകുന്നതിനായി സംഘങ്ങൾക്ക് എന്തെല്ലാം ധനസഹായങ്ങളാണ് നൽകി വരുന്നത് എന്ന് വെളിപ്പെടുത്താമോ;

(ഡി) ലാഭത്തിൽ പ്രവർത്തിക്കുന്ന പട്ടികജാതി, പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്ക് പുതിയ പദ്ധതികൾ നടപ്പിലാക്കുന്നതിനായി കൂടുതൽ ധനസഹായം അനുവദിക്കുന്ന കാര്യം പരിശോധിക്കുമോ?

## പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സഹകരണ വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതി

2499. ശ്രീ.ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ഏഴ് സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് റൂമും ഊർജ്ജക്ഷമതയുള്ള അടുപ്പും സഹകരണ വകുപ്പ് മുഖേന നടപ്പിലാക്കുമെന്ന് പ്രഖ്യാപിക്കുകയും സ്കൂളുകളുടെ ലിസ്റ്റ് ആവശ്യപ്പെടുകയും ചെയ്തിരുന്നു പ്രകാരമുള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

## കേരള ബാങ്ക് രൂപീകരണം

2500. ശ്രീ.വി.പി.സജീന്ദ്രൻ

,, ഐ.സി.ബാലകൃഷ്ണൻ

,, അൻവർ സാദത്ത്

,, എ.പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്ക് രൂപീകരണം, ജില്ലാ ബാങ്കുകളിൽ അംഗങ്ങളായ പ്രാഥമിക സഹകരണ സംഘങ്ങൾക്കും അർബൻ ബാങ്കുകൾക്കും ദോഷകരമാണെന്ന വാദം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജില്ലാ ബാങ്കുകൾ സംസ്ഥാന സഹകരണ ബാങ്കിൽ ലയിപ്പിച്ചത് മൂലം സംഘങ്ങളുടെ സ്വയംഭരണ സ്വഭാവത്തെ ദോഷകരമായി ബാധിക്കുന്ന അവസ്ഥ സംജാതമായിട്ടുണ്ടോ;

(സി) സംസ്ഥാന-ജില്ലാ സഹകരണ ബാങ്കുകളുടെ ഉല്പന്നങ്ങളുടെയും സേവനങ്ങളുടെയും ഏകീകരണം പൂർത്തിയായിട്ടുണ്ടോ; ഇല്ലെങ്കിൽ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(ഡി) പുതിയ ബാങ്കിന് യോജിച്ച രീതിയിൽ ഉദ്യോഗസ്ഥ ഘടന നവീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന്

വിശദമാക്കുമോ?

കേരള ബാങ്ക്

2501. ശ്രീ.സണ്ണി ജോസഫ്

,, തിരുവഞ്ചൂർ രാധാകൃഷ്ണൻ

,, വി.ടി.ബൽറാം

ശ്രീമതിഷാനിമോൾ ഉസ്മാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ സഹകരണ ബാങ്കുകളെ സംസ്ഥാന സഹകരണ ബാങ്കിൽ ലയിപ്പിച്ച് കേരള ബാങ്ക് രൂപീകരിച്ചുകൊണ്ടുള്ള വിജ്ഞാപനം പുറത്തിറങ്ങിയിട്ടുണ്ടോ;

(ബി) കേരള ബാങ്ക് രൂപീകരണത്തിന് റിസർവ് ബാങ്ക് തത്വത്തിൽ അംഗീകാരം നൽകിയത് ഏതൊക്കെ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ്;

(സി) പ്രസ്തുത മാനദണ്ഡങ്ങൾ ഇതിനകം പാലിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ മാനദണ്ഡങ്ങൾ ഇതിനകം പാലിച്ചുവെന്നും ഇനി അവശേഷിക്കുന്നവ ഏതെന്നും വ്യക്തമാക്കുമോ;

(ഡി) കേരള ബാങ്ക് രൂപീകൃതമായതോടുകൂടി സഹകാരികൾക്കും ബാങ്കിലെ ഇടപാടുകാർക്കും ലഭ്യമാകുന്ന പ്രയോജനങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

കേരള ബാങ്ക്

2502. ശ്രീ.കെ.വി.വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്ക് എന്നുമുതലാണ് മറ്റ് പൊതുമേഖലാ ബാങ്കുകൾ നൽകുന്നതുപോലുള്ള സേവനങ്ങൾ പൊതുജനങ്ങൾക്ക് നൽകിത്തുടങ്ങുക; വിശദവിവരങ്ങൾ നൽകുമോ;

(ബി) സോഫ്റ്റ്‌വെയർ അടക്കം ഇതുമായി ബന്ധപ്പെട്ട സാങ്കേതിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; വിശദവിവരം നൽകുമോ?

കേരള ബാങ്ക് നൽകുന്ന കാർഷിക വായ്പ പലിശ നിരക്ക്

2503. ശ്രീ.കെ.എം.ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സ്ഥാപനങ്ങളിലെ കാർഷിക വായ്പ പലിശ നിരക്ക് ഇപ്പോൾ നൽകുന്ന നിരക്കിൽ നിന്ന് കുറവു വരുത്താൻ കേരള ബാങ്ക് നിലവിൽ വരുമ്പോൾ കഴിയുമോ എന്ന് വ്യക്തമാക്കുമോ; എങ്കിൽ പുതിയ നിരക്ക് എത്ര ആയിരിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) കേരള ബാങ്കിലെ എ ക്ലാസ് അംഗങ്ങളായ പ്രാഥമിക സഹകരണ ബാങ്കുകൾക്ക് കേരള ബാങ്കിൽ നിന്നും നൽകുന്ന വായ്പയുടെ പലിശ നിരക്കും എ ക്ലാസ് അല്ലാത്ത മറ്റ് അംഗങ്ങൾക്ക് നൽകുന്ന വായ്പയുടെ പലിശ നിരക്കും തുല്യമായിരിക്കുമോ; വ്യക്തമാക്കുമോ?

കേരള ബാങ്ക് ജീവനക്കാരുടെ വിരമിക്കൽ പ്രായം

2504. ശ്രീ.കെ.എസ്.ശബരീനാഥൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ സഹകരണ ബാങ്കുകൾ സംസ്ഥാന സഹകരണ ബാങ്കുമായി ലയിപ്പിച്ച് കേരള ബാങ്ക് രൂപീകരിച്ച സാഹചര്യത്തിൽ ജീവനക്കാരുടെ വിരമിക്കൽ പ്രായം ഉയർത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വെളിപ്പെടുത്താമോ;

(ബി) 2019 ഡിസംബർ രണ്ടാം വാരം തിരുവനന്തപുരത്ത് ചേർന്ന കേരള ബാങ്ക് അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയുടെ യോഗത്തിൽ വിരമിക്കൽ പ്രായം ഉയർത്തുന്നത് സംബന്ധിച്ച് ചർച്ച നടത്തിയിട്ടുണ്ടോ എന്നറിയിക്കാമോ;

(സി) ദേശസാൽകൃത, ഷെഡ്യൂൾഡ് ബാങ്കുകൾക്ക് സമാനമായി കേരള ബാങ്ക് ജീവനക്കാരുടെ വിരമിക്കൽ പ്രായം 60 വയസ്സ് ആക്കുന്നത് സംബന്ധിച്ച് സർക്കാർ നിലപാട് വ്യക്തമാക്കുമോ?

കേരള ബാങ്ക് പ്രവർത്തനത്തിന് അന്തിമാനുമതി

2505. ശ്രീ.ടി.എ.അഹമ്മദ് കബീർ

,, പി.കെ.അബ്ദു റബ്ബ്

,, എം.ഉമ്മർ

,, പി.ഉബൈദുള്ള **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്കിന്റെ പ്രവർത്തനത്തിന് അന്തിമാനുമതിക്കായുള്ള അപേക്ഷ റിസർവ് ബാങ്കിന് സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) കേരള ബാങ്കിന് അനുമതി ലഭിക്കാൻ റിസർവ് ബാങ്ക് നിശ്ചയിച്ച ഒമ്പത് ശതമാനം മൂലധന പര്യാപ്തത ഏതെല്ലാം ജില്ലാ സഹകരണ ബാങ്കുകൾക്ക് ഉണ്ടെന്നുള്ള റിപ്പോർട്ടാണ് സമർപ്പിച്ചത്; വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത റിപ്പോർട്ട് കിട്ടാക്കടങ്ങളുടെ യഥാർത്ഥ കണക്കുകൾ മറച്ചുവെച്ചുണ്ടാക്കിയതാണെന്ന് നബാർഡ് കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ?

കേരള ബാങ്കിന് ഇതരസംസ്ഥാനങ്ങളിൽ ശാഖകൾ

2506. ശ്രീ.അബ്ദുൽ ഹമീദ് പി. **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്കിന് ഇതരസംസ്ഥാനങ്ങളിൽ ശാഖകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) കേരള സഹകരണ സംഘം നിയമം അനുസരിച്ച് കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിന് ഇതരസംസ്ഥാനങ്ങളിൽ ശാഖകൾ ആരംഭിക്കുവാൻ അനുമതിയുണ്ടോ എന്നറിയിക്കുമോ ;

(സി) കേരള ബാങ്കിന് ഇതരസംസ്ഥാനങ്ങളിൽ ശാഖകൾ ആരംഭിക്കുന്നുവെങ്കിൽ ഏതു നിയമപ്രകാരം

ആണെന്ന് വെളിപ്പെടുത്താമോ?

കേരള ബാങ്കിന്റെ ഭരണം

2507. ഡോ.എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റിസർവ് ബാങ്കിന്റെ പത്തൊൻപതിന നിർദ്ദേശങ്ങളിൽ കേരള ബാങ്കിന്റെ ഭരണം ബോർഡ് ഓഫ് മാനേജ്മെന്റിന് ആണെന്ന് നിഷ്കർഷിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത ബോർഡ് ഓഫ് മാനേജ്മെന്റിന്റെ ഉത്തരവാദിത്തം എന്തെല്ലാമാണെന്ന് വ്യക്തമാക്കിയിട്ടുണ്ടോ;

(സി) റിസർവ് ബാങ്കിന്റെ ഈ നിർദ്ദേശം സർക്കാർ അംഗീകരിച്ചിട്ടുണ്ടോ?

കേരള ബാങ്കിന്റെ ഏകീകൃത കോർ ബാങ്കിംഗ് സർവ്വീസ്

2508. ശ്രീ.ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്കിന്റെ ഏകീകൃത കോർ ബാങ്കിംഗ് സർവ്വീസ് പ്രൊവൈഡറെ തീരുമാനിച്ചിട്ടുണ്ടോ; ഇതിനായുള്ള ടെൻഡർ നടപടികൾ ഏത് ഘട്ടത്തിലാണ്;

(ബി) ഏതൊക്കെ സ്ഥാപനങ്ങളാണ് ടെൻഡർ സമർപ്പിച്ചിട്ടുള്ളത്;

(സി) ടെൻഡർ പരിശോധിച്ച് യോഗ്യരായവരെ കണ്ടെത്തുന്നതിന് പ്രത്യേക കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

കേരള ബാങ്കിന്റെ പ്രവർത്തന പുരോഗതി

2509. ശ്രീ.വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ സ്വന്തം ബാങ്കായി രൂപീകരിച്ച കേരള ബാങ്കിന്റെ പ്രവർത്തന പുരോഗതി അറിയിക്കാമോ;

(ബി) കേരള ബാങ്കിൽ ചേരുന്നതിന് വിസമ്മതിച്ച മലപ്പുറം ജില്ലാ സഹകരണ ബാങ്കിനെ കേരളബാങ്കിന്റെ ഭാഗമാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) കേരള ബാങ്ക് പൂർണ്ണതോതിൽ എന്ന് പ്രവർത്തന സജ്ജമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(ഡി) കേരള ബാങ്കിനെ അത്യാധുനിക സാങ്കേതിക വിദ്യയോടും സേവന സന്നദ്ധതയോടെയും പൂർണ്ണതോതിൽ പ്രവർത്തന സജ്ജമാക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

കേരളാ ബാങ്കിന് വിദേശനിക്ഷേപം സ്വീകരിക്കുവാൻ അനുമതി

2510. ശ്രീ.പി.കെ.അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ ബാങ്കിൽ ലയിച്ചതോടുകൂടി ജില്ലാ സഹകരണബാങ്കുകൾക്ക് വിദേശനിക്ഷേപം സ്വീകരിക്കാനുള്ള ലൈസൻസ് നഷ്ടമായത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കേരളാ ബാങ്കിന് നിലവിൽ വിദേശനിക്ഷേപം സ്വീകരിക്കുവാൻ സാധിക്കുമോ എന്ന് വ്യക്തമാക്കുമോ;

(സി) ഇല്ലെങ്കിൽ അതിനുള്ള നടപടിക്രമം പൂർത്തീകരിക്കുവാൻ എത്ര കാലതാമസം നേരിടും എന്ന് അറിയിക്കാമോ;

(ഡി) ഇവ പരിഹരിക്കുന്നതിനായി സർക്കാർ എന്തെങ്കിലും ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ?

## സഹകരണ വകുപ്പിന് കേരള ബാങ്കിന്റെ നടത്തിപ്പിലുള്ള പങ്ക്

2511. ശ്രീ.പി.കെ.അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

സഹകരണ മേഖലയുടെ പ്രവർത്തനത്തിൽ നിർണ്ണായക സ്വാധീനം നല്കിയ സഹകരണ വകുപ്പിന് കേരള ബാങ്കിന്റെ നടത്തിപ്പിൽ എന്തുപങ്കാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

## പ്രാഥമിക സഹകരണ ബാങ്കുകളുടെ നിലനിൽപ്പ്

2512. ശ്രീ.സി.മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്കിന് വിദേശത്ത് ശാഖ തുടങ്ങാൻ കഴിയുമോ; കേരള സഹകരണ നിയമചട്ടം അനുസരിച്ച് രൂപീകൃതമാകുന്ന ഒരു സഹകരണ സ്ഥാപനത്തിന് വിദേശത്ത് ശാഖ തുടങ്ങാൻ നിയമം അനുവദിക്കുന്നുണ്ടോ;

(ബി) പ്രാഥമിക സഹകരണ ബാങ്കുകൾ അംഗങ്ങൾക്ക് നൽകുന്ന വായ്പയ്ക്ക് ഈടാക്കുന്ന പലിശയേക്കാൾ 1% കുറവാണോ കേരള ബാങ്ക് ഈടാക്കുന്ന പലിശ;

(സി) കൂടാതെ 2% ഓഹരി കൂടി പ്രാഥമിക സഹകരണ ബാങ്കുകൾ അംഗങ്ങളിൽ നിന്ന് ഈടാക്കുന്നുണ്ടോ; ഇങ്ങനെ പ്രാഥമിക സഹകരണ ബാങ്കുകളിൽ നിന്ന് വായ്പ എടുക്കുവാൻ ആരെങ്കിലും തയ്യാറാകുമോ;

(ഡി) ഇത് പ്രാഥമിക സഹകരണ ബാങ്കുകളുടെ നിലനിൽപ്പിനെ ബാധിക്കുമോ എന്ന് വ്യക്തമാക്കാമോ;

(ഇ) കേരള ബാങ്ക് ആദ്യ മൂന്ന് വർഷം 10% ലാഭവിഹിതം നൽകുമോ; കേരള സംസ്ഥാന സഹകരണ സംഘം നിയമം വകുപ്പ് 56 പ്രകാരം പ്രവർത്തനലാഭം ഉണ്ടാകില്ലെങ്കിൽ എങ്ങനെ ലാഭവിഹിതം കൊടുക്കും എന്ന് വ്യക്തമാക്കാമോ;

(എഫ്) മലപ്പുറം ജില്ല സഹകരണ ബാങ്കിനെ സംരക്ഷിക്കാൻ സർക്കാർ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

കേരള ബാങ്കിന് നബാർഡിൽ നിന്നും ലഭിക്കുന്ന പുനർവായ്പാ സഹായം

2513. ശ്രീ.പി.കെ.അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റിസർവ് ബാങ്കിന്റെ എ റേറ്റിംഗ് ഉള്ള ഒൻപത് ജില്ലാ സഹകരണ ബാങ്കുകളും ബി റേറ്റിംഗ് ഉള്ള ആറ് ജില്ലാ സഹകരണ ബാങ്കുകളും ലയിപ്പിക്കുന്നത് ബി റേറ്റിംഗ് ഉള്ള കേരള സംസ്ഥാന സഹകരണ ബാങ്കിലാണോ; എങ്കിൽ കേരള ബാങ്കിന്റെ റേറ്റിംഗ് എന്താവും എന്ന് വ്യക്തമാക്കാമോ;

(ബി) ദ്വിതല സംവിധാനത്തിലേക്ക് മാറ്റുമ്പോൾ കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ നിഷ് ക്രിയാസ്തി ഉയർന്ന നിലവാരത്തിലേക്ക് മാറുകയോ മൂലധന പര്യാപ്തത ഒൻപത് ശതമാനത്തിൽ താഴെ വരികയോ പ്രവർത്തനഫലം നഷ്ടത്തിലാവുകയോ ചെയ്യുമ്പോൾ നബാർഡിൽ നിന്നും ലഭിക്കുന്ന പുനർവായ്പാ സഹായം കേരളത്തിന് ലഭിക്കാതെ വരുമോ; വിശദമാക്കാമോ;

(സി) പ്രാഥമിക സഹകരണ ബാങ്കുകളും അർബൻ ബാങ്കുകളും ഒഴികെയുള്ള മറ്റ് സഹകരണ സ്ഥാപനങ്ങൾക്ക് ജില്ലാ സഹകരണ ബാങ്കുകളിൽ ഉള്ള ഓഹരികൾ തിരികെ നൽകിയോ എന്ന് വ്യക്തമാക്കുമോ; ഇല്ലെങ്കിൽ അതിലെ തീരുമാനം എന്താണ്; വിശദവിവരം നൽകുമോ?

ക്ഷേമ പരിപാടികളിൽ സഹകരണ സ്ഥാപനങ്ങളുടെ പങ്ക്

2514. ശ്രീ.കെ.കുഞ്ഞിരാമൻ

,, പി.കെ. ശശി

,, പി.ടി.എ. റഹീം

,, സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ നയം മുന്നോട്ടു വച്ചിട്ടുള്ള സുസ്ഥിര വികസന ലക്ഷ്യം നിറവേറ്റുന്നതിന് ഉപജീവനമാർഗങ്ങൾ സൃഷ്ടിക്കുന്ന വിവിധ മേഖലകളിലും കാർഷിക മേഖലയിലും നൽകി വരുന്ന പ്രോത്സാഹനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ;

(ബി) പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിൽ നിന്നുള്ള വായ്പ തോത് വർദ്ധിപ്പിക്കാനായിട്ടുണ്ടോ;

(സി) സർക്കാരിന്റെ വിവിധ ക്ഷേമ പരിപാടികളിൽ സഹകരണ സ്ഥാപനങ്ങൾ വഹിക്കുന്ന പങ്ക് വിശദമാക്കാമോ ;

(ഡി) കെയർ ഹോം, കെയർ ലോൺ, റിസർജന്റ് കേരള ലോൺ സ്കീം എന്നീ പദ്ധതികൾ വഴി നവകേരള നിർമ്മാണത്തിന് സഹകരണ പ്രസ്ഥാനം വഹിച്ച പങ്ക് വിശദമാക്കാമോ?

ജില്ലാ സഹകരണ ബാങ്കുകളിൽ പ്രവാസി നിക്ഷേപം

2515. ശ്രീ.വി.ടി.ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതൊക്കെ ജില്ലാ സഹകരണ ബാങ്കുകൾക്കാണ് പ്രവാസി നിക്ഷേപം സ്വീകരിക്കുവാൻ ലൈസൻസ് ഉണ്ടായിരുന്നത് എന്ന് അറിയിക്കാമോ;

(ബി) ജില്ലാ സഹകരണ ബാങ്കുകൾ സംസ്ഥാന സഹകരണ ബാങ്കിൽ ലയിച്ച് കേരള ബാങ്ക് രൂപീകൃതമായ സാഹചര്യത്തിൽ പ്രവാസി നിക്ഷേപം സ്വീകരിക്കുന്നതിനുള്ള ലൈസൻസ് പ്രസ്തുത ബാങ്കുകൾക്ക് നഷ്ടമായോ എന്ന് അറിയിക്കാമോ;

(സി) കേരള ബാങ്കിന് നിലവിലെ സ്ഥിതിയിൽ പ്രവാസി നിക്ഷേപം സ്വീകരിക്കുവാൻ ആർ. ബി. ഐ. അനുമതി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനായി എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

<u>സംസ്ഥാനത്ത് ജില്ലാ സഹകരണ ബാങ്കുകൾ സംസ്ഥാന ബാങ്കിൽ ലയിച്ച സാഹചര്യം</u>

2516. ശ്രീ.കെ.എൻ.എ ഖാദർ
,, വി.കെ.ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജില്ലാ സഹകരണ ബാങ്കുകൾ സംസ്ഥാന ബാങ്കിൽ ലയിച്ച സാഹചര്യത്തിൽ നിലവിലുള്ള ക്ലാർക്ക്,ക്യാഷർ റാങ്ക് പട്ടികയിൽ നിന്ന് നിയമനം നടത്താനാവുമോ; ഈ വിഷയത്തിൽ സ്വീകരിച്ച വരുന്ന നടപടികൾ വിശദമാക്കാമോ; നിലവിലുള്ള നിയമന പട്ടികയിലെ ഉദ്യോഗാർത്ഥികളുടെ ഈ പ്രശ്നം പരിഹരിക്കുവാൻ എന്ത് നടപടിയാണ് സ്വീകരിക്കുവാനുദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ;

(ബി) കേരള ബാങ്ക് രൂപീകരണത്തിന് മുന്നോടിയായി സമർപ്പിച്ച ശ്രീറാം കമ്മിറ്റി റിപ്പോർട്ട് പ്രകാരം കേരള ബാങ്ക് രൂപീകരണശേഷം കൂടുതൽ നിയമനങ്ങൾ ആവശ്യമാണെന്ന വിലയിരുത്തലുണ്ടായിട്ടുണ്ടോ;

(സി) ഇപ്പോൾ താല്ക്കാലിക ജീവനക്കാരെ നിയമിക്കുവാനും സ്ഥിരപ്പെടുത്തുവാനും നടപടികൾ സ്വീകരിക്കുന്നുണ്ടോ; പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലിരിക്ക ഇപ്രകാരം താല്ക്കാലിക ജീവനക്കാരെ നിയമിക്കുന്ന നടപടികൾ അവസാനിപ്പിക്കുവാൻ കർശന നിർദ്ദേശം നൽകാമോ; വിശദമാക്കാമോ?

<u>വായ്പകുടിശ്ശിക തവണകളായി അടയ്ക്കുന്നതിന് സംവിധാനം</u>

2517. ശ്രീ.രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജില്ലാ ബാങ്കുകൾ എല്ലാംതന്നെ കേരളാ ബാങ്കിന്റെ ഭാഗമായതോടെ നിലവിൽ ജില്ലാ ബാങ്കുകളിൽ നിന്നും വായ്പ എടുത്ത് കുടിശ്ശിക ആയവരുടെ പേരിൽ സർഫാസി നിയമമുപയോഗിച്ച് ജപ്തിയുൾപ്പെടെയുള്ള നടപടിയിലേക്ക് ബാങ്കുകൾ നീങ്ങിയത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതികൾക്കുപകരം ഉണ്ടായിരുന്ന അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റികളുടെ അധികാരം ഇല്ലാതായതോടെ ജില്ലാ ബാങ്ക് അധികൃതർ കാലാവധി നീട്ടി നൽകുകയോ തവണകൾ അനുവദിക്കുകയോ ചെയ്യാതെ പെട്ടെന്നുതന്നെ ജപ്തി നടപടിയിലേക്ക് നീങ്ങിയതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) മൊറട്ടോറിയം കാലയളവിൽ പോലും ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന തരത്തിൽ ബാങ്കധികൃതൽ

ഇത്തരത്തിൽ ഇടപെട്ടത് സർക്കാർ അന്വേഷിക്കുമോ;

(ഡി) വായ്പകുടിശ്ശിക വന്നവർക്ക് സമയം നീട്ടി നൽകി കുടിശ്ശിക തവണകളായി അടയ്ക്കുന്നതിനുള്ള സംവിധാനമുണ്ടാക്കാൻ നടപടി സ്വീകരിക്കുമോ?

<u>അഡ്മിനിസ്റ്റേറ്റർ ഭരണത്തിൽ ജില്ലാ ബാങ്കുകളിലെ നിയമനം</u>

2518. **ശ്രീ.എ.പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്ക് രൂപീകരണത്തിന്റെ മുന്നോടിയായി സംസ്ഥാനത്തിന്റെ പതിനാല് ജില്ലാ സഹകരണ ബാങ്കുകളുടെയും ഭരണസമിതി പിരിച്ച് വിട്ട് അഡ്മിനിസ്ട്രേറ്റീവ് ഭരണം ഏർപ്പെടുത്തിയിരുന്നോ;

(ബി) അഡ്മിനിസ്റ്റേറ്റർ ഭരണത്തിൽ താല്ക്കാലിക, ദിവസവേതന, കോൺട്രാക്ട് അടിസ്ഥാനത്തിൽ ജില്ലാ ബാങ്കുകളിൽ നിയമനം നടത്തിയിട്ടുണ്ടോ; എങ്കിൽ ഓരോ ബാങ്കിലും ഇപ്രകാരം നടത്തിയ താല്ക്കാലിക നിയമനങ്ങളുടെ വിശദാംശം നൽകുമോ;

(സി) ഇപ്രകാരം താല്ക്കാലിക നിയമനം ലഭിച്ചവർക്ക് സ്ഥിരനിയമനം നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എത്ര പേർക്കെന്ന് അറിയിക്കുമോ?

<u>സഹകരണ ബാങ്കിലെ സ്വതന്ത്ര സോഫ്റ്റ് വെയർ</u>

2519. **ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സഹകരണ ബാങ്കിൽ ജില്ലാ സഹകരണ ബാങ്കുകളെ ലയിപ്പിച്ചപ്പോൾ സ്വതന്ത്ര സോഫ്റ്റ് വെയർ നടപ്പിൽ വരുത്തിയോ;വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി നടത്തിപ്പ് ഇപ്പോൾ ഏതു ഘട്ടത്തിലെന്ന് വെളിപ്പെടുത്തുമോ;

(സി) സ്വതന്ത്ര സോഫ്റ്റ് വെയർ ഉപയോഗിച്ച് കേരള ബാങ്കിനെയും അതിന്റെ ഏജൻസിയായി പ്രവർത്തിപ്പിക്കുന്ന പ്രാഥമിക സഹകരണ ബാങ്കുകളെയും തമ്മിൽ ബന്ധിപ്പിക്കുന്നതിന് എത്ര കാലം വേണ്ടി വരുമെന്ന് അറിയിക്കുമോ;

(ഡി) സ്വതന്ത്ര സോഫ്റ്റ് വെയർ ബന്ധിപ്പിക്കൽ നടപടി പൂർത്തിയാകുന്നതുവരെ പ്രസ്തുത ബാങ്കുകളുടെ പ്രവർത്തനം എങ്ങനെ ഏകീകരിക്കുമെന്ന് വെളിപ്പെടുത്തുമോ ?

<u>സഹകരണ സംഘങ്ങളുടെ കുടിശ്ശിക തീർപ്പാക്കാൻ നടപടികൾ</u>

2520. **ശ്രീ.എം. സ്വരാജ് :** താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

സഹകരണ സംഘങ്ങളുടെ കുടിശ്ശിക തീർപ്പാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ച വരുന്നു എന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

## സഹകരണ സ്ഥാപനങ്ങളുടെ നിലനിൽപ്പ്

2521. ഡോ.എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന സഹകരണ ബാങ്ക് കേരള ബാങ്ക് ആകുമ്പോൾ സഹകരണം എന്ന പദം പ്രസ്തുത ബാങ്കിന്റെ പേരിൽ നിന്ന് ഒഴിവാകുമോ;

(ബി) കേരളത്തിൽ സഹകരണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന 1824 പ്രാഥമിക സഹകരണ ബാങ്കുകളും 60 അർബൻ സഹകരണ ബാങ്കുകളും 10000-ൽ പരം മറ്റ് സഹകരണ സ്ഥാപനങ്ങളും ഉൾപ്പെടെയുള്ള 12000-ൽ അധികം സഹകരണ സ്ഥാപനങ്ങളുടെ ഫിനാൻസിങ്ങ് ബാങ്കായ ജില്ലാ സഹകരണ ബാങ്കുകൾ ഇല്ലാതായ സ്ഥിതിക്ക് പ്രസ്തുത സഹകരണ സംഘങ്ങൾക്ക് കേരള ബാങ്കിൽ അംഗത്വം ലഭിക്കുമോ; ഈ സഹകരണ സംഘങ്ങളുടെ ഫിനാൻസിങ്ങ് ബാങ്കായി കേരള ബാങ്കിന് പ്രവർത്തിക്കാൻ സാധിക്കുമോയെന്ന് അറിയിക്കാമോ;

(സി) കേരളത്തിന്റെ സാമ്പത്തിക മേഖലയിലെ നിർണ്ണായക ശക്തിയായ പ്രസ്തുത സംഘങ്ങളുടെ നിലനിൽപ്പ് എന്താകുമെന്നും സഹകരണ വകുപ്പ് എന്ത് മുൻകരുതൽ ആണ് ഈ കാര്യത്തിൽ സ്വീകരിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ;

(ഡി) കേരള ബാങ്ക് രൂപീകൃതമാകുമ്പോൾ സംസ്ഥാന സഹകരണ ബാങ്ക്, ജില്ലാ സഹകരണ ബാങ്ക് എന്നിവിടങ്ങളിൽ ആഡിറ്റ്, എക്സിക്യൂഷൻ, ആർബിട്രേഷൻ എന്നിവ നിർവ്വഹിക്കുന്ന സഹകരണ വകുപ്പിലെ 16 ജോയിന്റ് രജിസ്ട്രാർ, 7 ഡെപ്യൂട്ടി രജിസ്ട്രാർ, 13 അസിസ്റ്റന്റ് രജിസ്ട്രാർ, 34 ആഡിറ്റർ/ഇൻസ്പെക്ടർമാർ എന്നിവരുൾപ്പെടെ എഴുപതോളം വകുപ്പ് ജീവനക്കാരെ കേരള ബാങ്കിൽ സ്ഥിരമായി നിലനിർത്തുമോ; കേരള ബാങ്കിൽ ഇതിന് ആവശ്യമായ തസ്തിക സൃഷ്ടിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഇ) മറ്റ് വാണിജ്യ ബാങ്കുകളിൽ നിന്ന് വിഭിന്നമായി, അംഗങ്ങൾ വായ്പ എടുക്കുമ്പോൾ ലഭിക്കുന്ന 2% ഒറ്റത്തവണ ഓഹരിത്തുക പ്രാഥമിക സഹകരണ ബാങ്കുകളുടെ പ്രവർത്തന മൂലധനമായി മാറുന്ന നിലവിലെ രീതി ഒഴിവാക്കണം എന്ന റിസർവ് ബാങ്കിന്റെ നിർദ്ദേശം നടപ്പിലാക്കുമോ;

(എഫ്) പൊതുജനങ്ങൾക്ക് ഉപകാരപ്രദമായ പ്രവർത്തനങ്ങളായ ചിട്ടിനടത്തിപ്പ്, നീതി സ്റ്റോറുകൾ, വളം ഡിപ്പോകൾ, വിശേഷ ദിവസങ്ങളിലെ ചന്തകൾ, സർക്കാരിന്റെ ക്ഷേമ പെൻഷൻ നൽകൽ തുടങ്ങിയവ പ്രാഥമിക സഹകരണ ബാങ്കുകൾ നടത്തുന്നുണ്ടോ;

(ജി) എങ്കിൽ ഇത്തരം വായ്പേതര പ്രവർത്തനങ്ങൾ തുടർന്നും നടത്താനാവശ്യമായ അനുമതി റിസർവ് ബാങ്കിൽ നിന്നും കേരള ബാങ്കിന്റെ അനുബന്ധ ബാങ്കുകളായി പ്രവർത്തിക്കേണ്ട പ്രാഥമിക സഹകരണ ബാങ്കുകൾക്ക് ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യങ്ങളിൽ സർക്കാർ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ?

## കടുത്തുരുത്തി സഹകരണ റബ്ബർ മാർക്കറ്റിംഗ് & പ്രോസസിംഗ് സംഘത്തിലെ വിരമിച്ച ജീവനക്കാരുടെ ശമ്പളം

2522. ശ്രീ.മോൻസ് ജോസഫ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി സഹകരണ റബ്ബർ മാർക്കറ്റിംഗ് ആൻറ് പ്രോസസിംഗ് സംഘത്തിലെ വിരമിച്ച ജീവനക്കാരുടെ ശമ്പളം അനുവദിക്കണമെന്നു കാണിച്ച് നൽകിയ നിവേദനങ്ങളുടെ അടിസ്ഥാനത്തിൽ C/3275570/19 , 3258605/2019 എന്നീ നമ്പർ ഫയലുകൾ മുഖേന സഹകരണ സംഘം രജിസ്ട്രാർക്കും സഹകരണ പെൻഷൻ ബോർഡിനും റിപ്പോർട്ടിനായി സമർപ്പിച്ചതിന് രജിസ്ട്രാറും ബോർഡും സ്വീകരിച്ച തുടർ നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ജീവനക്കാർക്ക് ശമ്പളവും ആയതിന്റെ പലിശയും അനുവദിക്കണമെന്നുള്ള സഹകരണ ആർബിട്രേഷൻ ബോർഡ് വിധിയുടെ അടിസ്ഥാനത്തിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) പ്രവർത്തന രഹിതമായ പ്രസ്തുത സ്ഥാപനത്തെക്കുറിച്ച് കോട്ടയം സഹകരണ ജോയിന്റ് രജിസ്ട്രാർ റിപ്പോർട്ട് നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

<u>കൺസ്യൂമർ ഫെഡിന് കീഴിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ</u>

2523. ശ്രീ.ഡി.കെ. മുരളി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൺസ്യൂമർ ഫെഡിന് കീഴിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ നിലവിലുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) ഉണ്ടെങ്കിൽ അവ ഏതൊക്കെയെന്നും ഏതെല്ലാം കോഴ്സുകളാണ് പ്രസ്തുത സ്ഥാപനങ്ങളിൽ ഉള്ളതെന്നും വിശദമാക്കാമോ?

<u>പ്രാഥമിക സഹകരണ സംഘങ്ങളിലെ വായ്പാ കുടിശ്ശിക</u>

2524. ശ്രീ.മോൻസ് ജോസഫ്
,, പി.ജെ.ജോസഫ്
,, സി.എഫ്.തോമസ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാഥമിക സഹകരണ സംഘങ്ങളിലെ വായ്പാ കുടിശ്ശികയ്ക്കെതിരെ നിയമനടപടി സ്വീകരിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ടോ;

(ബി) 2015 വരെ കാലാവധി പൂർത്തിയാക്കിയ വായ്പകളിൽ കേസ് ഫയൽ ചെയ്യാൻ നിയമം അനുവദിക്കാത്ത സാഹചര്യം സംസ്ഥാനത്ത് നിലനിൽക്കുന്നുണ്ടോയെന്ന് അറിയിക്കാമോ;

(സി) വായ്പകളുടെ കാലാവധി കഴിഞ്ഞാൽ എത്രവർഷം പിന്നിട്ടാലും ഈടാക്കാൻ സംഘങ്ങൾക്ക് ആർബിട്രേഷൻ കേസടക്കമുള്ള നടപടി 2013 ലെ സഹകരണ നിയമ ഭേദഗതിയോടെ കഴിയാത്ത സ്ഥിതിക്ക് പരിഹാരം കണ്ടെത്താൻ നടപടി സ്വീകരിക്കുമോ;

(ഡി) സംസ്ഥാനത്തെ വിവിധ സംഘങ്ങളുടെ കോടിക്കണക്കിന് രൂപയുടെ വായ്പാ കുടിശ്ശിക തിരിച്ചു പിടിക്കാനാകാതെ കിടക്കുന്നതിന് പരിഹാരം കണ്ടെത്താൻ നടപടി സ്വീകരിക്കുമോ?

## കർഷകർക്ക് പലിശരഹിത വായ്പ

2525. ശ്രീ.ഡി.കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകൾ/സംഘങ്ങൾ മുഖേന കർഷകർക്ക് പലിശരഹിത വായ്പ നൽകുന്ന പദ്ധതി നിലവിലുണ്ടോ;

(ബി) എങ്കിൽ ആയതിന്റെ വിശദവിവരങ്ങൾ നൽകാമോ?

## വായ്പകൾക്ക് മുതലിനേക്കാൾ കൂടുതൽ പലിശ

2526. ശ്രീ.ഡി.കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളിൽ നിന്നും അനുവദിക്കുന്ന വായ്പകൾക്ക് മുതലിനേക്കാൾ കൂടുതൽ പലിശ ഈടാക്കാൻ പാടില്ലെന്ന ഉത്തരവ് നിലവിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഉത്തരവിന്റെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ;

(സി) വായ്പ എടുത്ത ശേഷം മരണപ്പെട്ടു പോയവരുടെ പേരിലുള്ള ബാദ്ധ്യത എഴുതിത്തള്ളുന്നതിനോ ഇളവുകൾ അനുവദിക്കുന്നതിനോ പദ്ധതികൾ നിലവിലുണ്ടോ; വിശദമാക്കാമോ?

## റിസ്ക് ഫണ്ട് ആനുകൂല്യം

2527. ശ്രീ.ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ സഹകരണ ബാങ്കുകളിൽ നിന്നും റിസ്ക് ഫണ്ട് ആനുകൂല്യത്തിനായി സഹകരണ ബോർഡിൽ എത്ര അപേക്ഷകൾ ലഭ്യമായിട്ടുണ്ട് എന്ന് ബാങ്കുകൾ തിരിച്ച് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത അപേക്ഷകളിൽ എത്ര അപേക്ഷകളിൻമേൽ തീരുമാനമെടുത്തു എന്നത് ബാങ്ക് തിരിച്ച് വ്യക്തമാക്കാമോ;

(സി) റിസ്ക് ഫണ്ട് അനുവദിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കി അർഹരായവർക്ക് വേഗത്തിൽ റിസ്ക് ഫണ്ട് ലഭ്യമാക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## റിസ്ക് ഫണ്ട് ആനുകൂല്യം ലഭിക്കുന്നതിനുള്ള നിബന്ധനകൾ

2528. ശ്രീ.ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം സഹകരണ സ്ഥാപനങ്ങളിൽ നിന്നാണ് വായ്പയെടുത്തവർ മരണപ്പെടുമ്പോൾ റിസ്ക് ഫണ്ട് അനുവദിക്കുന്നുവെന്നും റിസ്ക് ഫണ്ട് അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്നും

വിശദീകരിക്കുമോ;

(ബി) കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിൽ നിന്ന് എത്ര പേർക്ക് റിസ്ക് ഫണ്ട് ആനുകൂല്യം ലഭിച്ചുവെന്നു വിശദീകരിക്കുമോ; ലിസ്റ്റ് ലഭ്യമാക്കുമോ;

(സി) റിസ്ക് ഫണ്ട് ആനുകൂല്യം ലഭിക്കുന്നതിനുള്ള നിബന്ധനകൾ ലഘൂകരിച്ച് വേഗത്തിൽ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

## റിസ്ക് ഫണ്ട്

2529. ശ്രീ.മുരളി പെരുനെല്ലി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സഹകരണ വകുപ്പിന്റെ റിസ്ക്ഫണ്ട് പദ്ധതി പ്രകാരം ഇതുവരെ എത്ര കോടി രൂപ അനുവദിച്ചു എന്ന് വർഷം തിരിച്ചുള്ള കണക്ക് നൽകാമോ;

(ബി) ആകെ എത്ര പേർക്ക് ഇതിന്റെ പ്രയോജനം ലഭിക്കുകയുണ്ടായി എന്നുകൂടി അറിയിക്കാമോ?

## ജില്ലാ സഹകരണ ബാങ്കുകളിലെ ക്ലർക്ക് കാഷ്യർ തസ്തിക

2530. ശ്രീ.അനിൽ അക്കര **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പതിനാല് ജില്ലാ സഹകരണ ബാങ്കുകളിലേക്ക് ജനുവരിയിൽ നിലവിൽ വന്ന ക്ലർക്ക് കാഷ്യർ തസ്തികയിലേക്ക് ഓരോ ജില്ലാ ബാങ്കിലും ഇതിനകം എത്ര പേർക്ക് നിയമനം നൽകിയെന്ന് വ്യക്തമാക്കുമോ;

(ബി) കേരള ബാങ്ക് രൂപീകരണം സംബന്ധിച്ച് നിയോഗിച്ച ശ്രീറാം കമ്മിറ്റി അതിന്റെ റിപ്പോർട്ടിൽ ജില്ലാ ബാങ്കുകളിൽ നിലവിലുള്ള ജീവനക്കാർ അധികമാണെന്ന് റിപ്പോർട്ട് നൽകിയിട്ടുണ്ടോ;

(സി) ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണോ ജില്ലാ ബാങ്കുകളിലെ ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാതെ അവിടെ നിയമന നിരോധനം നടപ്പിലാക്കിയത് എന്ന് അറിയിക്കുമോ?

## കോഴിക്കോട് ജില്ലാ സഹകരണ ബാങ്കിലെ അനധികൃത നിയമനം

2531. ഡോ.എം. കെ. മുനീർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലാ സഹകരണബാങ്കിൽ ക്ലാർക്ക്/കാഷ്യർ തസ്തികയിൽ മുൻ ഭരണസമിതിയുടെ ഭാഗത്ത് നിന്നുണ്ടായ അനധികൃത നിയമനം സംബന്ധിച്ച് സഹകരണ സംഘം രജിസ്ട്രാറുടെ 27.09.2019-ലെ റിപ്പോർട്ടിന്മേൽ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കാമോ;

(ബി) അനധികൃത നിയമനം മൂലം അവസരം നഷ്ടപ്പെടുന്ന കോഴിക്കോട് ജില്ലാ സഹകരണ ബാങ്കിന്റെ നിലവിലുള്ള ക്ലാർക്ക്/കാഷ്യർ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് നിയമനം നൽകുന്നതിന് സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ?

നിലമ്പൂർ കോ-ഓപ്പറേറ്റീവ് അർബൻ ബാങ്ക് ഹൈക്കോടതിയിൽ സമർപ്പിച്ച കേസ്

2532. ശ്രീ.പി.വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ), കേരളസർക്കാർ എന്നിവർക്കെതിരായി നിലമ്പൂർ കോ-ഓപ്പറേറ്റീവ് അർബൻ ബാങ്ക് ഹൈക്കോടതിയിൽ സമർപ്പിച്ച WP(C) 5025/2018 നമ്പർ കേസ്സിൽ സർക്കാരിനുവേണ്ടി ഗവണ്മെന്റ് പ്ലീഡർ സമർപ്പിച്ച കൗണ്ടർ അഫിഡവിറ്റിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) ഈ കേസ്സിൽ മലപ്പുറം ജില്ലാ ജോയിന്റ് രജിസ്ട്രാറുടെ നടപടിക്രമങ്ങൾക്ക് സ്റ്റേ അനുവദിച്ച ഹൈക്കോടതിയുത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) പ്രസ്തുത കേസ്സിലെ സ്റ്റേ ഒഴിവാക്കിക്കിട്ടുന്നതിനായി സഹകരണവകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; സ്റ്റേ സമയബന്ധിതമായി ഒഴിവാക്കുന്നതിൽ സഹകരണവകുപ്പിന് കാലതാമസം നേരിട്ടിട്ടുണ്ടെങ്കിൽ കാരണം വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത കേസ്സിൽ ജോയിന്റ് രജിസ്ട്രാർക്കും കേരളസർക്കാരിനും വേണ്ടി വാദിക്കുന്ന അഭിഭാഷകരുടെ പേരും വിലാസവും ഫോൺ നമ്പറുമടക്കമുള്ള വിശദാംശം ലഭ്യമാക്കാമോ?

പട്ടികജാതി/വർഗ്ഗ വികസന സഹകരണ ഫെഡറേഷനിലെ ധനദുർവിനിയോഗവും അഴിമതിയും

2533. ശ്രീ.ഐ.സി.ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന പട്ടികജാതി/വർഗ്ഗ വികസന സഹകരണ ഫെഡറേഷനിലെ ധനദുർവിനിയോഗത്തിനെതിരെയും, അഴിമതികൾക്കും, എസ്.സി/എസ്.ടി. ഫണ്ട് വകമാറ്റി ചെലവഴിച്ചതിനെതിരെയും ഫയൽ നം. സി.വി.ഇ. 18/2018 പ്രകാരം ആലപ്പുഴയിൽ പ്രവത്തിക്കുന്ന സഹകരണ വിജിലൻസിനെ കൊണ്ട് അന്വേഷിക്കുന്നതിനു പട്ടികജാതി പട്ടിക വർഗ കമ്മീഷൻ ഉത്തരവ് നൽകിയത് പ്രകാരമുള്ള അന്വേഷണം ആരംഭിച്ചിട്ടുണ്ടോ; ഇപ്പോൾ അന്വേഷണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; അന്വേഷണം തുടങ്ങിയിട്ടില്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(ബി) പേരൂർക്കട ആസ്ഥാനമായി പ്രവർത്തിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ ഫെഡറേഷൻ ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി നേരിടുമ്പോൾ ഇല്ലാത്ത തനത് ഫണ്ടിൽ നിന്നും പുതിയ വാഹനം വാങ്ങുന്നതിന് ഭരണ സമിതി തീരുമാനിച്ചിട്ടുണ്ടോ; ഭരണസമിതിയുടെ ഈ തീരുമാനത്തിനെതിരെ മാനേജിംഗ് ഡയറക്ടർ വിയോജനക്കുറിപ്പ് രേഖപ്പെടുത്തിയ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; മാനേജിംഗ് ഡയറക്ടറുടെ എതിർപ്പ് അവഗണിച്ച് പ്ലാൻ ഫണ്ടിൽ നിന്നും വാഹനം വാങ്ങുന്നത് ചട്ടവിരുദ്ധമല്ലേ; ഇത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എസ്.സി/എസ്.ടി. സഹകരണ ഫെഡറേഷന്റെ 2018-2019 ലെ തനത് ഫണ്ട് എത്രയാണെന്ന് വ്യക്തമാക്കാമോ?

വിനോദ സഞ്ചാരികളുടെ എണ്ണത്തിൽ കുറവ്

2534. ശ്രീ.എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രളയത്തെ തുടർന്ന് വിനോദ സഞ്ചാരികളുടെ എണ്ണത്തിൽ കുറവ് ഉണ്ടായിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

<u>ആലാ പൂമലച്ചാൽ ടൂറിസം പദ്ധതി</u>

2535. ശ്രീ.സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ടൂറിസം മേഖലയുടെ സമഗ്ര പുരോഗതിക്ക് നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) ചെങ്ങന്നൂർ മണ്ഡലത്തിലെ ആലാ പൂമലച്ചാൽ ടൂറിസം പദ്ധതി നിർവ്വഹണത്തിന് സമർപ്പിച്ച പ്രോജക്ടിൽ (CGNR-1585/19) സ്വീകരിച്ചിട്ടുള്ള നടപടിയുടെ പുരോഗതി എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

<u>ഹൗസ് ബോട്ട് ടൂറിസം</u>

2536. ശ്രീ.ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ കായലുകളിൽ സർവ്വീസ് നടത്തുന്ന ഹൗസ് ബോട്ടുകളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിന് സർക്കാർ ചെയ്ത കാര്യങ്ങൾ അറിയിക്കാമോ;

(ബി) ഹൗസ് ബോട്ടുകളുടെ ലൈസൻസ് നൽകുന്ന രീതി, ടാക്സ് നിരക്ക്, ഇൻഷുറൻസ് തുടങ്ങിയ കാര്യങ്ങൾ അറിയിക്കാമോ;

(സി) ഹൗസ് ബോട്ടുകളിൽ ടൂറിസ്റ്റുകൾക്കെതിരെയുണ്ടാകുന്ന അതിക്രമങ്ങൾ തടയുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ അറിയിക്കാമോ?

<u>ടൂറിസം രംഗത്തെ നേട്ടങ്ങളും കോട്ടങ്ങളും</u>

2537. ശ്രീ.പി.സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉത്തരവാദിത്ത ടൂറിസം രംഗത്തെ പ്രധാന നേട്ടങ്ങളും കോട്ടങ്ങളും വ്യക്തമാക്കുമോ;

(ബി) കേരളം, ടൂറിസം രംഗത്ത് പിറകിലാണെന്ന തരത്തിലുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ടൂറിസം രംഗത്ത് നൂതന സംരംഭങ്ങൾ നടപ്പിലാക്കി സംസ്ഥാനത്തെ മികച്ച വിനോദ സഞ്ചാര കേന്ദ്രമാക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കുമോ?

<u>വിനോദ സഞ്ചാരികളുടെ എണ്ണം</u>

2538. ശ്രീ.എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

വിദേശ രാജ്യങ്ങളിൽ നിന്നും കഴിഞ്ഞവർഷം സംസ്ഥാനം സന്ദർശിച്ച വിനോദ സഞ്ചാരികളുടെ എണ്ണം രാജ്യത്തിന്റെ അടിസ്ഥാനത്തിൽ വിശദമാക്കുമോ?

ക്രൂസ് ടൂറിസത്തിന്റെ വികസനം

2539. ശ്രീ.കെ.ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഗോള ക്രൂസ് ടൂറിസം ഭൂപടത്തിൽ കാലൂന്നിയ കേരളം പ്രസ്തുത ടൂറിസം വികസനത്തിനായും അതിലൂടെ തൊഴിലും മികച്ച ഭാവിയും സൃഷ്ടിക്കാനും കൂടുതൽ ടൂറിസ്റ്റുകളെ സംസ്ഥാനത്തെത്തിക്കാനുമായി നടത്തിവരുന്ന സർക്കാർ പ്രവർത്തനങ്ങൾ എന്തെല്ലാം എന്നറിയിക്കാമോ;

(ബി) ക്രൂസ് ടൂറിസത്തിൽ കൊച്ചിയുടെ പ്രകൃതി സൗന്ദര്യം,സംസ്കാരം, പാചകരീതികൾ, കൊച്ചിയിൽ ലഭ്യമാകുന്ന ഹോംസ്റ്റേകൾ എന്നിവയും കൊച്ചിയുടെ സാംസ്കാരികവും ചരിത്രപരവുമായ അറിവുകൾ ടൂറിസ്റ്റുകൾക്ക് പകർന്നു നല്കുവാനുമുള്ള സാധ്യതകളും ഉപയോഗപ്രദമാക്കാനായി വിനോദ സഞ്ചാര വകുപ്പും സർക്കാരും സ്വീകരിച്ചു വരുന്ന പ്രധാന പ്രവർത്തനങ്ങൾ വിശദമാക്കുമോ;

(സി) സംസ്ഥാനത്തെ ഹോംസ്റ്റേകളെ കൊമേഴ്സ്യൽ കാറ്റഗറിയിൽ ഉൾപ്പെടുത്തിയ നടപടി ടൂറിസം മേഖലാ വികസനത്തിന് വലിയ തിരിച്ചടി ആയതിനാൽ അവയെ പ്രസ്തുത കാറ്റഗറിയിൽ നിന്നൊഴിവാക്കി ടൂറിസം വികസനം ജനങ്ങളിലെത്തിക്കാൻ സർക്കാർ നാളിതുവരെ സ്വീകരിച്ച പ്രധാന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

ലൈസൻസില്ലാതെ ഹൗസ് ബോട്ടുകൾ പ്രവർത്തിക്കുന്നത് തടയാനുള്ള നടപടികൾ

2540. ശ്രീ.എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹൗസ് ബോട്ടുകൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് തടയുന്നതിനും ഹൗസ് ബോട്ടുകളുടെ സുരക്ഷ വർദ്ധിപ്പിക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ; വിശദാംശം അറിയിക്കുമോ?

വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിന് നടപടി

2541. ശ്രീ.സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ടൂറിസം മേഖലയിലേക്ക് വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

എക്സ്പീരിയൻസ് എത്തിക് ക്യൂസിൻപദ്ധതിയുടെ സംരംഭകർ

2542. ശ്രീമതി.പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉത്തരവാദിത്ത ടൂറിസം മിഷന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനത്ത് ആവിഷ്കരിച്ച എക്സ്പീരിയൻസ് എത്തിക് ക്യൂസിൻ പദ്ധതിയുടെ സംരംഭകരെ തിരഞ്ഞെടുക്കുന്ന നടപടിക്രമങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടോ;വിശദമാക്കുമോ;

(ബി) സംരംഭകരെ തിരഞ്ഞെടുത്തിട്ടുണ്ടെങ്കിൽ അവരുടെ ജില്ല തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ?

മലബാർ റിവർ ക്രൂയിസ് ടൂറിസം പദ്ധതി

2543. ശ്രീ.റ്റി.വി.രാജേഷ്

,, എം. രാജഗോപാലൻ

,, സി. കെ. ശശീന്ദ്രൻ

,, എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉത്തര മലബാർ മേഖലയിലെ ടൂറിസം സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിനായി മലനാട് മലബാർ റിവർ ക്രൂയിസ് ടൂറിസം പദ്ധതിയ്ക്ക് തുടക്കം കുറിച്ചിട്ടുണ്ടോ എന്നറിയിക്കുമോ;

(ബി) മലബാർ മേഖലയിലെ ഏതെല്ലാം നദികളെ ബന്ധിപ്പിച്ചുകൊണ്ടാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്;

(സി) പ്രസ്തുത പദ്ധതി പ്രകാരം യുവജനങ്ങൾക്കായി എത്രത്തോളം തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(ഡി) വിദേശികൾ ഉൾപ്പെടെയുള്ള വിനോദസഞ്ചാരികളെ ആകർഷിക്കും വിധം വിവിധ നദികളിലെ തുരുത്തുകൾ ടൂറിസം സങ്കേതമാക്കി മാറ്റാൻ പ്രസ്തുത പദ്ധതി പ്രകാരം നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ബുക്ക് കേരള പദ്ധതി

2544. ശ്രീ. എൻ .എ.നെല്ലിക്കുന്ന്

,, ടി.എ.അഹമ്മദ് കബീർ

,, വി.കെ.ഇബ്രാഹിം കുഞ്ഞ്

,, പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ടൂറിസം മേഖലയെ മറ്റു രാജ്യങ്ങളുമായി ബന്ധിപ്പിക്കുന്നതിന് ബുക്ക് കേരള എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഈ പദ്ധതിയുടെ വിശദാംശം അറിയിക്കുമോ?

അനന്തപുരം തടാക ക്ഷേത്രവും ശ്രീപത്മനാഭസ്വാമി ക്ഷേത്രവും ബന്ധപ്പെടുത്തിയുള്ള ടൂറിസം പദ്ധതി

2545. ശ്രീ.എം. സി. കമറുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം നിയോജക മണ്ഡലത്തിലെ കുമ്പള ഗ്രാമപഞ്ചായത്തിലെ നൂറ്റാണ്ടുകളുടെ ചരിത്രമുള്ളതും പ്രകൃതി രമണീയത കൊണ്ടും വാസ്തു ശിൽപകലകളാലും സമ്പന്നമായതും മനോഹരമായ തടാക മധ്യത്ത് സ്ഥിതി ചെയ്യുന്നതുമായ അനന്തപുരം തടാക ക്ഷേത്രവും തിരുവനന്തപുരത്തെ ശ്രീപത്മനാഭസ്വാമി ക്ഷേത്രവുമായുള്ള ചരിത്രപരമായ ബന്ധത്തെ അടിസ്ഥാനപ്പെടുത്തിയുള്ള ടൂറിസം സാധ്യതയെപ്പറ്റി പരിശോധിക്കുമോ;

(ബി) എങ്കിൽ ആയത് പരിശോധിച്ച് പദ്ധതി തയ്യാറാക്കുന്നതിന് നിർദ്ദേശം നൽകുമോ ?

തീർത്ഥാടന ടൂറിസം പദ്ധതി

2546. ശ്രീ.എ. എൻ. ഷംസീർ
ശ്രീമതി.പി. അയിഷാ പോറ്റി
ശ്രീ.ആന്റണി ജോൺ
,, വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര വികസനത്തിന്റെ ഭാഗമായി പ്രധാന തീർത്ഥാടന കേന്ദ്രങ്ങളെ ഉൾപ്പെടുത്തി തീർത്ഥാടന ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) സംസ്ഥാനത്തെ ഏതെല്ലാം തീർത്ഥാടന കേന്ദ്രങ്ങളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്നും ഈ കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യവികസനത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും അറിയിക്കാമോ;

(സി) സ്വദേശി ദർശൻ, പ്രസാദ് എന്നീ കേന്ദ്രാവിഷ്കൃത പദ്ധതികളിൽ ഉൾപ്പെടുത്തി ഏതെല്ലാം തീർത്ഥാടന കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതികളാണ് സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുള്ളതെന്നും അവയിൽ ഏതെല്ലാം പദ്ധതികൾക്കാണ് കേന്ദ്രാനുമതി ലഭിച്ചിട്ടുള്ളതെന്നും വിശദമാക്കാമോ?

വിനോദസഞ്ചാര മേഖലയുടെ വികസനം

2547. ശ്രീ.സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര മേഖലയുടെ വികസനത്തിനായി ആവിഷ്കരിച്ചിട്ടുള്ള നൂതന പദ്ധതികൾ ഏതൊക്കെയാണ്; വിശദമാക്കുമോ;

(ബി) മുസിരിസ് ഹെറിറ്റേജ് പദ്ധതിയുടെ രണ്ടാം ഘട്ടമായി നടപ്പിലാക്കുന്ന കാര്യങ്ങൾ വിശദമാക്കുമോ;

(സി) സംസ്ഥാനത്തെ ടൂറിസം മേഖല അംഗപരിമിതർക്ക് കൂടി പ്രയോജനപ്പെടുന്ന രീതിയിൽ ബാരിയർ ഫ്രീ

പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) തലശേരി പൈതൃകപദ്ധതിയുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഈരാറ്റിൻപുറം ടൂറിസം പദ്ധതി

2548. ശ്രീ.കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈരാറ്റിൻപുറം ടൂറിസം പദ്ധതിയിൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്ത നല്കുന്നതുമായി ബന്ധപ്പെട്ട് ഇറിഗേഷൻ വിഭാഗം നൽകിയ കത്തിന്മേൽ അനുമതി നൽകിയിട്ടുണ്ടോ എന്ന് വ്യകത്മാക്കാമോ;

(ബി) ഏതൊക്കെ പ്രവൃത്തികളിൽ ആണ് ജലസേചനവകുപ്പ് റിവൈസ്ഡ് എസ്റ്റിമേറ്റ് നൽകിയത് എന്ന് വിശദമാക്കാമോ;

(സി) ഈരാറ്റിൻപുറം ടൂറിസം പദ്ധതി 2020 മേയ് മാസത്തിൽ പൂർത്തീകരിക്കാൻ കഴിയുമോ എന്ന് വ്യക്തമാക്കാമോ?

വാടാനപ്പള്ളി ബീച്ച് ടൂറിസം പദ്ധതി

2549. ശ്രീ.മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ വാടാനപ്പള്ളി ബീച്ച് ടൂറിസം പദ്ധതിയ്ക്കായി തൃശ്ശൂർ ഡി. റ്റി. പി.സി. 16.04.2018ലെ റ്റി.എസ്.ആർ. 584/2017 പ്രകാരം ടൂറിസം ഡയറക്ടർക്ക് സമർപ്പിച്ച എസ്റ്റിമേറ്റിന്റെ വിശദാംശങ്ങൾ എന്തെല്ലാം;

(ബി) പ്രസ്തുത പദ്ധതിയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ എന്ന് അറിയിക്കാമോ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനായി ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

തേക്കടി ആനവച്ചാൽ ഫെസിലിറ്റേഷൻ സെന്റർ

2550. ശ്രീമതി ഇ.എസ്.ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തേക്കടി ആനവച്ചാൽ ഫെസിലിറ്റേഷൻ സെന്റർ ആരംഭിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ഫെസിലിറ്റേഷൻ സെന്റർ ആരംഭിക്കുന്ന നടപടികൾക്കായ് ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥർ ആരെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഫെസിലിറ്റേഷൻ സെന്റർ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് വനം വകുപ്പിൽ നിന്നും ലഭിച്ചിട്ടുള്ള ഔദ്യോഗികമായ അറിയിപ്പുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

### കോതമംഗലം മണ്ഡലത്തിലെ ഇക്കോ ടൂറിസം പദ്ധതികൾ

2551. ശ്രീ.ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ ഇടമലയാർ, ഉണ്ടം, കുട്ടമ്പുഴ പ്രദേശങ്ങളിൽ ഇക്കോ ടൂറിസം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് പ്രാഥമിക പരിശോധന ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രദേശങ്ങളിൽ ഇക്കോ ടൂറിസം ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രദേശങ്ങളിൽ ഇക്കോ ടൂറിസം നടപ്പിലാക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

### കവ്വായി കായൽ ടൂറിസം പദ്ധതി

2552. ശ്രീ.എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

കവ്വായി കായൽ ടൂറിസം പദ്ധതിയിൽ ടൂറിസ്റ്റുകളുടെ സൗകര്യങ്ങൾക്കായി എന്തൊക്കെ പശ്ചാത്തല സൗകര്യങ്ങളാണ് നടപ്പിൽ വരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

### കുമരകത്തെ സവിശേഷ ടൂറിസം കേന്ദ്രമാക്കി മാറ്റുന്നതിന് പദ്ധതി

2553. ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുമരകത്തെ രാജ്യത്തെ സവിശേഷ ടൂറിസം കേന്ദ്രമാക്കി മാറ്റുവാൻ കേന്ദ്ര ടൂറിസം വകുപ്പ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുമ്പോൾ കുമരകത്ത് എന്തൊക്കെ കാര്യങ്ങളാണ് നടപ്പിലാക്കുകയെന്ന് വ്യക്തമാക്കുമോ?

### കോവളം ടൂറിസം മേഖലയിലെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങളുടെ അഭാവം

2554. ശ്രീ.എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങളുടെ അഭാവം കോവളത്തെ ടൂറിസം വികസനത്തിന് തിരിച്ചടി ആയിട്ടുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ടൂറിസം വികസനത്തിനായി ലക്ഷങ്ങൾ ചെലവാക്കിയതായി പ്രഖ്യാപിക്കുമ്പോഴും പല പദ്ധതികളും എങ്ങുമെത്താത്ത സ്ഥിതി പരിശോധിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(സി) കോവളത്തിന്റെ സമഗ്ര വികസനത്തിനായി വ്യക്തമായ മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോയെന്ന്

വെളിപ്പെടുത്തുമോ;

(ഡി) സമുദ്ര ബീച്ചിൽ ഏതാനും വർഷങ്ങൾക്ക് മുമ്പ് അരക്കോടി രൂപ ചെലവിൽ നിർമ്മിച്ച ഉദ്യാന പാർക്ക് പൊളിച്ച് പണിയുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ കാരണമെന്താണെന്ന് വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത നിർമ്മാണ പ്രവർത്തനം നിലവിൽ ഏത് ഏജൻസിയെ ആണ് ഏല്പിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

<u>ടൂറിസം കോറിഡോർ പദ്ധതി</u>

2555. ശ്രീ.എസ്.ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിനിലെ ചെറായി ബീച്ചിനെ മാതൃ ബീച്ചായി വികസിപ്പിച്ചുകൊണ്ട് മുനമ്പം,കുഴപ്പിള്ളി, എടവനക്കാട്, നായരമ്പലം, എളങ്കുന്നപ്പുഴ എന്നീ ബീച്ചുകളെ കോർത്തിണക്കുന്ന ടൂറിസം കോറിഡോർ പദ്ധതി ദീർഘനാളായി തടസ്സപ്പെട്ടു കിടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത നിർമ്മാണ പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കുമോ?

<u>കൊല്ലം തങ്കശ്ശേരിയെ സ്പൈസ് റൂട്ട് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി</u>

2556. ശ്രീ.എം. മുകേഷ് : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

കൊല്ലം തങ്കശ്ശേരിയെ സ്പൈസ് റൂട്ട് പദ്ധതിയിൽ ഉൾപ്പെടുത്തി ടൂറിസം വികസനം നടപ്പാക്കുമെന്നുള്ള 2018-19-ലെ ബജറ്റ് പ്രഖ്യാപനത്തിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വിശദാംശം ലഭ്യമാക്കുമോ?

<u>ആയംകടവ് പാലം ടൂറിസം പ്രോജക്ട്</u>

2557. ശ്രീ.കെ.കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ഏറ്റവും ഉയരം കൂടിയതും ടൂറിസം സാധ്യതയുള്ളതുമായ ആയംകടവ് പാലം പരിസരം ടൂറിസ്റ്റ് കേന്ദ്രമാക്കാൻ ഡി.റ്റി.പി.സി. പ്രോജക്ട് സമർപ്പിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) പ്രസ്തുത പ്രോജക്ടിന് ടൂറിസം വകുപ്പ് അനുമതി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ;

(സി) ഡി.റ്റി.പി.സി. യുടെ വരുമാനം വർദ്ധിപ്പിക്കാൻ സാധ്യത ഒരുക്കുന്ന ഈ പദ്ധതിക്ക് എന്ന് അനുമതി നൽകുമെന്ന് വിശദമാക്കാമോ?

<u>ആനക്കയം അഗ്രോ ടൂറിസം പാർക്ക് രണ്ടാം ഘട്ട വികസന പദ്ധതി</u>

2558. ശ്രീ.പി.ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ ആനക്കയം അഗ്രോ ടൂറിസം പാർക്ക് രണ്ടാം ഘട്ട വികസന പദ്ധതികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വെളിപ്പെടുത്താമോ;

(ബി) ഏതെല്ലാം വികസന പ്രവൃത്തികളാണ് രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്നും ഇതിനായി എന്ത് തുക നീക്കിവെച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(സി) കാർഷിക രീതികൾ മനസ്സിലാക്കുവാനും ഉല്ലാസത്തിനുമായി പാർക്കിലെത്തുന്ന സന്ദർശകരുടെ എണ്ണത്തിലുള്ള വർദ്ധനവ് കണക്കിലെടുത്ത് രണ്ടാം ഘട്ട നടപടികൾ ത്വരിതപ്പെടുത്തുമോയെന്ന് അറിയിക്കാമോ?

<u>മലബാർ റിവർ ക്രൂയിസ് പദ്ധതി</u>

2559. ശ്രീ.സി.കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

മലബാർ റിവർ ക്രൂയിസ് പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ?

<u>ഭാരതപുഴ കേന്ദ്രീകരിച്ച് ടൂറിസം</u>

2560. ശ്രീ.മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി മണ്ഡലത്തിൽ വിനോദസഞ്ചാര വകുപ്പിന് കീഴിൽ ഫലപ്രദമായൊരു പദ്ധതി പോലും ഇല്ലെന്നുള്ളത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഭാരതപുഴ കേന്ദ്രീകരിച്ചു കൊണ്ട് ഒരു ടൂറിസം പദ്ധതി പട്ടാമ്പി മണ്ഡലത്തിൽ നടപ്പിലാക്കാൻ സാധിക്കുമോ; വ്യക്തമാക്കുമോ?

<u>പരവൂർ-പൊഴിക്കര ടൂറിസം പദ്ധതി</u>

2561. ശ്രീ.ജി.എസ്.ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ പരവൂർ-പൊഴിക്കര ടൂറിസം പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ;

(ബി) പദ്ധതി പൂർത്തീകരണത്തിന് താമസം നേരിടുന്നതിന്റെ കാരണമെന്താണെന്ന് അറിയിക്കാമോ;

(സി) തടസ്സങ്ങൾ ഒഴിവാക്കി പദ്ധതി വേഗത്തിൽ പൂർത്തിയാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നും എങ്കിൽ അവയെന്തെല്ലാമാണെന്നും വിശദമാക്കാമോ?

<u>മണിയാർ ഡാം കേന്ദ്രീകരിച്ചുള്ള ടൂറിസം പദ്ധതി</u>

2562. **ശ്രീ.രാജു എബ്രഹാം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി നിയോജകമണ്ഡലത്തിലെ മണിയാർ ഡാം കേന്ദ്രീകരിച്ച് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന ടൂറിസം പദ്ധതിക്ക് സംസ്ഥാന ടൂറിസം വകുപ്പ് ഇതേവരെ അനുമതി നൽകിയിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഡാം സേഫ്റ്റി അതോറിറ്റിയുടെയും ജലവിഭവ വകുപ്പിന്റെയും അംഗീകാരവും സ്ഥലം ടൂറിസം പദ്ധതിക്ക് ഉപയോഗിക്കുന്നതിനുള്ള അനുമതിയും ലഭിച്ചിട്ടും പൊതുമേഖലാസ്ഥാപനമായ കെൽ തയ്യാറാക്കിയ ഡി.പി.ആർ. അംഗീകരിക്കാത്തതിന്റെ കാരണം വിശദമാക്കാമോ;

(സി) പദ്ധതിക്ക് എന്നത്തേക്ക് അംഗീകാരം നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

<u>കണ്ണൂർ ജില്ലയിലെ ടൂറിസം വികസനത്തിന് പദ്ധതികൾ</u>

2563. **ശ്രീ.കെ.സി.ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ ടൂറിസം വികസനത്തിന് ഇപ്പോൾ നടപ്പിലാക്കുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദീകരിക്കുമോ;

(ബി) പൈതൽമല, പാലക്കയംതട്ട്, ശശിപ്പാറ, കാഞ്ഞിരക്കൊല്ലി തുടങ്ങിയ ടൂറിസം കേന്ദ്രങ്ങളുടെ വികസനത്തിന് എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

<u>കോതമംഗലം മണ്ഡലത്തിലെ ടൂറിസം പദ്ധതികൾ</u>

2564. **ശ്രീ.ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വദേശികളും വിദേശികളുമായ ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിനുവേണ്ടി കോതമംഗലം മണ്ഡലത്തിലെ ഭൂതത്താൻകെട്ട്, തട്ടേക്കാട് പക്ഷി സങ്കേതം, ഇടമലയാർ ഡാം പ്രദേശം, പൂയംകുട്ടി അടക്കമുള്ള സ്ഥലങ്ങളിൽ ടൂറിസം വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ള പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ എന്തെങ്കിലും ടൂറിസം പദ്ധതികൾ നടന്നുവരുന്നുണ്ടോ; ഉണ്ടെങ്കിൽ നിലവിലെ അവസ്ഥ വിശദമാക്കാമോ;

(സി) മേൽപ്പറഞ്ഞ വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ പുതിയ ടൂറിസം പദ്ധതികൾ പരിഗണനയിൽ ഉണ്ടോ; വിശദമാക്കാമോ?

<u>ആനക്കുട്- അടവി-ഗവി ടൂറിസം സങ്കേതങ്ങളിൽ അടിസ്ഥാന സൗകര്യ വികസനം</u>

2565. **ശ്രീ.കെ.യു. ജനീഷ് കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആനക്കുട്- അടവി-ഗവി ടൂറിസം സങ്കേതങ്ങളിൽ സഞ്ചാരികൾക്ക് എത്തിച്ചേരുന്നതിനായിട്ടുള്ള സൗകര്യങ്ങളുടെ അപര്യാപ്തത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സഞ്ചാരികൾക്ക് ഗവിയിൽ എത്തിച്ചേരുന്നതിന് പ്രത്യേക സൗകര്യം ഒരുക്കാൻ നടപടി സ്വീകരിക്കാമോ; വിശദമാക്കാമോ;

(സി) ഗവിയിൽ കെ.റ്റി.ഡി.സി. യുടെ ഒരു വിശ്രമ സങ്കേതം തുടങ്ങുവാൻ നടപടി സ്വീകരിക്കാമോ;

(ഡി) പൊന്മുടിയിൽ ആരംഭിച്ച മാതൃകയിൽ ഗവിയിൽ കോട്ടേജുകൾ നിർമ്മിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## പട്ടാമ്പി പൈതൃക പ്രൊജക്റ്റ്

2566. **ശ്രീ.മുഹമ്മദ് മുഹസിൻ പി. :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി മണ്ഡലത്തിൽ വിനോദസഞ്ചാര വകുപ്പിനു കീഴിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) വിനോദ സഞ്ചാര വകുപ്പിനു കീഴിൽ ഏറ്റവും കുറഞ്ഞ പ്രവൃത്തികൾ നടപ്പിലാക്കി വരുന്ന പട്ടാമ്പി മണ്ഡലത്തിലെ അതിപുരാതന ക്ഷേത്രങ്ങളായ പട്ടാമ്പി പടിഞ്ഞാറേ മഠം, ഞാങ്ങാട്ടിരി ഭഗവതി ക്ഷേത്രം, തിരുമിറ്റക്കോട് വിഷ്ണു ക്ഷേത്രം എന്നിവ ഉൾപ്പെടുത്തി, ഭാരതപ്പുഴ കേന്ദ്രീകരിച്ചുകൊണ്ട് പട്ടാമ്പി പൈതൃക പ്രൊജക്റ്റ് എന്ന ഒരു പദ്ധതി നടപ്പിലാക്കാൻ കഴിയുമോ എന്ന് വിശദമാക്കാമോ?

## കാസർഗോഡ് പെരിയയിലെ എയർസ്ട്രിപ്പ് നിർമ്മാണം

2567. **ശ്രീ.കെ.കുഞ്ഞിരാമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ പെരിയയിൽ എയർസ്ട്രിപ്പ് നിർമ്മിക്കുന്ന വിഷയം സർക്കാറിന്റെ പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ഇതു സംബന്ധിച്ച് എന്തെങ്കിലും തുടർ നടപടി സ്വീകരിച്ചിട്ടുണ്ടോ; ആയതിന് ബന്ധപ്പെട്ടവരിൽ നിന്നും അനുമതി ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

## മൂന്നാറിലെ ടൂറിസ്റ്റ് ട്രെയിൻ പദ്ധതി

2568. **ശ്രീ.എസ്.രാജേന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം നിയോജക മണ്ഡലത്തിലെ മൂന്നാറിൽ ടൂറിസ്റ്റ് ട്രെയിൻ പദ്ധതി നടപ്പിലാക്കുന്നതിനായി സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനുള്ള ഘട്ടങ്ങൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ?

ഫോർട്ട് വൈപ്പിന്റെ വികസന പ്രവർത്തനങ്ങൾ

2569. **ശ്രീ.ജോൺ ഫെർണാണ്ടസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫോർട്ട് വൈപ്പിന്റെ ഒന്നാംഘട്ട സൗന്ദര്യവൽക്കരണത്തിനായി അനുവദിച്ച 1.65 കോടി രൂപ ചെലവഴിച്ചതിനാലും, ഫോർട്ട് വൈപ്പിന്റെ ചരിത്ര പ്രാധാന്യവും കണക്കിലെടുത്ത് ഈ പ്രദേശത്തിന്റെ രണ്ടാംഘട്ട വികസനത്തിന് തുക അനുവദിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് അറിയിക്കാമോ;

(ബി) ഉണ്ടെങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വ്യക്തമാക്കാമോ?

ഷൊർണ്ണൂർ മണ്ഡലത്തിലെ ടൂറിസം വികസന പ്രവർത്തനങ്ങൾ

2570. **ശ്രീ.പി.കെ. ശശി :** താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഷൊർണ്ണൂർ മണ്ഡലത്തിൽ ടൂറിസം വകുപ്പ് മുഖാന്തരം നടത്തിയ വികസന പ്രവർത്തനങ്ങളും,ഓരോ പ്രവൃത്തികൾക്ക് അനുവദിച്ച തുകയും, പ്രവർത്തികളുടെ നിലവിലെ അവസ്ഥയും സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

മലങ്കരയിൽ റിസർവോയർ ബെയിസിഡ് ടൂറിസം

2571. **ശ്രീ.പി.ജെ.ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ മലങ്കരയിൽ റിസർവോയർ ബെയിസിഡ് ടൂറിസം ഡെസ്റ്റിനേഷൻ പദ്ധതിയായ ടൂറിസം ഹബ്ബ് @ മലങ്കരയുടെ ഡി.പി.ആർ തയ്യാറാക്കുന്നതിന് ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ പുരോഗതി വ്യക്തമാക്കാമോ?

പെരുന്തേനരുവി ടൂറിസം പദ്ധതി

2572. **ശ്രീ.രാജു എബ്രഹാം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ലെ മഹാപ്രളയത്തെത്തുടർന്ന് പെരുന്തേനരുവി ടൂറിസം പദ്ധതിയിൽ എന്തൊക്കെ നാശനഷ്ടങ്ങളാണ് ഉണ്ടായത്; എത്ര രൂപയുടെ നഷ്ടമാണ് കണക്കാക്കിയിട്ടുള്ളത്; വ്യക്തമാക്കാമോ;

(ബി) ഇവയുടെ പുനർനിർമ്മാണത്തിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; എന്നത്തേക്ക് ഇവ പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയുടെ മൂന്നാംഘട്ട നിർമ്മാണം എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയും; ഇനിയും എന്തൊക്കെ നിർമ്മാണങ്ങളാണ് പൂർത്തിയാവാനുള്ളത്; വിശദമാക്കുമോ?

ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടുകളുടെ സ്ഥാപിത ലക്ഷ്യങ്ങളും പ്രവർത്തനവും

2573. ശ്രീ.ചിറ്റയം ഗോപകുമാർ
ശ്രീമതി ഇ.എസ്.ബിജിമോൾ
ശ്രീ.കെ. രാജൻ
ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടുകളുടെ സ്ഥാപിത ലക്ഷ്യങ്ങളും പ്രവർത്തനവും സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടുകളിൽ പഠിച്ചിറങ്ങുന്ന വിദ്യാർത്ഥികൾക്ക് തൊഴിൽ ലഭ്യത ആവശ്യാനുസരണമുണ്ടോ; വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്തെ ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടുകൾ സ്വന്തം കെട്ടിടങ്ങളിലാണോ പ്രവർത്തിക്കുന്നത്; അല്ലാതെയുള്ള ഇൻസ്റ്റിറ്റ്യൂട്ടുകൾക്ക് ആവശ്യമായ കെട്ടിടസൗകര്യം ഒരുക്കുമോ;

(ഡി) ഈ സർക്കാർ അധികാരത്തിലെത്തിയശേഷം സംസ്ഥാനത്ത് പുതിയ ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടുകൾ ആരംഭിച്ചിട്ടുണ്ടോ;

(ഇ) ഏതൊക്കെ ജില്ലകളിലാണ് പുതിയ ഫുഡ്ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടുകൾ ആരംഭിച്ചതെന്ന് അറിയിക്കുമോ?

നെല്ലിയാമ്പതി ടൂറിസം വികസനം

2574. ശ്രീ.കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ലിയാമ്പതിയിലെ ടൂറിസം സാധ്യതകൾ സംബന്ധിച്ച് സർക്കാർ പഠനം നടത്തിയിട്ടുണ്ടോ ;

(ബി) നെല്ലിയാമ്പതിയിലെ ടൂറിസം വികസനവുമായി ബന്ധപ്പെട്ട് പുതിയ പദ്ധതികൾ തുടങ്ങാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിന് നടപടി

2575. ശ്രീ.അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര വിനോദ സഞ്ചാര മന്ത്രാലയത്തിന്റെ കണക്ക് പ്രകാരം ഇന്ത്യയിലെത്തുന്ന വിദേശ വിനോദസഞ്ചാരികളിൽ കേരളത്തിന്റെ സ്ഥാനം എത്രയാണെന്ന് അറിയിക്കുമോ;

(ബി) ആഭ്യന്തര വിനോദസഞ്ചാരികളെത്തുന്നതിൽ കേരളത്തിന്റെ സ്ഥാനമെത്രയാണ്;

(സി) ഈ സ്ഥാനങ്ങൾ ഉയർത്തുന്നതിനും കൂടുതൽ വിദേശ, ആഭ്യന്തര വിനോദസഞ്ചാരികളെ സംസ്ഥാനത്തേക്ക് ആകർഷിക്കുന്നതിനും സർക്കാർ നടപടികൾ സ്വീകരിക്കുമോ എന്ന് അറിയിക്കുമോ?

## എക്സ്പീരിയൻസ് എത്ത്നിക് ക്യൂസിൻ പദ്ധതി

2576. ശ്രീമതി ഇ.എസ്.ബിജിമോൾ
ശ്രീ.ജി.എസ്.ജയലാൽ
,, വി.ആർ. സുനിൽ കുമാർ
,, മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പരമ്പരാഗത വിഭവങ്ങളുടെ രുചി വിദേശസഞ്ചാരികളടക്കമുള്ളവർക്ക് പരിചയപ്പെടുത്തുന്നതിനായി "എക്സ്പീരിയൻസ് എത്ത്നിക് ക്യൂസിൻ " എന്ന പേരിൽ പദ്ധതി നടപ്പാക്കുന്നുണ്ടോ;

(ബി) വീട്ടമ്മമാരുടെ കൈപ്പുണ്യം കൊണ്ടുണ്ടാക്കുന്ന സ്വാദേറിയ നാടൻ വിഭവങ്ങൾ വിനോദസഞ്ചാരികൾക്ക് ലഭ്യമാക്കുന്നതിന് ഈ പദ്ധതി മുഖേന കഴിയുമോ; വ്യക്തമാക്കുമോ;

(സി) നാടൻ സഞ്ചാരികൾക്ക് ഏതുപ്രദേശത്ത് യാത്ര പോകുമ്പോഴും ആ പ്രദേശത്തെ രുചികരമായ നാടൻ ഭക്ഷണം ലഭ്യമാകുന്നതിനുള്ള സൗകര്യം ഒരുക്കുമോ; വ്യക്തമാക്കുമോ;

(ഡി) പദ്ധതിയിൽ രജിസ്റ്റർ ചെയ്യുന്നത് സംബന്ധിച്ചും പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ചുമുള്ള വിവരങ്ങൾ വിശദമാക്കുമോ?

## ക്ഷേത്രോപദേശകസമിതികളുടെ തെരഞ്ഞെടുപ്പും പ്രവർത്തനവും

2577. ശ്രീ.ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡ് ക്ഷേത്രങ്ങളോടനുബന്ധിച്ച് നിയമാനുസൃതമായി രൂപീകരിക്കുന്ന അഡ്ഹോക്ക് കമ്മിറ്റികളെയും ഉപദേശകസമിതികളെയും തെരഞ്ഞെടുക്കുന്നത് എങ്ങനെയെന്ന് വിശദീകരിക്കുമോ;

(ബി) വലിയ തുകകൾ പൊതുജനങ്ങളിൽ നിന്നും പിരിച്ചെടുക്കുകയും വിനിയോഗിക്കുകയും ചെയ്യുന്ന പ്രസ്തുത കമ്മിറ്റികളുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിനും വരവ് ചെലവ് കണക്കുകൾ ആഡിറ്റിന് വിധേയമാക്കുന്നതിനും നിലവിൽ സംവിധാനമുണ്ടോ; വിശദീകരിക്കുമോ;

(സി) തിരുവിതാംകൂർ ദേവസ്വം ബോർഡിനു കീഴിലുള്ള എല്ലാ ക്ഷേത്രങ്ങളോടുമനുബന്ധിച്ചുള്ള ക്ഷേത്രോപദേശകസമിതികളുടെ തെരഞ്ഞെടുപ്പും പ്രവർത്തനങ്ങളും ജനാധിപത്യപരമാക്കുന്നതിനും ഈ സംവിധാനങ്ങളിലൂടെ നടക്കുന്ന സാമ്പത്തിക അഴിമതി നിയന്ത്രിക്കുന്നതിനും കുറ്റമറ്റ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(ഡി) ഇത് സംബന്ധിച്ച് പഠനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

## മണ്ഡല - മകരവിളക്ക് കാലത്തെ ശബരിമലയിലെ വരുമാനം

2578. ശ്രീ.എം. സ്വരാജ് : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

ഈ മണ്ഡല - മകരവിളക്ക് കാലത്തെ ശബരിമലയിലെ വരുമാനം എത്രയെന്ന് അറിയിക്കാമോ?

## ശബരിമല മാസ്റ്റർ പ്ലാനിലെ മാറ്റങ്ങൾ

2579. ശ്രീ.വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല തീർത്ഥാടനം ഇത്തവണത്തേതുപോലെ യാതൊരു പ്രശ്നങ്ങൾക്കും ഇടനൽകാതെ വരും വർഷങ്ങളിലും നടക്കുന്നതിന് എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ;

(ബി) 2018-ലെ നൂറ്റാണ്ടിലെ പ്രളയത്തിന്റെ പശ്ചാത്തലത്തിൽ ശബരിമല മാസ്റ്റർ പ്ലാനിൽ എന്തൊക്കെ മാറ്റങ്ങളാണ് വരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

## ശബരിമല സന്നിധാനത്തേയ്ക്ക് റോപ്പ് വേ

2580. ശ്രീ.രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല സന്നിധാനത്തേയ്ക്ക് റോപ്പ് വേ നിർമ്മിക്കുന്നതിനുള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി എന്തെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ലഭ്യമായിട്ടുണ്ടോ; വെളിപ്പെടുത്താമോ;

(സി) പ്രസ്തുത പദ്ധതി എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് വിശദവിവരം നല്കാമോ?

## കോന്നി നിയോജകമണ്ഡലത്തിൽ പിൽഗ്രിം സെന്റർ

2581. ശ്രീ.കെ.യു. ജനീഷ് കുമാർ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

കോന്നി നിയോജകമണ്ഡലത്തിൽ ശബരിമല തിർത്ഥാനടവുമായി ബന്ധപ്പെട്ട് ഒരു പിൽഗ്രിം സെന്റർ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കുമോ?

## ശബരിമലയിൽ നടന്ന അക്രമസംഭവങ്ങളിലിരയായവർക്ക് നഷ്ടപരിഹാരം

2582. ശ്രീ.കെ.എം.ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ മണ്ഡലകാലത്ത് ശബരിമലയിൽ നടന്ന അക്രമസംഭവങ്ങളിലിരയായവർക്ക് എന്തെങ്കിലും നഷ്ടപരിഹാരം നൽകുന്നത് സംബന്ധിച്ച് ഈ സർക്കാർ ഏതെങ്കിലും വിധത്തിലുള്ള പരാമർശമോ പ്രഖ്യാപനമോ നടത്തിയിരുന്നോ ; വിശദമാക്കാമോ;

(ബി) എങ്കിൽ നഷ്ടപരിഹാരം ലഭിക്കാൻ അർഹതപ്പെട്ടവരായി എത്ര പേരെയാണ് സർക്കാർ കണ്ടെത്തിയിട്ടുള്ളത്; ഇവർക്ക് എപ്രകാരമാണ് നഷ്ടപരിഹാരം ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നത്; ഇത് സംബന്ധിച്ചുള്ള നിർദ്ദേശം സർക്കാരിന് ഏതെങ്കിലും കേന്ദ്രങ്ങളിൽ നിന്നും ലഭിച്ചിരുന്നതാണോ അതോ സർക്കാർ ഈ വിഷയത്തിൽ സ്വമേധയാ തീരുമാനമെടുത്തതാണോ എന്ന് വ്യക്തമാക്കുമോ; എന്നാണ് ഇത് സംബന്ധിച്ച് തീരുമാനം എടുത്തത് എന്നറിയിക്കുമോ;

(സി) നഷ്ടപരിഹാരം ലഭ്യമാക്കേണ്ടവരെ തെരഞ്ഞെടുത്തതിന് സ്വീകരിച്ച മാനദണ്ഡം എന്തായിരുന്നു; ഇവരിൽ ആർക്കെങ്കിലും നഷ്ടപരിഹാരം നാളിതുവരെ നൽകിയിട്ടുണ്ടോ; എങ്കിൽ എത്ര പേർക്ക് നഷ്ടപരിഹാരം നൽകിയെന്നും എന്ത് തുക വീതം നല്കിയെന്നും അറിയിക്കുമോ ;

(ഡി) നഷ്ടപരിഹാരം നൽകുന്നതിനുള്ള തുക എവിടെ നിന്നാണ് കണ്ടെത്തിയത് ; വിശദവിവരം ലഭ്യമാക്കാമോ?

ശബരിമലയിൽ അടിസ്ഥാന സൗകര്യം ഒരുക്കുന്നതിനുള്ള പദ്ധതികൾ

2583. ശ്രീ.വി.ഡി.സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയിൽ അടിസ്ഥാന സൗകര്യം ഒരുക്കുന്നതിന് എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത് എന്നറിയിക്കാമോ;

(ബി) വനം വകുപ്പിന്റെ ഭാഗത്ത് നിന്നുള്ള നിസ്സഹകരണം അടിസ്ഥാന സൗകര്യമൊരുക്കുന്നതിൽ പ്രതിബന്ധം ഉണ്ടാക്കുന്നുണ്ടോ;

(സി) സന്നിധാനത്തെ ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിന് കുന്നാർ തടയണയുടെ ഉയരം കൂട്ടേണ്ടതുണ്ടോ; അതിനായുള്ള പദ്ധതികൾ ബോർഡ് സമർപ്പിച്ചിട്ടുണ്ടോ; പ്രസ്തുത പദ്ധതിക്ക് നിലവിലുള്ള പ്രതിബന്ധം എന്താണ് എന്ന് വെളിപ്പെടുത്താമോ;

(ഡി) ഹിൽടോപ്പിൽ നിന്നും സന്നിധാനത്ത് എത്താൻ റോപ് വേ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; അതിനായുള്ള സർവ്വേ പൂർത്തിയായിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

ചിറങ്ങരയിൽ ശബരിമല ഇടത്താവളം

2584. ശ്രീ.ബി.ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട ചിറങ്ങരയിൽ ശബരിമല തീർത്ഥാടകർക്കായി ഇടത്താവളം അനുവദിച്ച് വർഷങ്ങൾ പിന്നിട്ടിട്ടും നിർമ്മാണം ആരംഭിക്കാത്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ചിറങ്ങര ശബരിമല ഇടത്താവള നിർമ്മാണത്തിന് അനുമതിയും ഫണ്ടും ഉടൻ ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ദിവസ വേതന നിയമനം

2585. ശ്രീ.കെ.എസ്.ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ദിവസ വേതന അടിസ്ഥാനത്തിൽ എത്ര പേർ ഏതൊക്കെ വിഭാഗങ്ങളിൽ നിലവിൽ ജോലി ചെയ്യുന്നുണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) ദിവസ വേതന അടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കുന്നതിൽ ബോർഡ് എന്തെങ്കിലും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ;

(സി) ദിവസ വേതനം നൽകുന്നതിന് 2019ൽ എത്ര ലക്ഷം രൂപയാണ് ബോർഡിന് ആവശ്യമായി വന്നതെന്ന് അറിയിക്കാമോ?

ദേവസ്വം ബോർഡിന് കീഴിലെ താല്ക്കാലിക നിയമനങ്ങൾ

2586. ശ്രീ.വി.പി.സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) താല്ക്കാലിക നിയമനങ്ങൾ നടത്തുവാൻ പാടില്ലായെന്ന നിർദ്ദേശം ലംഘിച്ച് തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസ്, ശബരിമല മാസ്റ്റർ പ്ലാൻ ഓഫീസ് എന്നിവിടങ്ങളിൽ താല്ക്കാലിക നിയമനങ്ങൾ നടത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതൊക്കെ തസ്തികകളിലാണ് താല്ക്കാലിക നിയമനങ്ങൾ നടത്തിയതെന്നും, എത്ര പേരെ ഓരോ വിഭാഗത്തിലും നിയമിച്ചുവെന്നും വ്യക്തമാക്കുമോ;

(സി) ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് താല്ക്കാലിക നിയമനങ്ങൾ സംബന്ധിച്ച് വിശദാംശങ്ങൾ ആരാഞ്ഞിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകിയിട്ടുണ്ടോ?

ദേവസ്വം ബോർഡിൽ മുന്നോക്കത്തിലെ പിന്നാക്കകാർക്ക്സംവരണം

2587. പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവസ്വം ബോർഡ് നിയമനങ്ങളിൽ മുന്നോക്കത്തിലെ പിന്നാക്കകാർക്ക് 10 % സംവരണം നൽകുന്നത് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(ബി) പ്രസ്തുത സംവരണത്തിന് അർഹരായവരെ കണ്ടെത്തുന്നതിനുള്ള മാനദണ്ഡങ്ങൾ അവ്യക്തത നിറഞ്ഞതാണെന്ന കാര്യം പരിശോധിക്കുമോ; നടപടി സ്വീകരിക്കുമോ;

(സി) ഏതെല്ലാം തസ്തികകളിലെ നിയമനങ്ങൾക്കാണ് പ്രസ്തുത സംവരണം നൽകുന്നതെന്ന് വ്യക്തമാക്കുമോ?

തിരുവിതാംകൂർ ദേവസ്വം ബോർഡ് ശാന്തി നിയമനം

2588. ശ്രീ.മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിൽ പാർട്ട് ടൈം ശാന്തിക്കാരുടെ നിയമനം സംബന്ധിച്ച് ഉണ്ടായിരിക്കുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) പാർട്ട് ടൈം ശാന്തിക്കാരുടെ എത്ര ഒഴിവുകളാണ് ഇപ്പോൾ ടി.ഡി.ബി. യിൽ ഉള്ളത് എന്നറിയിക്കാമോ; പാർട്ട് ടൈമിൽ നിന്നും ഫുൾടൈം ശാന്തിക്കാരുടെ പ്രമോഷൻ നടക്കുന്നില്ല എന്ന പരാതി വാസ്തവമാണോ ;ആണെങ്കിൽ പരാതിക്ക് പരിഹാരം കണ്ടെത്തുമോ ; ഇങ്ങനെയുള്ള പ്രമോഷൻ ഒഴിവുകൾ എത്രയും വേഗം നികത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഇപ്പോൾ നിലവിലുള്ള ഒഴിവുകളിൽ കരാർ ശാന്തിക്കാരെ നിയമിക്കുന്ന സാഹചര്യം ഒഴിവാക്കി നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതിന് ബോർഡിന് നിർദ്ദേശം നൽകുമോ?

<u>മാടായിക്കാവിലെ ക്ഷേത്രകലാ അക്കാദമിക്ക് ഫണ്ട്</u>

2589. **ശ്രീ.റ്റി.വി.രാജേഷ് :** താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ മാടായിക്കാവിൽ പ്രവർത്തിക്കുന്ന ക്ഷേത്രകലാ അക്കാദമിയുടെ സുഗമമായ നടത്തിപ്പിനും ആസ്ഥാന മന്ദിരം നിർമ്മിക്കുന്നതിനും കൂടുതൽ കോഴ്സുകൾ തുടങ്ങുന്നതിനും ആവശ്യമായ ഫണ്ട് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

<u>ഗുരുവായൂർ ക്ഷേത്രത്തിന്റെ സമഗ്ര വികസനത്തിനുള്ള മാസ്റ്റർ പ്ലാൻ</u>

2590. **ശ്രീ.വി.ടി.ബൽറാം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ ക്ഷേത്രത്തിന്റെ സമഗ്ര വികസനത്തിനുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഇതിനായി ശ്രീ.ഇ.ശ്രീധരനെ മുഖ്യഉപദേശകനായി നിയമിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഗുരുവായൂരിൽ എന്തൊക്കെ നിർമ്മാണ പ്രവർത്തനങ്ങളാണ് നിലവിൽ നടക്കുന്നത്; ഇവ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ചെങ്ങന്നൂർ മഹാദേവക്ഷേത്രത്തിന്റെ സമഗ്ര വികസനം</u>

2591. **ശ്രീ.സജി ചെറിയാൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയുടെ ഇടത്താവളവും പ്രശസ്തവും പുരാതനവുമായ ചെങ്ങന്നൂർ മഹാദേവക്ഷേത്രത്തിന്റെ നാശോന്മുഖമായി കൊണ്ടിരിക്കുന്ന കെട്ടിടങ്ങളുടെ നവീകരണം നടത്തേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ക്ഷേത്രത്തിന്റെ സമഗ്ര വികസനത്തിന് ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുള്ള നിർദ്ദേശം ദേവസ്വം ബോർഡിന് നൽകുന്നത് പരിഗണിക്കുമോ; വിശദമാക്കുമോ?

നെയ്യാറ്റിൻകര ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിൽ തീർത്ഥാടന ടൂറിസം

2592. ശ്രീ.കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിൽ തീർത്ഥാടന ടൂറിസവുമായി ബന്ധപ്പെട്ട് നെയ്യാറ്റിൻകര ദേവസ്വം സബ് ഗ്രൂപ്പ് ഓഫീസർ ദേവസ്വം ബോർഡ് മരാമത്ത് എഞ്ചിനീയർക്ക് നൽകിയ കത്തിൻമേൽ എന്തുനടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ; കത്ത് ലഭിച്ചത് ഏതു വർഷമാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കത്തിന്റെ അടിസ്ഥാനത്തിൽ നിർമ്മാണ പ്രവൃത്തികൾ നടത്തുന്നതിന് ടൂറിസം വകുപ്പിന് അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദവിവരം ലഭ്യമാക്കാമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, എസ് വി ഉണ്ണികൃഷ്ണൻ നായർ,

തിരുവനന്തപുരം, സെക്രട്ടറി,

04-02-2020

---

പ്രത്യേക ശ്രദ്ധയ്ക്ക്: നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].

"T" ഇന്നത്തേക്ക് മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.